പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 57 ലക്കം 1

ഏപ്രിൽ 2017

ലോക ഭൗമദിനം

ഗ്രീൻ മിൽക്ക്

നിറയണം കൃഷി ജീവിതത്തിൽ

പുതിയ പംക്തികൾ

ഭൂതക്കണ്ണാടി

ഹായ് എന്ത് രുചി

കണ്ണും കാതും

വായിച്ചിരിക്കേണ്ട പുസ്തകം

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത്‌രാജ്

ഏപ്രിൽ 2017

അകത്ത്

ഉണർന്നു നന്മയുടെ ജനസഭകൾ 3

കതിരണിയുന്ന പാടശേഖരങ്ങളിലാണ്
നമ്മുടെ ഭാവിയും നാടിന്റെ നിലനില്പും
അഡ്വ.വി.എസ്. സുനിൽകുമാർ 4

മാറുന്ന കൃഷി സങ്കല്പങ്ങൾ
ഡോ. ആർ. ഹേലി 8

ഹരിതകേരളത്തിലൂടെ കാർഷികവളർച്ചയ്ക്ക്
പുതിയ ചുവടുവയ്പുകൾ
ഡോ. എൻ. രമാകാന്തൻ 11

ഗ്രീൻമിൽക്ക് വിപണിയിലെത്തി 14

ജൈവജീവിതം വിളയും വടക്കഞ്ചേരി
രശ്മി എം.വി. 15

നമ്മൾ ഭൂമിയ്ക്കായി, ഭൂമി നമുക്കായ്
ഡോ. ഡി. പത്മലാൽ 18

അംബേദ്കർ ജീവിച്ചത്, ദർശിച്ചത്
ബേബി തോമസ് 22

ചില വിഷുചിന്തകൾ
ഡോ.ഗിരിജാദേവി.ജി 32

കൊന്നമരം പൂത്തുലഞ്ഞതാണോ..
മുരളീധരൻ തഴക്കര 34

മരുഭൂമി (കവിത)
വിജു കൊന്നമൂട് 36

പംക്തികൾ

വായിച്ചിരിക്കേണ്ട പുസ്തകം	26
വാർത്തകൾ വിശേഷങ്ങൾ	29
ഭൂതക്കണ്ണാടി	30
ഹായ്... എന്തു രുചി	39
എന്ന് വായനക്കാർ	40
കണ്ണും കാതും	40

ഏപ്രിൽ 2017
പുസ്തകം 57 ലക്കം 1
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി. ബാല കിരൺ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി. ബാല കിരൺ ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

പഴയതിൽ നിന്നും പുതിയത്

പാഠങ്ങൾ കൂട്ടിച്ചേർത്ത് 2016-17 അസ്തമിച്ചു. പുതിയ വർഷത്തിന്റെ പുലർവേളയിൽ അനിവാര്യമായും ജാഗ്രതപ്പെടണം നമ്മൾ. കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം പദ്ധതിചെലവ് 67.84 ശതമാനമാണ്. കഴിഞ്ഞ വർഷം സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിന്റെ തിരക്കുകൾക്കിടയിലും നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും രാപകൽ ഭേദമന്യേ കഠിനാദ്ധ്വാനം ചെയ്ത് 100% ചെലവഴിച്ച 7 ഗ്രാമപഞ്ചായത്തുകളേയും 3 ബ്ലോക്ക് പഞ്ചായത്തുകളേയും 1 മുനിസിപ്പാലിറ്റിയേയും അകം നിറഞ്ഞ് അഭിനന്ദിക്കുന്നു.

പതിമൂന്നാം പദ്ധതി മുതൽ ചിത്രം മാറ്റിവരയ്ക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. പദ്ധതി രൂപീകരണ ഗ്രാമസഭകൾ എല്ലായിടത്തും നടന്നു കഴിഞ്ഞു. ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും പദ്ധതി അംഗീകാരം മെയ് 5നകം വാങ്ങിയിരിക്കണം. തുടർന്ന് സാങ്കേതികാനുമതി ആവശ്യമുള്ള പദ്ധതികൾക്ക് അവ നേടുന്നതും ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി, ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതും ജൂൺ 30 നുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കണം. എങ്കിൽ മാത്രമേ ശേഷിക്കുന്ന 9 മാസം പദ്ധതിനിർവ്വഹണത്തിനായി പഞ്ചായത്തുകൾക്ക് ലഭിക്കുകയുള്ളൂ. അതാണ് സർക്കാർ ലക്ഷ്യമിടുന്നതും. ഈ സാമ്പത്തിക വർഷം മുതൽ മാർച്ച് മാസം പദ്ധതിതുകയുടെ 15% മാത്രമേ ചെലവഴിക്കുന്നതിന് അനുവദിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ നീക്കങ്ങൾ വാക്കിൽ മാത്രമല്ല, പ്രയോഗത്തിലും യാഥാർത്ഥ്യമാക്കണം.

സന്തോഷവാർത്ത പറയട്ടെ. തദ്ദേശമിത്രം പദ്ധതിയിൽ 2 മാസം മുമ്പ് വരെ ചെലവ് 4% ആയിരുന്നത് ഇപ്പോൾ 42% ശതമാനമായി ഉയർന്നു. അനുമോദനങ്ങൾ. ജൂൺ 30നകം പദ്ധതികൾ പൂർത്തിയാക്കണമെന്നുള്ളത് മറക്കരുത്. മെയ് മാസം 80% ചെലവ് എത്തിക്കണം. ജൂൺ മാസം 100% വും. ജനങ്ങൾക്ക് വസ്തുനികുതി വീട്ടിലിരുന്നുതന്നെ അടയ്ക്കാവുന്ന ജനപ്രിയ സംവിധാനം മലപ്പുറത്തും ആലപ്പുഴയിലും മാത്രമേ സഫലമായിട്ടുള്ളൂ. മറ്റ് ജില്ലകളും ഇത് കൈവരിക്കുവാൻ തീവ്രശ്രമം നടത്തണം.

ഒരു കാര്യം ഓർക്കണം. 1200 തദ്ദേശസ്ഥാപനങ്ങളുള്ളതിൽ നിന്നാണ് 11 സ്ഥാപനങ്ങൾ 100 ശതമാനം കൈവരിച്ച് ഫിനിഷിംഗ് പോയിന്റ് കടന്നത്. 2017-18 മുന്നിലുണ്ട്. ഭരണസമിതികളുടെ ഉറച്ച നായകത്വത്തിൽ ജീവനക്കാരേയും ജനങ്ങളെയും ഒറ്റ ശക്തിയാക്കിക്കൊണ്ട് സധൈര്യം മുന്നേറിയാൽ 11ൽ നിന്നും അർത്ഥപൂർണ്ണ സ്വപ്നസംഖ്യയായ 1200ലേക്ക് നിഷ്പ്രയാസം ചെന്നെത്താം. മനസ്സുണ്ടെങ്കിൽ മാർഗ്ഗമുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളുമായി വകുപ്പുമുണ്ട്. നമുക്കൊന്നിച്ച് നീങ്ങാം. 2018 ഏപ്രിൽ പുലരുന്നത് 100% സ്ഥാപനങ്ങളും 100% തികച്ചുവെന്ന സദ്‌വാർത്തയോടെയായിരിക്കും.

പി.ബാല കിരൺ ഐ.എ.എസ്

*വിറകിന്റെ കൂമ്പാരം കണ്ട്
തീനാളം പകച്ചു നിൽക്കില്ല
-ജലാലുദ്ദീൻ റൂമി*

ഉണർന്നു നന്മയുടെ ജനസഭകൾ

13-ാം പദ്ധതിയിലെ ആദ്യ ഗ്രാമ-വാർഡ് സഭകൾ കേരളത്തിലെമ്പാടും സജീവവും സക്രിയവുമായി. അടുത്ത 5 വർഷം എന്താകണം നമ്മുടെ വികസനമെന്ന് ഈ ഗ്രാമസഭകളിൽ ബഹുജനം ചർച്ചചെയ്തു. പ്രാദേശിക പദ്ധതികളുടെയും ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, സമ്പൂർണ്ണ പാർപ്പിട പദ്ധതി-ലൈഫ് എന്നീ ദൗത്യങ്ങളുടെയും പ്രയോഗരീതികളും സാക്ഷാത്ക്കാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിൽ ജനങ്ങളൊന്നടങ്കം ഇടപ്പെട്ടു. ഗ്രാമ-വാർഡ് സഭകളുടെ സംസ്ഥാനതല ഉത്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കരകുളം ഗ്രാമപഞ്ചായത്തിലെ കരയാളത്തുകോണം വാർഡിൽവച്ച് നിർവ്വഹിച്ചു. പദ്ധതിപ്രവർത്തനങ്ങളിൽ അവസാനമാസത്തിൽ കൂടുതൽ ചെലവ് നിർവ്വഹിക്കുന്ന നിലവിലെ അശാസ്ത്രീയ രീതിയിൽ ഇത്തവണ മാറ്റം വരുത്തുമെന്ന് അദ്ദേഹം പറഞ്ഞു. അവസാനത്തെ മൂന്ന് മാസത്തിൽ 30 ശതമാനത്തിൽ അധികം തുക ചെലവിടാൻ അനുവദിക്കുകയില്ല. മാർച്ചിൽ ഇത് 15 ശതമാനമാക്കി നിയന്ത്രിക്കും. ത്രൈമാസ അവലോകനം ചെയ്ത് പദ്ധതിപുരോഗതി വിലയിരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

13-ാം പദ്ധതിയിലെ ആദ്യ ഗ്രാമ-വാർഡ് സഭകളുടെ സംസ്ഥാനതല ഉത്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കരകുളം ഗ്രാമപഞ്ചായത്തിലെ കരയാളത്തുകോണം വാർഡിൽ നിർവ്വഹിക്കുന്നു.

കതിരണിയുന്ന പാടശേഖരങ്ങളിലാണ് നമ്മുടെ ഭാവിയും നാടിന്റെ നിലനിൽപ്പും

അഡ്വ. വി.എസ് സുനിൽ കുമാർ
കൃഷി വകുപ്പ് മന്ത്രി

നമ്മൾ മഹത്തായ ഒരു കർമ്മത്തിൽ ഏർപ്പെടുകയാണ്. ആർത്തിയും അവഗണനയും മൂലം ഇല്ലാതാകുന്ന പാടശേഖരങ്ങളിൽ അവശേഷിക്കുന്ന ഇടങ്ങളെയെല്ലാം വീണ്ടും കതിരണിയിക്കുന്നതിനുള്ള ഭഗീരഥപ്രയത്നത്തിന്റെ ഫലശ്രുതിയാണ് ഇപ്പോൾ നാട്ടിലാകെ നടന്നുകൊണ്ടിരിക്കുന്ന കൊയ്ത്തുൽസവങ്ങൾ. ഒരു പുൽക്കൊടിത്തുമ്പുപോലും ഇനി കിളിർക്കില്ലെന്ന് കരുതിയിരുന്ന ആറന്മുളയിൽ ഇപ്പോൾ കൊയ്ത്ത് നടക്കുകയാണ്. ഒരിക്കലും കൃഷി ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞ് ഉപേക്ഷിക്കപ്പെട്ട മെത്രാൻ കായലിൽ കതിരണിഞ്ഞ് നിൽക്കുന്നു. റാണിക്കായലിലെ നെൽകൃഷിയും കൊയ്തെടുത്തു. അസാധ്യമായത് സാധ്യമാക്കിയതിന്റെ ആഹ്ലാദവും ആത്മവിശ്വാസവുമാണ് ഈയവസരത്തിൽ നമുക്കുള്ളത്.

കേരളം ഇതുവരെ നേരിട്ടിട്ടില്ലാത്ത തരത്തിലുള്ള രൂക്ഷമായ ജലക്ഷാമവും വരൾച്ചയുമാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ കാരണങ്ങൾ തേടി ഒരുപാട് ദൂരേക്കൊന്നും പോകേണ്ടതില്ല. കഴിഞ്ഞ വർഷം സംസ്ഥാനത്ത് ലഭിക്കേണ്ട മഴയുടെ 60 ശതമാനത്തോളമാണ് കുറവുണ്ടായത്. മഴയുടെ കുറവ് ഈ വർഷം വരൾച്ചയ്ക്കും രൂക്ഷമായ ജലക്ഷാമത്തിനും കാരണമായി. ഒരു വർഷം മഴ കുറഞ്ഞാലും ഇത്രമാത്രം പ്രതിസന്ധി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാറില്ലായിരുന്നു. പ്രതിവർഷം ശരാശരി 3400 മില്ലിമീറ്റർ മഴ ലഭിക്കുന്ന, 44 നദികൾ ഒഴുകുന്ന നമ്മുടെ കേരളത്തിന് ഒരു വർഷം മഴ

അൽപ്പം കുറഞ്ഞാലും അതിന്റെ ആഘാതം താങ്ങാനുള്ള കരുത്തുണ്ടായിരുന്ന ഒരു കാലത്ത്. ലക്ഷക്കണക്കിന് പൊതു-സ്വകാര്യ കുളങ്ങളും തണ്ണീർത്തടങ്ങളും കായലുകളും കിണറുകളും തോടുകളും നീർച്ചാലുകളുംകൊണ്ട് സമൃദ്ധമായിരുന്ന കേരളം. അതിനേക്കാൾ ഉപരിയായി വിശാലമായ നെൽപ്പാടങ്ങളാൽ സുന്ദരവുമായിരുന്ന നമ്മുടെ നാട്. നെൽവയലുകളിൽ നടന്നിരുന്നത് കൃഷി മാത്രമായിരുന്നില്ല. ജലം സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സ്വാഭാവികവും പ്രകൃതിദത്തവുമായ റിസർവ്വോയറുകളായിരുന്നു നെൽവയലുകൾ. തോടുകളും പുഴകളും നീർച്ചാലുകളും കേവലം ഉപരിതല ജലസ്രോതസ്സുകൾ മാത്രമല്ല. അവ ഭൂഗർഭജലവിതാനത്തിന്റെ റീച്ചാർജ്ജിംഗ് സംവിധാനങ്ങൾ കൂടിയാണ്. എന്നാൽ കാലം പുരോഗമിച്ചതോടെ ജനങ്ങളുടെ ജീവിതനിലവാരത്തിൽ മാറ്റം വരികയും ജലസമൃദ്ധിയിൽ നാം മതിമറക്കുകയും ചെയ്തു. സ്വർണത്തേക്കാളും മറ്റു ഖനിജങ്ങളേക്കാളും വിലമതിപ്പുള്ള ശുദ്ധജലം യാതൊരു തത്വദീക്ഷയുമില്ലാതെ ധൂർത്തടിക്കാൻ തുടങ്ങിയതോടെ പ്രകൃതിയുടെ സ്വാഭാവികതാളത്തിന് ഭംഗം സംഭവിച്ചു. പാടശേഖരങ്ങൾ വ്യാപകമായി നികത്തുകയും തോടുകൾ മൂടിക്കളയുകയും ജലാശയങ്ങൾ മലിനമാക്കുകയും ചെയ്യുന്നതിൽ മലയാളി ഇപ്പോൾ യാതൊരു മടിയും കാണിക്കുന്നില്ല. കിണറുകളും കുളങ്ങളും തോടുകളുമെല്ലാം നമ്മുടെ മാലിന്യങ്ങൾ കൊണ്ടുതള്ളാനുള്ള ഇടങ്ങളായി നാം ധരിച്ചുവച്ചിരിക്കുന്നു.

നെൽകൃഷി ചെയ്യുന്നതും നെല്ല് ഉൽപ്പാദിപ്പിക്കുന്നതും ഒരു മൂന്നാംകിട പരിപാടിയായി കാണുന്ന രീതി ഇന്നുണ്ട്. പുതിയ തലമുറയെ കൃഷിയുടെ മഹത്വം പഠിപ്പിക്കുന്നത് എന്തോ മഹാപരാധമായും അശ്ലീലമായുമാണ് ഇന്ന് കണക്കാക്കപ്പെടുന്നത്. പുതിയ തലമുറ കൃഷിയും കാർഷികാനുബന്ധ പ്രവർത്തനങ്ങളും അറിയാത്തവരായി വളർന്നുവരുന്നു. മണ്ണിന്റെ മണവും അധ്വാനത്തിന്റെ മഹത്വവും പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിൽ നമ്മൾ കുറ്റകരമായ വീഴ്ചവരുത്തുകയാണ് ചെയ്തത്. പാൽ കുടിക്കാൻ പശുവിനെ വളർത്തേണ്ടെന്നും ചോറുണ്ണുന്നതിന് നെല്ല് കൃഷി ചെയ്യേണ്ട കാര്യമില്ലെന്നും കറിയുണ്ടാക്കാൻ പച്ചക്കറി കൃഷി ചെയ്യണമെന്നില്ലെന്നുമുള്ള തലതിരിഞ്ഞ തത്വങ്ങളാണ് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നത്.

ഒരിഞ്ചുപോലും നെൽവയലുകൾ നികത്താൻ അനുവദിക്കില്ല എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. വയലുകളെല്ലാം നികത്തണമെന്നതും കുളങ്ങളും ജലാശയങ്ങളും ഇല്ലാതാക്കി കൂറ്റൻ കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കണമെന്നതും മലയാളിയുടെ അന്തസ്സിന്റെ പ്രശ്നമായിട്ടാണ് ഇന്ന് മാറിയിരിക്കുന്നത്. 1960കളിലാണ് ലോകമെമ്പാടും ഹരിതവിപ്ലവം അലയടിച്ചുയർന്നത്. രൂക്ഷമായ ഭക്ഷ്യക്ഷാമത്തിനുള്ള പരിഹാരം എന്ന നിലയിലാണ് ഹരിതവിപ്ലവം ഉയർന്നുവന്നത്. 1960ൽ കേരളത്തിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 7,78,913 ഹെക്ടർ ആയിരുന്നു. കൃഷി ചെയ്യാതിരിക്കുന്നത് മഹാപരാധമായിട്ടാണ് നമ്മുടെ പൂർവ്വികർ അന്ന് കണ്ടിരുന്നത്. കാലം പുരോഗമിക്കുന്തോറും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരിക

നെൽകൃഷി ചെയ്യുന്നതും നെല്ല് ഉൽപ്പാദിപ്പിക്കുന്നതും ഒരു മൂന്നാംകിട പരിപാടിയായി കാണുന്ന രീതി ഇന്നുണ്ട്. പുതിയ തലമുറയെ കൃഷിയുടെ മഹത്വം പഠിപ്പിക്കുന്നത് എന്തോ മഹാപരാധമായും അശ്ലീലമായുമാണ് ഇന്ന് കണക്കാക്കപ്പെടുന്നത്. പുതിയ തലമുറ കൃഷിയും കാർഷികാനുബന്ധ പ്രവർത്തനങ്ങളും അറിയാത്തവരായി വളർന്നുവരുന്നു

യാണ് ചെയ്യുന്നത്. 2008ൽ കേരള സർക്കാർ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കി. 2007-08 കാലയളവിൽ സംസ്ഥാനത്ത് നെൽകൃഷിയുടെ ആകെ വിസ്തീർണം 2,28,938 ഹെക്ടറായിരുന്നു. 2008-09 വർഷത്തിൽ അത് 2,34,265 ഹെക്ടറായി വർദ്ധിച്ചു. നേരിയ വർദ്ധനയാണെങ്കിലും ആളുകൾക്കിടയിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിന് ഈ നിയമം വലിയ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ 2015-16 ആയപ്പോഴേക്കും കൃഷിഭൂമിയുടെ വിസ്തൃതി കേവലം 1,96,870 ഹെക്ടറായി ചുരുങ്ങുകയാണ് ഉണ്ടായത്. അന്ന് ഭരണത്തിന്റെ തണലിൽ നെൽവയലുകൾ വ്യാപകമായി നികത്തുന്ന പ്രവർത്തനം നിർബാധം നടന്നിരുന്നു. ഒരുപൂ മാത്രം കൃഷി ചെയ്യുന്ന സ്ഥലങ്ങൾ ആവശ്യമെങ്കിൽ സർക്കാരിന് ഏറ്റെടുക്കാമെന്നും അവിടെയൊക്കെ വ്യാവസായിക ആവശ്യങ്ങൾക്കായി നിർമ്മാണപ്രവർത്തനങ്ങൾ നടത്താമെന്നും വരെ തീരുമാനങ്ങളുണ്ടായത് നാം മറക്കാൻ ഇടയില്ല. 2015-16 വർഷത്തെ നെല്ലിന്റെ ആകെ ഉൽപ്പാദനം 5,49,275 ടൺ മാത്രമായിരുന്നു. നമുക്ക് പ്രതിവർഷം 40 ലക്ഷം മെട്രിക് ടൺ അരി ആവശ്യമുള്ളപ്പോഴാണ് തുച്ഛമായ ഉൽപ്പാദനവുമായി നാം മുന്നോട്ടുപോകുന്നത്. ഈ സ്ഥിതിയിൽ നിന്ന് കാര്യമായ ഒരു മാറ്റം ഉണ്ടായേ മതിയാകൂ.

പരിസ്ഥിതിയോടും വരുംതലമുറകളോടും നമ്മോടുതന്നെയും ചെയ്ത മഹാപാതകത്തിന് പ്രായശ്ചിത്തമെന്ന നിലയിലാണ് സംസ്ഥാനത്താകെ നെൽകൃഷിയും കരനെൽകൃഷിയും വ്യാപിപ്പിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 2016-17ലെ ലഭ്യമായ കണക്ക് അനുസരിച്ച് സംസ്ഥാനത്തെ നെൽകൃഷിയുടെ ആകെ വിസ്തീർണം 2,02,525.04 ഹെക്ടറായി വർദ്ധിച്ചു എന്നത് ഏറെ പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. ഈ സർക്കാർ അധികാരമേറ്റശേഷം തീരെ ചെറിയ സമയപരിധിയ്ക്കകം തന്നെ ഏഴായിരത്തിൽ അധികം ഏക്കർ സ്ഥലത്ത് പുതുതായി കൃഷിയിറക്കുന്നതിന് സാധിച്ചുവെന്നത് തീരെ ചെറിയ കാര്യമല്ല. 2752 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പാക്കി. 2900 ഹെക്ടർ കൃഷിയോഗ്യമായ തരിശുനിലങ്ങൾ വീണ്ടും കതിരണിയിക്കുന്ന പ്രവർത്തനങ്ങൾ വലിയ വിജയമായി. ഈ സ്ഥലങ്ങളിൽ പലയിടത്തും ഇപ്പോൾ കൊയ്ത്ത് നടക്കുകയാണ്. അക്കൂട്ടത്തിൽപ്പെടുന്നതാണ് ഇപ്പോൾ കൊയ്ത്തുനടക്കുന്ന ആറന്മുളയും റാണി-മെത്രാൻ കായലുകളും ഉൾപ്പെടുന്ന പ്രദേശങ്ങൾ. ഒരുപൂ മാത്രം കൃഷി ചെയ്തിരുന്ന കർഷകർ ഇരുപ്പൂ കൃഷി ചെയ്യുന്നതിന് തയ്യാറായിവരുന്നുണ്ട്. 9.4 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം ഒരുപൂ ഇരുപ്പൂവായി

കഴിഞ്ഞു. നമുക്ക് ചെയ്യാൻ ഇനിയും ഏറെയുണ്ട്.

"കൃഷി ഭൂമി കൃഷിക്കാരന്" എന്ന മുദ്രാവാക്യം കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി കേരളത്തിൽ ഉയർത്തിക്കൊണ്ടുവന്നതാണ്. ജന്മിത്തത്തിന്റെ കൂമ്പരിയുന്നതിന് സഹായിച്ച ധീരമായ നടപടികളായിരുന്നുവല്ലോ അത്. 'നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന ഈരടികൾ ചുണ്ടുകളിൽ നിന്ന് ചുണ്ടുകളിലേക്ക് പകർന്നുപോന്നതാണ്. "കൃഷി ഭൂമി കൃഷിക്കാരന്" എന്ന മാത്രമല്ല, "കൃഷി ഭൂമി കൃഷിക്ക് മാത്രം" എന്നതു കൂടി ഇന്ന് നമ്മുടെ പുതിയ മുദ്രാവാക്യമായി മാറേണ്ടതുണ്ട്. നാട്ടിൽ അവശേഷിക്കുന്ന നെൽവയലുകൾ കൂടി നികത്താൻ കച്ചകെട്ടി ഇറങ്ങുന്നവരെ ഏതുവിധേനയും ചെറുക്കുന്നതിന് പ്രാദേശികമായി ജനങ്ങൾ രംഗത്തിറങ്ങണം. നെൽവയലുകളും ജലാശയങ്ങളും നശിപ്പിക്കുന്ന പ്രകൃതിവിരുദ്ധ നിലപാടുകൾ ആരുടെ ഭാഗത്തുനിന്നായാലും അത് വകവെച്ചുകൊടുക്കാൻ സംസ്ഥാന സർക്കാരോ കൃഷി വകുപ്പോ തയ്യാറല്ല എന്ന കാര്യം വീണ്ടും വീണ്ടും ഉറക്കെ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു. ഈ ദിശയിലുള്ള ഇടപെടലുകളുടെ ഭാഗമായാണ് ഈ വർഷം സംസ്ഥാന നെൽവർഷമായി പ്രഖ്യാപിച്ചത്. നമ്മുടെ നെല്ല് നമ്മുടെ അന്നം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് നാം മുന്നോട്ടു പോകുമ്പോൾ അതി ന്റെ വിജയത്തിന് എല്ലാവിഭാഗം ജനങ്ങളുടെയും കലവറയില്ലാത്ത പിന്തുണ ആവശ്യമാണ്.

ഇക്കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കപ്പെട്ട നവകേരള മിഷന്റെ പ്രധാനപ്പെട്ട ഒരു ഭാഗം ഹരിതകേരളം മിഷൻ ആണ്. മാലിന്യസംസ്കരണവും ജലാശയങ്ങളുടെയും നെൽവയലുകളുടെയും മണ്ണിന്റെയും പരിസ്ഥിതിയുടെയും സംരക്ഷണവും ഹരിതകേരളം മിഷന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്. നിരവധി പദ്ധതികളാണ് ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്നത്. ഇനിയും പരിസ്ഥിതിയോടും മണ്ണിനോടും ജലത്തോടും നെൽവയലുകളോടുമുള്ള അവഗണന തുടരാനാവില്ല. ജലാശയങ്ങൾ മലിനമാക്കാതെ കാത്തുസൂക്ഷിക്കുന്നതിനും നെൽവയലുകൾ നികത്തപ്പെടാതെയും ജലാശയ ങ്ങൾ ഇല്ലാതാക്കുന്നതിനെതിരെയും പ്രാദേശികമായ ചെറുത്തുനിൽപ്പുകൾ വ്യാപകമായി ഉണ്ടാകേണ്ടത് കാലം ആവശ്യപ്പെടുന്ന പരിസ്ഥിതി പ്രവർത്തനം തന്നെയാണ്. കൃഷിയോഗ്യമായ തരിശുനിലങ്ങൾ മുഴുവനും ജനകീയകൂട്ടായ്മകളിലൂടെ കൃഷിയോഗ്യമാക്കിയും കരനെൽകൃഷി കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിച്ചും ഭക്ഷ്യസ്വയംപര്യാപ്തത എന്ന മഹത്തായ സ്വപ്നം യാഥാർത്ഥ്യമാ ക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രയത്നിക്കാം. ശുദ്ധമായ മണ്ണും നിർമലമായ വെള്ളവും മലിനമാകാത്ത വായുവും സുരക്ഷിത ഭക്ഷണവും വരും തലമുറകൾക്കുകൂടി കാത്തുവെയ്ക്കാം. കൂട്ടായ്മയുടെ പുതിയ താളം ഉയരുമ്പോൾ, വിസ്മൃതിയിൽ ആണ്ടുപോകുമായിരുന്ന നമ്മുടെ പാടശേഖരങ്ങൾ വീണ്ടും കതിരണിയുകയാണ്. കതിരണിഞ്ഞുനിൽക്കുന്ന പാടശേഖരങ്ങൾ നമുക്ക് ഒരു ഉറപ്പ് നൽകുന്നുണ്ട്; പ്രകൃതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ നാം ഒരിക്കലും തോറ്റുപോകില്ല എന്ന ഉറപ്പ്.

''കൃഷി ഭൂമി കൃഷിക്കാരന്'' എന്നുമാത്രമല്ല, ''കൃഷി ഭൂമി കൃഷിക്ക് മാത്രം'' എന്നതു കൂടി ഇന്ന് നമ്മുടെ പുതിയ മുദ്രാവാക്യമായി മാറേണ്ടതുണ്ട്. നെൽവയലുകളും ജലാശയങ്ങളും നശിപ്പിക്കുന്ന പ്രകൃതിവിരുദ്ധ നിലപാടുകൾ ആരുടെ ഭാഗത്തുനിന്നായാലും അത് വകവെച്ചുകൊടുക്കാൻ സംസ്ഥാന സർക്കാരോ കൃഷി വകുപ്പോ തയ്യാറല്ല എന്ന കാര്യം വീണ്ടും വീണ്ടും ഉറക്കെ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു.

മാറുന്ന കൃഷി സങ്കല്പങ്ങൾ

ഡോ. ആർ.ഹേലി

കാലാവസ്ഥാ വ്യതിയാനത്തിന്റേയും സാമ്പത്തിക മാന്ദ്യങ്ങളുടെയും വൈഷമ്യമേറിയ തിക്താനുഭവങ്ങളുടെ മധ്യത്തിലൂടെയാണ് ലോകകാർഷികരംഗം മുന്നേറാൻ ശ്രമിക്കുന്നത്. കൃഷിഭൂമിയുടെമേലുള്ള സമ്മർദ്ദം, ജലം തൊട്ടുള്ള വിവിധ കാർഷിക ഉപാധികളുടെ ലഭ്യതക്കുറവ് തുടങ്ങിയവ കൃഷിയുടെ മുമ്പോട്ടുള്ള പ്രയാണത്തെ കൂടുതൽ ദുഷ്ക്കരമാക്കുന്നു. ലോകജനസംഖ്യ ക്രമാതീതമായി ഉയർന്നുവരുന്നത് ഭക്ഷ്യഭദ്രതയുടെ അടിത്തറ വല്ലാതെ ദുർബലമാക്കിയിരിക്കുന്നത് കൂടുതൽ പ്രശ്നങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ മുന്നേറ്റം ലോകജനതയുടെ ജീവിതശൈലിയെ ആകെ മാറ്റിമറിക്കുകയാണ്. കാർഷികമേഖല ഉത്തരം ലഭിക്കാത്ത നിരവധി പ്രശ്നങ്ങളുടെ കുമ്പാരങ്ങളെ അഭിമുഖീകരിക്കാൻ നിർബന്ധിതമായിരിക്കുകയാണ്.

കൃഷിയുടെ മേഖലകളിലേക്കുള്ള താല്പര്യം ജനസമൂഹത്തിന് ലോകത്ത് എല്ലായിടത്തും ഇടിഞ്ഞുവരുന്നു എന്നത് അതീവഗുരുതരമായ സംഭവവികാസമാണ്. വികസ്വര രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യവസായവത്ക്കരണവും അതിനെത്തുടർന്നുള്ള ജീവിതശൈലി മാറ്റവും പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നില്ല, കാരണം കൃഷിയുടെ സാമൂഹ്യമാന്യതയും സാമ്പത്തികൈശ്വര്യം നൽകുവാനുള്ള കഴിവും മറ്റ് മേഖലകളോട് താരതമ്യപ്പെടുത്തുമ്പോൾ ശുഷ്കവും അനാകർഷകവും അസ്ഥിരത നിറഞ്ഞതുമാണ്. ഇത് 1980 കളിൽ നടത്തപ്പെട്ട ശാസ്ത്രമുന്നേറ്റത്തിന്റെ ഫലമായി ലഭിച്ച ഭക്ഷ്യസ്വയംപര്യാപ്തതയും ഭക്ഷ്യസുരക്ഷയേയും ദുർബലമാക്കിയിരിക്കുന്നു. ഏഷ്യയിൽ ഹരിതവിപ്ലവത്തിലൂടെ മേൽപറഞ്ഞ നേട്ടങ്ങൾ കൊയ്ത ഇൻഡോനേഷ്യ, ഫിലിപ്പൈൻസ്, ബംഗ്ലാദേശ് തുടങ്ങിയ പല രാഷ്ട്രങ്ങളും ഇന്നിപ്പോൾ ധാന്യ ഇറക്കുമതിക്ക് വിധേയരായിരിക്കുന്നു.

ഏറ്റവും ഒടുവിൽ ലഭിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത് ചൈന അരി ഇറക്കുമതി ചെയ്യാൻ ആരംഭിച്ചിരിക്കുന്നതാണ്. ലോകത്തിൽ ഏററവും കൂടുതൽ നെൽ ഉത്പാദിപ്പിക്കുന്ന രാഷ്ട്രമാണ് ചൈന. മാത്രമല്ല ശരാശരി നെല്ലുല്പാദനം ഇന്ത്യയുടെ ഇരട്ടിയോളം ഹെക്ടറിനുവരും. മാത്രവുമല്ല നെൽകൃഷിക്കായി വളരെക്കൂടുതൽ രാസവളം നിർബാധം ഉപയോഗിക്കുന്ന ഒരു രാഷ്ട്രമാണ് ചൈന. ഇന്ത്യയോടുപോലും അരി ഇറക്കുമതിക്ക് ചൈന ചർച്ചകൾ നടത്തിയതായി സാമ്പത്തിക മാ

ദ്ധ്യമങ്ങളിലെ വാർത്തകളിൽ സൂചനയുണ്ടായിരുന്നു. ഏതായാലും ഒരു കാര്യം സുവ്യക്തമാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് അനുസരണമായി ഇന്നത്തെ രീതിയിലുള്ള ധാന്യഉപഭോഗം നിലനിർത്താനാവശ്യമായ രീതിയിൽ ഉത്പാദനം ഉയർത്തിക്കൊണ്ടിരിക്കാൻ പ്രയാസമാണ്. അതിനുള്ള ഭൂമി, ജലം, വളക്കൂട്ടുകൾ, കീടനാശിനികൾ, സുനിശ്ചിതമായ അനുകൂല കാലാവസ്ഥകൾ എന്നിവ ലഭിക്കുക അസാധ്യമാണ്.

ഭൂമിയുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. മനുഷ്യവാസത്തിനും ഗതാഗതത്തിനും കളിസ്ഥലങ്ങൾക്കും വിനോദാവശ്യങ്ങൾക്കും വനസംരക്ഷണത്തിനും ജലസംരക്ഷണത്തിനും കൂടുതൽ ഭൂമി കൂടിയേ തീരൂ. ധാന്യവിളകൾ കീഴടക്കിവച്ചിരിക്കുന്ന ഭൂമി ഏറ്റവും സമ്പുഷ്ടവും മോഹിപ്പിക്കുന്നതുമാണ്. അതുപോലെ പ്രകൃതി നൽകുന്ന ജലസമ്പത്തിന്റെ അതിഭൂരിഭാഗവും ധാന്യകൃഷിക്കായി വിനിയോഗിക്കപ്പെടുന്നു. ഇതിനു രണ്ടിനും പുറമേ ധാന്യകൃഷിക്ക് ആവശ്യമുള്ള രാസവളങ്ങളുടെയും മറ്റു സ്രോതസ്സുകൾ ശുഷ്കിച്ചുതുടങ്ങി. പ്രതീക്ഷിക്കുന്നതിലും വളരെ കൂടുതൽ പ്രത്യാഘാതങ്ങൾ വരുംകാലങ്ങളിൽ സൃഷ്ടിക്കുന്ന ഈ പ്രശ്നങ്ങൾ ശാസ്ത്രലോകത്തിന്റേയും ലോകമെമ്പാടുമുള്ള ഭരണാധികാരികളുടെയും മുമ്പിലെ എറ്റവും വലിയ പ്രശ്നമായി ഉയർന്നിട്ടുണ്ട്, ഇതോടൊപ്പം ആരംഭിച്ചുകഴിഞ്ഞിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ക്രൂരസ്വഭാവം കൂടി ചേരുമ്പോൾ പ്രശ്നത്തിന്റെ വലിപ്പം എല്ലാ കണക്കുകൂട്ടലിന്റേയും അപ്പുറത്താണ്.

ഇതിനുത്തരം കണ്ടെത്താനുള്ള പരിശ്രമങ്ങൾ സമാഹരിച്ചിട്ടുണ്ട്. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും അതോടൊപ്പം ധാന്യകൃഷി കുറയ്ക്കുകയും ചെയ്യുകയെന്നത് മാറ്റിവയ്ക്കാനാകാത്ത ഒരു സംരംഭമായി ഉയരാൻ തുടങ്ങിയിട്ടുണ്ട്. വിശപ്പിനെ കീഴടക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ കഴിയാത്തതിനാൽ താരതമ്യേന കുറഞ്ഞ വിസ്തൃതി ആവശ്യമുള്ള ഭൂമിയിൽ കുറഞ്ഞ അളവിൽ ജലം ആവശ്യമുള്ള പച്ചക്കറികൃഷിയും പഴവർഗ്ഗകൃഷിയും വളരെ വിപുലമാക്കാനാണ് ഒരു പദ്ധതി. അതുപോലെ പാൽ, മാംസം, മുട്ട തുടങ്ങിയവയുടെ ഉല്പാദനവും പൂർവ്വാധികം വർദ്ധിപ്പിക്കണം. ഇവയുടെ സമീകൃതമായ ഉപഭോഗം കൊണ്ട് രൂപപ്പെടുത്തുന്ന ഒരു ഭക്ഷണരീതി പുതിയ ജീവിതശൈലിയുമായി കൂടുതൽ യോജിച്ചുപോകുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതിന്റെ ഫലമായി വളരെയധികം ഭൂമിയും ജലവും ധാന്യകൃഷിയിൽ നിന്നും മോചിപ്പിച്ച് മറ്റാവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ കഴിയുമെന്നാണ് വിശ്വാസം. ഇതിനോടൊപ്പം പല മാറ്റങ്ങളും കൃഷിയുടേയും വിവിധ കാർഷിക ഉപാധികളുടെയും ഉത്പാദനത്തിലും സംഭരണത്തിലും സംസ്കരണത്തിലും വിപണനത്തിലും ഉണ്ടാകേണ്ടിവരും. ഭക്ഷണത്തോടുള്ള സമീപനം തന്നെ വളരെ വേഗം മാറിക്കൊണ്ടിരിക്കുകയാണ്. ആഹാരസാധനങ്ങളുടെ ഗുണനിലവാരം, ആരോഗ്യനിലവാരം തുടങ്ങിയ കാര്യങ്ങളിൽ മാത്രമല്ല, അവ ലഭ്യമാക്കുന്ന ഊർജ്ജം, മറ്റാരോഗ്യഘടകങ്ങൾ എന്നിവ ഇന്നിപ്പോൾ സജീവ ചർച്ചാഘടകങ്ങളാണ്. സ്ത്രീകളും പുരുഷന്മാരും ഒരേപോലെ അദ്ധ്വാനിക്കുന്ന സ്ഥിതിവിശേഷം സാർവ്വത്രികം ആയതോടെ വീടുകളിലെ ആഹാരപാചകരീതികളിലും പൊതുസ്ഥലങ്ങളിൽ നിന്നുള്ള ഭക്ഷണരീതികളും ആകെ മാറിയിരിക്കുന്നു. ധാന്യങ്ങളുടെ ഉപഭോഗം ഭക്ഷണത്തിൽ കുറയ്ക്കാനും പോഷകാംശം കൂടിയ ആഹാരവിഭവങ്ങളോടുമുള്ള പ്രിയവർദ്ധനവും ഇത് യാഥാർത്ഥ്യമാക്കിയിരിക്കുന്നു.

പ്രതീക്ഷിക്കുന്നതിലും വളരെ കൂടുതൽ പ്രത്യാഘാതങ്ങൾ വരുംകാലങ്ങളിൽ സൃഷ്ടിക്കുന്ന ഈ പ്രശ്നങ്ങൾ ശാസ്ത്രലോകത്തിന്റേയും ലോകമെമ്പാടുമുള്ള ഭരണാധികാരികളുടെയും മുമ്പിലെ എറ്റവും വലിയ പ്രശ്നമായി ഉയർന്നിട്ടുണ്ട്, ഇതോടൊപ്പം ആരംഭിച്ചു കഴിഞ്ഞിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ക്രൂരസ്വഭാവം കൂടി ചേരുമ്പോൾ പ്രശ്നത്തിന്റെ വലിപ്പം എല്ലാ കണക്കുകൂട്ടലിന്റേയും അപ്പുറത്താണ്.

പഴം, പച്ചക്കറി, പാലുല്പാദനം, മാംസം, മുട്ട തുടങ്ങിയവയുടെ ഉത്പാദനരംഗം എല്ലാം തന്നെ പരമ്പരാഗതമായ മാർഗ്ഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ വ്യാവസായി

പഴം, പച്ചക്കറി, പാല്, മാംസം, മുട്ട തുടങ്ങിയവയുടെ ഉത്പാദനരംഗം എല്ലാം തന്നെ പരമ്പരാഗതമായ മാർഗ്ഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ വ്യാവസായികാടിസ്ഥാന മുള്ള സംരംഭങ്ങളായും മാറ്റിയെടുക്കേണ്ടി യിരിക്കുന്നു. പുതിയ ആസൂത്രണ ശൈലികളും പ്രവർത്തന സംവിധാനങ്ങളും രൂപമെടുത്തില്ലെങ്കിൽ മേൽസൂചിപ്പിച്ച ആശയ ങ്ങൾ യാഥാർത്ഥ്യ മാവില്ല. കാരണം വളരെയധികം പുരോഗതി ഉത്പാദന മേഖലകളിൽ ഉണ്ടായിട്ടും അവയുടെ സൃഷ്ടാക്കളായ കൃഷിക്കാർ സമൂഹ ത്തിലെ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന വരും ഏറ്റവും കുറഞ്ഞ സാമൂഹ്യമാന്യത ലഭിക്കു ന്നവരുമായി തുടരുക യാണ്. ധാന്യകൃഷി മേഖലയിൽ നിന്ന് കൃഷിക്കാരും കർഷക തൊഴിലാളികളും ഒഴിഞ്ഞുപോകുന്നതിന്റെ മുഖ്യകാരണം ഇതുതന്നെ.

കാടിസ്ഥാനമുള്ള സംരംഭങ്ങളായും മാറ്റിയെടു ക്കേണ്ടിയിരിക്കുന്നു. പുതിയ ആസൂത്രണ ശൈലികളും പ്രവർത്തനസംവിധാനങ്ങളും രൂപമെടുത്തില്ലെങ്കിൽ മേൽസൂചിപ്പിച്ച ആശ യങ്ങൾ യാഥാർത്ഥ്യമാവില്ല. കാരണം വള രെയധികം പുരോഗതി ഉത്പാദനമേഖലക ളിൽ ഉണ്ടായിട്ടും അവയുടെ സൃഷ്ടാക്കളായ കൃഷിക്കാർ സമൂഹത്തിലെ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നവരും ഏറ്റവും കുറഞ്ഞ സാമൂഹ്യമാന്യത ലഭിക്കുന്നവരുമാ യി തുടരുകയാണ്. ധാന്യകൃഷിമേഖലയിൽ നിന്ന് കൃഷിക്കാരും കർഷകതൊഴിലാളിക ളും ഒഴിഞ്ഞുപോകുന്നതിന്റെ മുഖ്യകാരണം ഇതുതന്നെ.

ആഗോളകാർഷികമേഖലയിൽ ചൈന പോലും ഈ ആശയത്തിന് അംഗീകാരം നൽകിക്കൊണ്ടുള്ള യത്നങ്ങൾക്ക് രൂപം നൽകികഴിഞ്ഞിരിക്കുന്നു. ഭാരതത്തിലെ സ്ഥിതിവിശേഷങ്ങൾ വിശകലനം ചെയ്യു മ്പോൾ വെളിവാകുന്ന സത്യം പഠനാർഹമാ ണ്. ഇന്ത്യയുടെ ധാന്യ ഉത്പാദനമേഖല ലോകത്തിലെ രണ്ടാം സ്ഥാനത്തുള്ളതാണെ ങ്കിലും ഉത്പാദനഭദ്രതയിൽ വളരെ മെച്ചപ്പെ ട്ടതാണ്. നമുക്കാവശ്യമുള്ളതിൽ കവിഞ്ഞ അരി അന്താരാഷ്ട്രവിപണിയിൽ എത്തിക്കു ന്നതിൽ നമ്മുടെ സ്ഥാനം രണ്ടാമതാണ്. മാ ത്രുവുമല്ല നമ്മുടെ ഭക്ഷ്യധാന്യ ഉത്പാദനം ഹെക്ടറിന് രണ്ടര ടണ്ണിന്റെ താഴെയാണ്. തന്മൂലം അത് വർദ്ധിപ്പിക്കാൻ നമ്മുടെ നില വിലുള്ള സാങ്കേതികവിദ്യകൾക്ക് ശ്രമിച്ചാൽ കഴിയുന്നതേയുള്ളൂ. എന്നിരുന്നാലും നമുക്ക് ഉത്തരം കണ്ടെത്താൻ കഴിയാത്തവിധം അനാകർഷകമാണ് ധാന്യമേഖലയിലെ കൃ ഷിക്കാരുടെ ജീവിതദുരിതം. കൃഷിക്കാരെ ഭരണാധികാരികൾ എത്ര വാഴ്ത്തിപറഞ്ഞാലും കർഷക ആത്മഹത്യ എന്ന യാഥാർത്ഥ്യം ഈ രംഗത്തെ കർഷകന്റെ കൊടുംദുരിത ത്തെ സുവ്യക്തമാക്കുന്നു. കൃഷിക്കാരന്റെ ഭൂമി യുടെമേലുള്ള അവകാശം, ഉല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയിലെ അസ്ഥിരത, ഉത്പന്ന ങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്ന ങ്ങളാക്കി വ്യവസായികൾ കൊയ്യുന്ന വൻലാ ഭത്തിന്റെ മേലുള്ള 'അവകാശം ഇല്ലായ്മ' ഇവയെല്ലാം ഉത്തരം കിട്ടാത്ത ചോദ്യങ്ങളാ യി കർഷകസമൂഹത്തിന് മുമ്പിൽ ഉയർന്നു നിൽക്കുകയാണ്. സർക്കാർ നൽകുന്ന സബ്സിഡികളും മിനിമം വില നിശ്ചയി ക്കൽപോലും അനാകർഷകവും ഒരു രീതിയിലും കർഷകസഹായികളല്ല. അതേ സമയം അവർക്കുചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ 'കുടുംബസേവനം' അടുത്ത തലമുറ യെ ഒരു കാരണവശാലും കൃഷിയിലേക്കു കട ത്തിവിടാതിരിക്കാനുള്ള പരിശ്രമങ്ങളിലാ ണ്. ഈ പ്രശ്നം കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നതാണ് നമ്മുടെ വലിയ പ്രശ്നം. ശ്രദ്ധേയമായ ഒരു കാര്യമാ യി 1980 കളിൽ ധാന്യലഭ്യത സുഗമം ആയ പ്പോൾ കേരളത്തിൽ ആരംഭിച്ച ഈ സ്ഥിതി വിശേഷം ഇന്നിപ്പോൾ ഇന്ത്യയുടെ ധാന്യകലവറയായ പഞ്ചാബിലേക്കും ഹരി യാനയിലേക്കും ഉത്തർപ്രദേശത്തിലേക്കും ഒറീസയിലേക്കും ഒക്കെ വ്യാപിച്ചിരിക്കുന്നു എന്നതാണ്.

ഇവിടങ്ങളിലെല്ലാം ധാന്യകൃഷിയിൽ നിന്ന് ഗണ്യമായ ഒരു ഭൂവിഭാഗം പഴം, പച്ച ക്കറികൃഷിയിലേക്ക് മാറ്റിയെടുക്കുക എന്നു പറഞ്ഞാൽ അത് ദൂരവ്യാപകമായ സാമൂഹിക മാറ്റങ്ങൾക്ക് വഴിതെളിക്കുന്നതാ യിരിക്കും. അന്തർദേശീയ, ദേശീയതലങ്ങ ളിൽ വിളപരിപാലനത്തിലേയും മൃഗപക്ഷി പരിപാലനത്തിലേയും ഭക്ഷണരീതികളുടെ യും ഇവയോടു ബന്ധപ്പെട്ട് എല്ലാ ഉപമേഖല കളിലും ഒരു വലിയ വ്യതിയാനത്തിന്റെ തുടക്കം ആരംഭിച്ചിരിക്കുന്നുവെന്ന് നാം മന സ്സിലാക്കേണ്ട സമയമാണിത്. മറ്റ് പല ചുമ തലകളുടെയും മദ്ധ്യത്തിൽ ഇത് ഒരു രീതിയിലും അവഗണിക്കാൻ പാടില്ലാ എന്ന് മാത്രം.!!

ലേഖകൻ മുൻകൃഷിവകുപ്പ് ഡയറക്ടറും
കൃഷിശാസ്ത്രജ്ഞനുമാണ്
9947460075

ഡോ.എൻ.രമാകാന്തൻ

ഹരിതകേരളത്തിലൂടെ കാർഷികവളർച്ചയ്ക്ക് പുതിയ ചുവടുവെയ്പുകൾ

കാർഷികമേഖലയുടെ വളർച്ചയിലും ഭക്ഷ്യോല്പാദന വർദ്ധനവ് കൈവരിക്കുന്നതിലും സുപ്രധാനമായ പങ്കാണ് പ്രാദേശിക ഗവൺമെന്റുകൾക്ക് നിർവ്വഹിക്കുവാനുള്ളത്. പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. കാർഷികപുരോഗതി കൈവരിക്കുന്നതിലും തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് സാമ്പത്തികവളർച്ചയും അതിലൂടെ ജീവിത സുരക്ഷയും കൈവരിക്കുന്നതിലും ജനങ്ങളെ സഹായിക്കുക എന്നതാണ് പ്രാദേശിക ഗവൺമെന്റുകളുടെ ഉത്തരവാദിത്തം.. സംസ്ഥാന ഗവൺമെന്റിനു കഴിയാത്തതും എന്നാൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് കഴിയുന്നതുമായ ഒട്ടുവളരെ പ്രവർത്തനങ്ങൾ കാർഷികമേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു എന്നതും ഗൗരവമായി വിലയിരുത്തപ്പെടേണ്ടതുണ്ട്.

ബഹുജനങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം കാർഷികവികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അവലോകനത്തിലും ഉറപ്പാക്കിക്കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ടുപോകാനാവൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യോടെ മാത്രമേ ഇത്തരമൊരു ജനപങ്കാളിത്തം ഉറപ്പാക്കാനും കഴിയുകയുള്ളൂ. തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണകാഴ്ചപ്പാട് വികസിപ്പിച്ചെടുക്കേണ്ടതും ഭരണനിർവ്വഹണപാടവം വളർത്തിയെടുക്കേണ്ടതും ജനകീയപങ്കാളിത്തത്തിലൂന്നിയ കാർഷികവളർച്ചയെ അടിസ്ഥാനമാക്കിയായിരിക്കണം. അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശികാസൂത്രണത്തിന്റേയും ജയപരാജയങ്ങൾ വരുംകാലയളവിൽ വിലയിരുത്തുന്നത് ഭക്ഷ്യോല്പാദനത്തിൽ കൈവരിക്കുന്ന വളർച്ചയുടെയും കാർഷികമേഖലയിലെ ഉൽപാദനവർദ്ധനവിന്റെയും സാധാരണജനങ്ങളുടെ ജീവിതാഭിവൃദ്ധിയുടേയും അതുവഴി കൈവരിക്കാൻ കഴിയുന്ന ജീവിത സുരക്ഷയുടേയും മികവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും എന്നത് അവിതർക്കിതമാണ്. ഇത്തരമൊരു കാഴ്ചപ്പാടോടെയായിരിക്കണം പതിമൂന്നാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത്.

പതിമൂന്നാം പദ്ധതിയും കാർഷികവളർച്ചയും

നവകേരളസൃഷ്ടിക്ക് ജനകീയാസൂത്രണം എന്ന കാഴ്ചപ്പാടോടെ സുവ്യക്തമായ ലക്ഷ്യങ്ങൾ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവയ്ക്കുന്നു. അതിൽ ഏറ്റവും പ്രധാനം കാർഷികമേഖലയുടേയും അനുബന്ധമേഖല

കളായ ക്ഷീരവികസനം, മത്സ്യവികസനം, മൃഗസമ്പത്തിന്റെ വികസനം എന്നിവയുടേ യും ഫലപ്രദമായ ഇടപെടലുകളാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനും ജലസമ്പത്ത് സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകളുടെ പുഷ്ടിപ്പെടുത്തലിനും അതോടൊപ്പംതന്നെ ജീവിതയോഗ്യമായ പരിസരം സൃഷ്ടിക്കുന്ന തിനുള്ള മാലിന്യ നിർമ്മാർജ്ജനപ്രവർത്തന ങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി കൂടുതൽ പ്രാധാന്യ ത്തോടെയുള്ള ഇടപെടലുകൾ നടത്തുന്നതാ ണ്. ഹരിതകേരളം മിഷനിലൂടെയാണ് ഈ പ്രവർത്തനങ്ങളെല്ലാം സംയോജിപ്പിക്കുന്ന തും മികച്ച സാങ്കേതികപിൻബല ത്തോടെയു ള്ള ആസൂത്രണവും നിർവ്വഹണവും ഏറ്റെടു ത്ത് മുന്നോട്ടു പോകുന്നതും.

ജനപങ്കാളിത്ത കേന്ദ്രീകൃത വികസനം

നവകേരളമിഷൻ പ്രവർത്തനങ്ങൾ പ്രാ ദേശികതലത്തിൽ ആസൂത്രണം ചെയ്യുന്നതും നടപ്പാക്കുന്നതും ജനങ്ങളുടെ മുൻകൈയ്യോടെ യായിരിക്കണം. ജനകീയാസൂത്രണപ്രസ്ഥാ നത്തിലൂടെ വളർത്തിയെടുത്തതും എന്നാൽ പിൽക്കാലത്ത് നഷ്ടപ്പെട്ടതുമായ ജനപങ്കാളി ത്തം പതിമൂന്നാം പദ്ധതിയുമായി ബന്ധപ്പെട്ട കാർഷികവികസന ആസൂത്രണത്തിലും നിർ വ്വഹണത്തിലും പൂർണ്ണമായും ഉറപ്പാക്കണം. പ്രാദേശിക സാമ്പത്തികവളർച്ച കൈവരിക്കു ന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കു ന്നതിനും സഹായകമായ പ്രവർത്തനങ്ങൾ ജനങ്ങളുടെ മുൻകൈയ്യോടെ ആസൂത്രണം ചെയ്തെങ്കിൽ മാത്രമേ അവയുടെ നിർവ്വഹ ണത്തിൽ ജനങ്ങളുടെ വൈകാരികമായ ഉടമ സ്ഥതയും ഉത്തരവാദിത്തവും വളർന്നുവരിക യുള്ളൂ. കാർഷികമേഖലയിലെ വളർച്ച അടിസ്ഥാനമാക്കിയിട്ടുള്ളത് കൃഷിഭൂമിയുടെ ഉടമസ്ഥരായ കൃഷിക്കാരെ ആശ്രയിച്ചാണ്. അതുകൊണ്ടുതന്നെ മുഴുവൻ കർഷകരേയും കർഷകതൊഴിലാളികളേയും കൃഷിയിൽ താ ല്പര്യമുള്ള ബഹുജനങ്ങളേയും പങ്കാ ളികളാക്കിമാറ്റിക്കൊണ്ടു ള്ള ആസൂ ത്രണവും നിർവ്വഹണവു മായിരി ക്കണം ഹരിതകേരളം മിഷനിലൂടെ രൂപപ്പെടുത്തേണ്ടത്.

ഉയർന്ന പദ്ധതിനിക്ഷേപം ഉറപ്പാക്കുക

ഹരിതകേരളം മിഷൻ ലക്ഷ്യ ങ്ങൾ കൈവരിക്കുന്നതിനും പതിമൂന്നാം പദ്ധതിയുടെ ഭാഗമായി കൂടുതൽ ഉല്പാദനവും ഉല്പാദനക്ഷമതയും കാർഷികമേഖലയിൽ കൈവരിച്ചുകൊണ്ട് കേരളത്തിന്റെ സാമ്പ ത്തിക വളർച്ചയിൽ വലിയ തോതിൽ സംഭാവന ചെയ്യാൻ കാർഷികമേഖലയ്ക്ക് കഴിയുന്നതിനും ഉയർന്നതോതിലുള്ള പദ്ധതി വകയിരുത്തൽ ഉണ്ടാകണം. ഒപ്പം കാർഷികമേഖലയിൽ തയ്യാറാക്കി അംഗീകാരം വാങ്ങുന്ന പദ്ധതികൾ സമയബ ന്ധിതമായി നടപ്പാക്കുകയും പദ്ധതിലക്ഷ്യ ങ്ങൾ ശരിയാംവണ്ണം കൈവരിക്കുന്നുണ്ടോ എന്ന വിലയിരുത്തൽ നടത്തുകയും ചെയ്യേ ണ്ടതുണ്ട്. തെരഞ്ഞെടുക്കുന്ന പദ്ധതികൾ സംസ്ഥാനത്തിന്റെയും അതത് പ്രദേശങ്ങളുടേയും കാർഷികവികസനത്തി ന് പ്രയോജനകരമാണെന്നും ഹരിതകേരളം മിഷന്റെ വികസന മുൻഗണനകൾ കണക്കി ലെടുത്തുകൊണ്ടുള്ളതാണെന്നും ഉറപ്പാക്കാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണസമിതിയും പ്രത്യേകം ശ്ര ദ്ധിക്കേണ്ടതുണ്ട്. ശരിയായ പദ്ധതികളുടെ തെരഞ്ഞെടുപ്പും മുൻഗണനകളും ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളും അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിവി ഹിതവകയിരുത്തലുമാണ് പ്രാദേശിക പദ്ധ തിയിലൂടെ കാർഷികവികസനം എത്രത്തോ ളം കാര്യക്ഷമമായി കൈവരിക്കാൻ കഴിയുന്ന എന്നുറപ്പാക്കുന്നത്.

പ്രയോജനകരമായ പദ്ധതികൾ തെരഞ്ഞെടുക്കുക

തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധ തികൾ ഹരിതകേരളം മിഷൻ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകരമായതായി രിക്കണം. കാർഷികോല്പാദനവർദ്ധനവിനും ഉല്പാദനക്ഷമത ഉയർത്തുന്നതിനും ഭക്ഷ്യസുര ക്ഷ ഉറപ്പാക്കുന്നതിനും മുഖ്യപരിഗണന നൽകണം. രാസകീടനാശിനി വിമുക്തമായ ജൈവരീതി അവലംബിച്ചുള്ള കൃഷിയിലേ ക്ക് കേരളത്തെ കൊണ്ടുപോകുന്നതിന് പ്ര ത്യേക ശ്രദ്ധ നൽകണം. പച്ചക്കറിയുടേയും പാലിന്റേയും മുട്ടയുടേയും മാംസത്തിന്റേയും കാര്യത്തിലെങ്കിലും സ്വയംപര്യാപ്തത കൈ വരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ കാർഷികമേഖലയിലെ ആസൂത്രണത്തിന്റെ ഭാഗമായി രൂപപ്പെടുത്തി നടപ്പാക്കേണ്ടതു ണ്ട്. ഇതിനകംതന്നെ തുടക്കം കുറിച്ചിട്ടുള്ള 'തരിശുരഹിത ഗ്രാമം' എന്ന പദ്ധതി സം

പ്രാദേശിക സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ ജനങ്ങളുടെ മുൻകൈയ്യോടെ ആസൂത്രണം ചെയ്തെങ്കിൽ മാത്രമേ അവയുടെ നിർവ്വഹണത്തിൽ ജനങ്ങളുടെ വൈകാരികമായ ഉടമസ്ഥതയും ഉത്തരവാദിത്തവും വളർന്നുവരികയുള്ളൂ. കാർഷികമേഖലയിലെ വളർച്ച അടിസ്ഥാനമാക്കിയിട്ടുള്ളത് കൃഷിഭൂമിയുടെ ഉടമസ്ഥരായ കൃഷിക്കാരെ ആശ്രയിച്ചാണ്. അതുകൊണ്ടുതന്നെ മുഴുവൻ കർഷകരേയും കർഷകതൊഴിലാളികളേയും കൃഷിയിൽ താല്പര്യമുള്ള ബഹുജനങ്ങളേയും പങ്കാളികളാക്കിമാറ്റിക്കൊണ്ടു ള്ള ആസൂത്രണവും നിർവ്വഹണവുമായിരിക്കണം ഹരിതകേരളം മിഷനിലൂടെ രൂപപ്പെടുത്തേണ്ടത്.

സ്ഥാനവ്യാപകമായി നടപ്പാക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ ഉണ്ടാവണം.

സംയോജിതവും ഏകോപിതവുമായ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതം

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഓരോന്നും പരസ്പരപൂരകവും സംയോജിതകാഴ്ചപ്പാടോടു കൂടിയതുമായിരിക്കണം. രണ്ട് പതിറ്റാണ്ടിന്റെ അനുഭവങ്ങൾ വിലയിരുത്തുമ്പോൾ ഇക്കാര്യത്തിൽ ഗൗരവമായ പിഴവുകളും പോരായ്മകളും നിലനിൽക്കുന്നതായി ബോദ്ധ്യപ്പെടുന്നുണ്ട്. പഞ്ചായത്ത്‌രാജ് നിയമവ്യവസ്ഥകൾ ഫലപ്രദമായ ആസൂത്രണ ഏകോപനത്തിന് സഹായകവും വ്യക്തവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇക്കാര്യങ്ങൾ കണക്കിലെടുക്കുക തന്നെ വേണം. ഫലക്ഷമതയുള്ള ആസൂത്രണത്തിൽ പാലിക്കേണ്ട മുൻ-പിൻ ബന്ധങ്ങളും സംയോജിത ഇടപെടലുകളും കാർഷിക മേഖലയിൽ നടക്കുന്ന എന്നുറപ്പാക്കുന്നതിൽ ജില്ലാ ആസൂത്രണസമിതികളും പ്രത്യേകം ശ്രദ്ധിക്കുകയും ഇതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ അതത് ജില്ലയുടെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് നൽകുകയും വേണം.

വിഭവാസൂത്രണത്തിൽ പ്രത്യേക ശ്രദ്ധ അത്യന്താപേക്ഷിതം

കാർഷികമേഖലയിൽ ഉയർന്ന വളർച്ച കൈവരിക്കുന്നതിന് കർഷകർക്ക് വലിയതോതിൽ സഹായം ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ഉയർന്ന പൊതുനിക്ഷേപത്തിനനുസൃതമായി മാത്രമേ സ്വകാര്യനിക്ഷേപം കാർഷികമേഖലയിൽ ഉറപ്പാക്കാനാവുകയുള്ളൂ എന്നത് ഇതിനകം ബോധ്യപ്പെട്ടിട്ടുണ്ടല്ലോ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സഹായത്തോടൊപ്പം ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി സഹായവും സംസ്ഥാന കൃഷിവകുപ്പിന്റെ വിവിധ സ്കീമുകളിൽ നിന്നുള്ള സഹായവും പ്രയോജനപ്പെടുത്തണം. അതോടൊപ്പം തന്നെ സഹകരണബാങ്കുകളുടേയും സംഘങ്ങളുടെയും കുടുംബശ്രീ സംവിധാനത്തിന്റേയും വിവിധ കേന്ദ്രപദ്ധതികളിൽ നിന്നുള്ള സഹായങ്ങളും എല്ലാം പൂർണ്ണമായും പ്രയോജനപ്പെടുത്തണം. അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്വയംസഹായസംഘങ്ങൾ എന്നിവയുടെയെല്ലാം ക്രിയാത്മകമായ പങ്കാളിത്തം കാർഷികവികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തണം. സഹകരണ സംഘങ്ങളും ബാങ്കുകളും ഇതിനകം രൂപം നൽകിയിട്ടുള്ള കാർഷിക സ്വാശ്രയ ഗ്രൂപ്പുകൾ, അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ എന്നിവയെ എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷികവികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ഉയർന്ന ഉടമസ്ഥതാബോധത്തിലേക്ക് ഉയർത്തുന്നതിനും വലിയതോതിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഉപസംഹാരം

സംസ്ഥാന സർക്കാരിനോടൊപ്പംതന്നെ കാർഷികവികസനത്തിലും പ്രാദേശിക സാമ്പത്തിക വളർച്ചയിലും തുല്യമായ പങ്കുവഹിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പതിമൂന്നാം പദ്ധതിയുടെ ഭാഗമായി കഴിയണം. സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയവും ഭരണപരവുമായ ഇച്ഛാശക്തിയും സാങ്കേതിക പിൻബലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇതിനകം രൂപം നൽകിയിട്ടുള്ള ഹരിതകേരളം മിഷൻ സംസ്ഥാന-പ്രാദേശിക പദ്ധതിപ്രവർത്തനങ്ങൾ കാർഷികമേഖലയിൽ ഏകോപിപ്പിക്കുന്നതിന് പുതിയൊരു കാൽവയ്പാണ്. സംസ്ഥാന കൃഷിവകുപ്പിന്റെയും അനുബന്ധ വകുപ്പുകളുടേയും ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടേയും പ്രൊഫഷണൽ വൈദഗ്ധ്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയ സംഘടനാ സാദ്ധ്യതകളും സംയോജിപ്പിച്ചുകൊണ്ട് കാർഷികമേഖലയിൽ വളർച്ച കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷയോടൊപ്പം സുരക്ഷിത ഭക്ഷണവും എന്ന ലക്ഷ്യം കൈവരിക്കുന്നതിനും പദ്ധതിയുടെ ഭാഗമായി ഭാവനാപൂർണ്ണമായ ഇടപെടലുകൾ ഏറ്റെടുക്കണം. കാർഷികമേഖലയിലെ പുതിയ ഇടപെടലുകളിലൂടെ ജലസംരക്ഷണത്തിനും ജൈവപുഷ്ടിക്കും പരിസ്ഥിതി സംരക്ഷണത്തിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിതയോഗ്യമായ കേരളം എന്ന നവകേരള സൃഷ്ടി സാധ്യമാക്കാൻ കഴിയുന്നത്. പ്രാദേശിക ജനാധിപത്യത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഇത്തരമൊരു ലക്ഷ്യം കൈവരിക്കാൻ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുക തന്നെ വേണം.

കാർഷികമേഖലയിലെ പുതിയ ഇടപെടലുകളിലൂടെ ജലസംരക്ഷണത്തിനും ജൈവപുഷ്ടിക്കും പരിസ്ഥിതി സംരക്ഷണത്തിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിതയോഗ്യമായ കേരളം എന്ന നവകേരള സൃഷ്ടി സാധ്യമാക്കാൻ കഴിയുന്നത്. പ്രാദേശിക ജനാധിപത്യത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഇത്തരമൊരു ലക്ഷ്യം കൈവരിക്കാൻ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുക തന്നെ വേണം.

(ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ മെമ്പറാണ്.
9496143232

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ഗ്രീൻ മിൽക്ക് വിപണിയിലെത്തി

തദ്ദേശസ്ഥാപന ചരിത്രത്തിൽ നൂതന സംരംഭമായി ഗ്രീൻമിൽക്ക് (മാറ്റങ്ങളൊന്നും വരുത്താത്ത പച്ചപ്പാൽ) വിപണിയിലെത്തി. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചെറ്റച്ചൽ, വിതുര, ജഴ്സി ഫാമുകളെ സംയോജിപ്പിച്ചാണ് പദ്ധതി. പ്രതിദിനം 1200 ലിറ്റർ പാൽ അരലിറ്റർ പായ്ക്കറ്റുകളിൽ തുടക്കത്തിൽ വിപണിയിലെത്തും. ചെറ്റച്ചലിൽ നടന്ന ചടങ്ങിൽ ഗ്രീൻ മിൽക്ക് വിതരണ പദ്ധതിയുടെ ഉദ്ഘാടനവും ആട് വളർത്തൽ കേന്ദ്രം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, നവീകരിച്ച കുളം, കന്നുകുട്ടി ഷെഡ്, ഓഫീസ് സമുച്ചയം എന്നിവയുടെ നിർമ്മാണോദ്ഘാടനവും ക്ഷീരവികസന-വനം-മൃഗസംരക്ഷണവകുപ്പ് മന്ത്രി കെ. രാജു നിർവ്വഹിച്ചു. രണ്ട് വർഷത്തിനുള്ളിൽ ക്ഷീരമേഖല സ്വയംപര്യാപ്തമാക്കുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് നിലവിൽ ആവശ്യമായതിന്റെ 75 ശതമാനം പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ക്ഷീരമേഖല സജീവമാക്കി രണ്ട് വർഷത്തിനുള്ളിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണ്. മൃഗ-ക്ഷീരവകുപ്പുകൾ സംയുക്തമായി പശുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി ആരംഭിച്ചുകഴിഞ്ഞു. 75 ശതമാനം ഇൻഷ്വറൻസ് പ്രീമിയം തുക സർക്കാർ സബ്സിഡിയായി നൽകും. കർഷകരുടെ ആവശ്യം പരിഗണിച്ചാണിത്. വരുംവർഷങ്ങളിൽ മുഴുവൻ കന്നുകാലികളെയും പദ്ധതിയിലുൾപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. പാൽ വില വർദ്ധനയ്ക്ക് മിൽമയ്ക്ക് അനുമതി നൽകിയത് വർദ്ധനയുടെ പൂർണ്ണഗുണം കർഷകർക്ക് ലഭിക്കണമെന്ന നിബന്ധനയോടെയായിരുന്നു. വർദ്ധിപ്പിച്ച തുകയുടെ ഗുണഫലം കർഷകർക്ക് ലഭിച്ചിട്ടില്ലെങ്കിൽ അക്കാര്യം പരാതിപ്പെടണം. തീറ്റപ്പുൽകൃഷിക്ക് സർക്കാർ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് ഒരു വർഷം കൃഷി ചെയ്യുന്നവർക്ക് 20000 രൂപയാണ് സബ്സിഡി. ഒരു ഹെക്ടറിനു താഴെ കൃഷിചെയ്യുന്നവർക്ക് ആനുപാതികമായ സബ്സിഡിക്കുറവ് ഉണ്ടാകും. ഫാം ടൂറിസം നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു അദ്ധ്യക്ഷത വഹിച്ചു. കെ.എസ്. ശബരീനാഥ് എം.എൽ.എ മുഖ്യാതിഥി യായിരുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.ഷൈലജാ ബീഗം, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ബി. പി.മുരളി, മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ ഡോ.എൻ.എൻ.ശശി, ചെറ്റച്ചൽ ഫാം അസി. ഡയറക്ടർ ഡോ.ഇ.കെ.ഈശ്വരൻ, ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

ജൈവജീവിതം വിളയും വടക്കഞ്ചേരി

രശ്മി.എം.വി

അന്നത്തെ ബ്രഹ്മമായി ഉപാസിച്ചുകൊണ്ട് ഭക്ഷണത്തെ ആത്മാവായി കണക്കാക്കിയിരുന്ന ഒരു ജനതയായിരുന്നു നമ്മുടെ പൂർവ്വികർ. കാലത്തിന്റെ കുത്തൊഴുക്കിൽ നമ്മുടെ സംസ്കാരം ഭക്ഷ്യോത്പാദനത്തിൽ നിന്നും ഉപഭോഗസംസ്കാരത്തിലേക്ക് വഴിമാറി. ഭക്ഷ്യപുരകൾക്ക് വിള്ളലേറ്റു. മണ്ണും മനസ്സും ഊഷരമായി. ആരോഗ്യമുള്ള ഒരു ജനതയും ശുചിത്വമുള്ള ജനസംസ്കൃതിയുമാണ് ഒരു നാടിന്റെ സമ്പത്ത്. ആരോഗ്യകരമായ ജനജീവിതം സഫലമാക്കുവാൻ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. രാസവിഷങ്ങളെയും രാസകീടനാശിനികളെയും ഒഴിവാക്കി പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടാതെയുള്ള നെൽകൃഷിയിലൂടെ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണശൈലി വീണ്ടെടുക്കാൻ കഠിനാദ്ധ്വാനം നടത്തുകയാണ് പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി പഞ്ചായത്തിലെ നെൽകർഷകർ. കൃഷിവകുപ്പും ഗ്രാമപഞ്ചായത്തും തോളോടുതോൾചേർന്ന് നെൽകർഷകരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും സുസ്ഥിരനെൽകൃഷിയുടെ പ്രചാരണത്തിനുമായി കഴിഞ്ഞ 10 വർഷക്കാലമായി നിതാന്തപരിശ്രമം നടത്തുകയാണ്. മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്ന സൂക്ഷ്മജീവികളെ സംരക്ഷിക്കുന്ന മി

ആരോഗ്യകരമായ ജനജീവിതം സഫലമാക്കുവാൻ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. രാസവിഷങ്ങളെയും രാസകീടനാശിനികളെയും ഒഴിവാക്കി പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടാതെയുള്ള നെൽകൃഷിയിലൂടെ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണശൈലി വീണ്ടെടുക്കാൻ കഠിനാദ്ധ്വാനം നടത്തുകയാണ് പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി പഞ്ചായത്തിലെ നെൽ കർഷകർ.

യന്ത്രവത്കൃത നെൽകൃഷിയുടെ പ്രയോഗത്തിലും പ്രചാരത്തിലും എന്നും മുൻനിരയിലാണ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്. ശാസ്ത്രീയ യന്ത്രവത്കൃത നെൽകൃഷി പ്രയോഗത്തിലെത്തിക്കാൻ സുസജ്ജമായ തൊഴിൽ സേനയും നിലവിലുണ്ട്. നടീൽ യന്ത്രങ്ങൾ, സ്പ്രേയറുകൾ, കളപറിക്കുന്നതിനുള്ള യന്ത്രങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്നതിൽ പരിചയസമ്പന്നരും പരിശീലനം സിദ്ധിച്ചവരുമായ തൊഴിൽസേനയിലെ അംഗങ്ങൾ യന്ത്രവത്കൃതനടീലും കളനിയന്ത്രണവും കൃഷിയിടത്തിൽ പ്രാവർത്തികമാക്കുന്നു.

ത്രുജീവികളെ നശിപ്പിക്കാതെയുള്ള കീടനിയന്ത്രണം സാധ്യമാക്കുന്ന കാർഷിക പരിസ്ഥിതി സമീപനത്തിലൂടെ വടക്കഞ്ചേരി പഞ്ചായത്തിലെ 15 പാടശേഖര സമിതികളുടെ നേതൃത്വത്തിൽ 300 ഏക്കറിൽ പരിസ്ഥിതി സൗഹൃദ നെൽകൃഷി നടന്നുവരുന്നുണ്ട്. പ്രാദേശിക വ്യത്യാസം അനുസരിച്ച് ഹെക്ടറിന് 5 മുതൽ 8 ടൺവരെ വിളവാണ് ഈ രീതിയിൽ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. രാസവിഷങ്ങളെ ഒഴിവാക്കുന്നതിനോടൊപ്പം കൃഷിചിലവിൽ 25-30% കുറവ് വരുത്താനും കർഷകർക്ക് സാധിക്കുന്നു. വടക്കഞ്ചേരി പഞ്ചായത്തിലെ 500ഓളം നെൽകർഷകർ വിത്തു മുതൽ കൊയ്ത്തുവരെയുള്ള പ്രവർത്തനങ്ങളിൽ തികച്ചും പരിസ്ഥിതി സൗഹാർദ്ദപരമായ ശാസ്ത്രീയ കൃഷിപരിപാലനമുറകൾ അനുവർത്തിച്ചുവരുന്നു. മണ്ണുപരിശോധന നടത്തിയശേഷം ശാസ്ത്രീയരീതിയിലുള്ള വളപ്രയോഗം, ജീവാണുക്കളായ അസോസ്പെറില്ലം, വാം, സ്യൂഡോമോണസ് എന്നിവയുടെ ഉപയോഗത്തിലൂടെ മണ്ണിന്റെ പോഷണം വീണ്ടെടുക്കാൻ കർഷകർക്ക് സാധിക്കുന്നു. നെൽപ്പാടം എന്ന ആവാസവ്യവസ്ഥയെ സമഗ്രമായി കണ്ട് ശത്രുപ്രാണികളെയും മിത്രപ്രാണികളെയും പ്രത്യേകമായി മനസ്സിലാക്കി, രാസകീടനാശിനിപ്രയോഗം നടത്താതെ തന്നെയാണ് കീടനിയന്ത്രണം നടത്തുന്നത്. ഓലചുരുട്ടിപ്പുഴുവിനേയും തണ്ടുതുരപ്പൻ പുഴുക്കളെയും നിയന്ത്രിക്കാൻ ട്രൈക്കോകാർഡുകളുടെ ഉപയോഗം, ഫിറമോൺ ട്രാപ്പുകളുടെ പ്രയോഗം, ചാഴിക്കെതിരെ ഫിഷ് അമിനോആസിഡ്, ബ്യൂവേറിയ എന്നിവയും വിദഗ്ധ ഉപദേശമനുസരിച്ച് നടത്തിവരുന്നു. യന്ത്രവത്കൃത നെൽകൃഷിയുടെ പ്രയോഗത്തിലും പ്രചാരത്തിലും എന്നും മുൻനിരയിലാണ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്. ശാസ്ത്രീയ യന്ത്രവത്കൃത നെൽകൃഷി പ്രയോഗത്തിലെത്തിക്കാൻ സുസജ്ജമായ തൊഴിൽ സേനയും നിലവിലുണ്ട്. നടീൽ യന്ത്രങ്ങൾ, സ്പ്രേയറുകൾ, കളപറിക്കുന്നതിനുള്ള യന്ത്രങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്നതിൽ പരിചയസമ്പന്നരും പരിശീലനം സിദ്ധിച്ചവരുമായ തൊഴിൽസേനയിലെ അംഗങ്ങൾ യന്ത്രവത്കൃതനടീലും കളനിയന്ത്രണവും കൃഷിയിടത്തിൽ പ്രാവർത്തികമാക്കുന്നു. ഒരു ഏക്കറിന് നടീൽ ഇനത്തിൽ 3500 രൂപയും കളപറിക്കുന്നതിന് 1500 രൂപയുമാണ് ഈടാക്കുക. കൃത്യമായ നടീൽ അകലം, നിരകളുടെ എണ്ണം, 15-18 ദിവസം മൂപ്പുള്ള ഞാറ് എന്നിവ നിമിത്തം ഏക്കറിന് 3000 കിലോഗ്രാം വരെ വിളവ് യന്ത്രവത്കൃത നടീൽ മൂലം ലഭിക്കുമ്പോൾ പരമ്പരാഗതരീതിയിൽ ഏക്കറിന് 2000 കിലോയിൽ താഴെയെ വിളവ് ലഭിക്കൂ. യന്ത്രവത്കൃത നെൽകൃഷിയുടെ വ്യാപനത്തിന്റെ പ്രധാന കാരണം വിളവിലുള്ള ഈ അന്തരമാണ്.

ജൈവകൃഷി തുടങ്ങിയ ആദ്യവർഷങ്ങളിൽ ഹെക്ടറിന് 2.5 ടൺ വിളവാണ് ലഭിച്ചിരുന്നതെങ്കിൽ വർഷങ്ങൾ പിന്നിട്ടപ്പോൾ

ഹെക്ടറിന് 5 ടൺ ജൈവനെല്ല് വിളവെടുക്കാൻ കർഷകർക്ക് സാധിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷങ്ങളായി ജൈവനെല്ല് അരിയാക്കി ''അശ്വതി'' പാലക്കാടൻ ജൈവമട്ട എന്ന ബ്രാൻഡിൽ വിപണനം നടത്തുകയാണ് വടക്കഞ്ചേരി ജൈവ പാടശേഖരം. 60% തവിടുനില നിർത്തിയ ഒറ്റപ്പുഴക്ക് അരിക്ക് കിലോഗ്രാമിന് 60 രൂപയാണ് വിപണിവില. ജൈവകാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിന് അശ്വതി എന്ന പേരിൽ ഒരു ഇക്കോഷോപ്പും സമിതിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റേയും കൃഷിവകുപ്പിന്റേയും പൂർണ്ണമായ സഹകരണത്തോടെയാണ് ഇക്കോഷോപ്പ് പ്രവർത്തിക്കുന്നത്. കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനോടൊപ്പം ഉപഭോക്താക്കൾക്ക് വിഷരഹിതമായ സുരക്ഷിത ഉത്പന്നം നൽകുന്നതിലും ഇക്കോഷോപ്പ് പ്രതിജ്ഞാബദ്ധമാണ്. ജൈവകീടനാശിനികളും വളക്കൂട്ടുകളും ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി ബയോ ഫാർമസിയും ഇക്കോഷോപ്പി

നോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കാർക്ക് പരിസ്ഥിതിസൗഹാർദ്ദ കൃഷിമുറകളെക്കുറിച്ച് വിജ്ഞാനം ലഭിക്കുന്നതിനും സംശയങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു വിളആരോഗ്യകേന്ദ്രം വടക്കഞ്ചേരി കൃഷിഭവനിൽ പ്രവർത്തിക്കുന്നുണ്ട്. വടക്കഞ്ചേരിയിൽ നടക്കുന്ന ജൈവകൃഷി പ്രയോഗത്തിലും പ്രചരണത്തിനുമുള്ള പ്രോത്സാഹനം എന്ന നിലയിൽ 2015-16 വർഷത്തെ മികച്ച ജൈവ കാർഷിക പഞ്ചായത്തായി വടക്കഞ്ചേരി പഞ്ചായത്തിനെ തിരഞ്ഞെടുക്കുകയുണ്ടായി. ജൈവകൃഷിയുടെ സുന്ദരലോകം പുന:സൃഷ്ടിക്കാൻ വടക്കഞ്ചേരി പഞ്ചായത്തിൽ കർഷകരുടെ നേതൃത്വത്തിൽ നിതാന്തപരിശ്രമം നടക്കുകയാണ്. കൃഷിയിടങ്ങളെ വിഷവിമുക്തമാക്കാൻ മണ്ണിനെ ഊർവ്വരമാക്കാൻ, ഈ പരിശ്രമങ്ങൾക്ക് സാധിക്കട്ടെ.... നാളത്തെ ലോകം സുന്ദരമാകട്ടെ.

ലേഖിക വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്
കൃഷി ഓഫീസറാണ്
ഫോൺ - 9446312235

കഴിഞ്ഞ 3 വർഷങ്ങളായി ജൈവനെല്ല് അരിയാക്കി അശ്വതി പാലക്കാടൻ ജൈവമട്ട എന്ന ബ്രാൻഡിൽ വിപണനം നടത്തുകയാണ് വടക്കഞ്ചേരി ജൈവപാടശേഖരം. 60% തവിടുനിലനിർത്തിയ ഒറ്റപ്പുഴക്ക് അരിക്ക് കിലോഗ്രാമിന് 60 രൂപയാണ് വിപണിവില. ജൈവകാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിന് അശ്വതി എന്ന പേരിൽ ഒരു ഇക്കോഷോപ്പും സമിതിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്.

നമ്മൾ ഭൂമിയ്ക്കായി ഭൂമി നമുക്കായ്

ഏപ്രിൽ 22 : ലോക ഭൗമദിനം

ഡോ. ഡി. പത്മലാൽ

എല്ലാ വർഷവും ഏപ്രിൽ മാസം 22-ാം തീയതിയാണ് ലോക ഭൗമദിനമായി ആചരിച്ചുപോരുന്നത്. ഭൗമദിനാചരണത്തിന്റെ 47-ാം വാർഷികമാണ് ഇക്കൊല്ലത്തേത്. ഭൗമ പരിസ്ഥിതിയെപ്പറ്റിയും പരിസ്ഥിതി സുരക്ഷയെപ്പറ്റിയുമൊക്കെ ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായാണ് ലോകമെമ്പാടും ഭൗമദിനം ആചരിച്ചുപോരുന്നത്. ഗേലോർഡ്നെൽസൻ(Gaylord Nelson) എന്ന അമേരിക്കൻ സെനറ്റർ ആണ് ഭൗമദിനാചരണത്തിന് തുടക്കം കുറിച്ചത്. തുടർന്ന് ഇത് ലോക ജനത ഏറ്റെടുക്കുകയായിരുന്നു. 1972-ൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ സ്റ്റോക്ക്ഹോമിൽ ചേർന്ന മാനവ-പരിസ്ഥിതി സമ്മേളനത്തോടെ പരിസ്ഥിതി ചർച്ചകൾ രാജ്യാന്തരതലത്തിൽതന്നെ ഏറെ ശ്രദ്ധ പിടിച്ചുപറ്റാൻ തുടങ്ങി. 1987

ൽ 'ഔർ കോമൺ ഫ്യൂച്ചർ' എന്ന റിപ്പോർട്ട് പുറത്തുവന്നതോടെ ഭൗമപരിസ്ഥിതി സംരക്ഷണത്തിനേറെ പ്രാധാന്യം കൈവന്നു. അതോടുകൂടി സുസ്ഥിരവികസനം എന്ന ആശയം തന്നെ പ്രചാരത്തിലും പ്രവർത്തിപഥത്തിലുമെത്തി എന്നതാണ് മറ്റൊരു വസ്തുത. മനുഷ്യൻ അടക്കമുള്ള സകല ജീവജാലങ്ങളുടെയും ആവാസകേന്ദ്രമായ ഭൂമിയെ സംരക്ഷിച്ച് കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഭൗമ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ഈ വർഷത്തെ ഭൗമദിനം വിപുലമായ പരിപാടികളോടെ ആചരിക്കുവാനാണ് ലോകമെമ്പാടുമുള്ള പരിസ്ഥിതി സംഘടനകളും സർക്കാർ- സർക്കാരിതര സ്ഥാപനങ്ങളും പദ്ധതിയിട്ടിരിക്കുന്നത്. 'പാരിസ്ഥിതിക - കാലാവസ്ഥ സാക്ഷരത' എന്നതാണ് ഈ വർഷത്തെ ഭൗമദിന സന്ദേശം. പ്രകൃതിവിഭവ ചൂഷണവും അധികവിഭവ ഉപഭോഗവും അശാസ്ത്രീയ കൃഷിരീതികളും നഗരവികസനവും വ്യാവസായികവൽക്കരണവുമൊക്കെ സൃഷ്ടിക്കുന്ന മാലിന്യങ്ങളുടെ കുത്തൊഴുക്ക് നമ്മെ ആപത്കരമായ നിലയിലേക്കെത്തിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തവണത്തെ ഭൗമദിന സന്ദേശത്തിന് ഏറെ പ്രധാന്യമുണ്ട്.

പിറന്നുവീണ നാൾ മുതൽ പലവിധ പ്രതിസന്ധികളിലൂടെയാണ് നമ്മുടെ ഭൂമി കടന്നുപോയത്. ഉരുകുന്ന ചൂടും ആവിയുമായിരുന്ന ആദ്യകാലത്തെങ്കിൽ മദ്ധ്യകാലം സുഖശീതളിമയേറിയതായിരുന്നു എന്നുവേണം കരുതാൻ. കൂടെ വൈവിദ്ധ്യമാർന്ന ജീവസമൂഹത്തിന്റെ തുടിപ്പും പ്രസരിപ്പും. മനുഷ്യനെ പെറ്റുവളർത്തിയ ശിഷ്ടകാലം ഭൂമിയുടെ കഷ്ടകാലം തന്നെയാണ് എന്നുവേണം കരുതാൻ. ആധുനിക ശാസ്ത്ര - സാങ്കേതിക പുരോഗതി മനുഷ്യരാശിക്ക് ഏറെ പ്രയോജനപ്പെട്ടതാണെങ്കിലും ഈ പ്രവർത്തനങ്ങൾ ഭൗമ-പരിസ്ഥിതിയിലേൽപ്പിച്ച ആഘാതം വളരെ വലുതാണ്. കഴിഞ്ഞ ഒന്നുരണ്ടു ദശാബ്ദങ്ങളായി ഭൗമാന്തരീക്ഷത്തിന്റെ താപനില ക്രമാതീതമായി ഉയരുകയാണെന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. ഇക്കഴിഞ്ഞ നൂറുവർഷത്തെ താപനിലയിൽ 0.74 ഡിഗ്രി സെൽഷ്യസ് ഉയർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1995നും 2010നും ഇടയിലുള്ള താപനിലയുടെ വർദ്ധനവിന്റെ തോത് കണക്കിലെടുത്താൽ 2100-ാം ആണ്ട് എത്തുമ്പോഴേക്കും ആഗോള

താപനില 1.4 ഡിഗ്രിസെൽഷ്യസിനും 5.8 ഡിഗ്രി സെൽഷ്യസിനും ഇടയിലായി ഉയരാൻ സാദ്ധ്യതയുണ്ടെന്നാണ് വിലയിരുത്തലുകൾ. താപനിലയിലെ ഇത്തരം ഉയർച്ച മൂലം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകലിന്റെ ആക്കം ക്രമാതീതമായി കൂടുകയും സമുദ്രജലവിതാനം ഉയരുകയും ചെയ്യും. ജലവിതാനം ഒരു മീറ്റർ ഉയർന്നാൽത്തന്നെ ഈ ഭൂമുഖത്തെ 150 ദശലക്ഷത്തോളം ജനങ്ങളെ മാറ്റിത്താമസിപ്പിക്കേണ്ടതായി വരും. നമ്മുടെ ലക്ഷദ്വീപ് ഐലന്റുകളും കുട്ടനാടൻ പ്രദേശങ്ങളുൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളുമൊക്കെ പ്രളയജലത്തിന്റെ ഭീഷണിയിലാകും.

കേരളത്തിന് ഏകദേശം 590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരമുണ്ട്. നമ്മുടെ നിക്ഷേപങ്ങളിലേറെയും തീരപ്രദേശങ്ങളിലോ അതിന് സമീപമോ ഉള്ള സ്ഥലങ്ങളിലാണുള്ളത്. ചവറ, നീണ്ടകര തുടങ്ങിയ പ്രദേശങ്ങളിലെ ലോഹമണൽ നിക്ഷേപവും കൊല്ലത്തിനും കണ്ണൂരിനുമിടയിലായി വർഷകാലത്ത് പ്രത്യക്ഷപ്പെടുന്ന ചാകരയും തുടർന്നുള്ള മൽസ്യക്കൊയ്ത്തും കോവളം, വർക്കല, ഫോർട്ട്കൊച്ചി, കോഴിക്കോട്, കാസർകോട് തുടങ്ങിയ തീരങ്ങളുടെ വശ്യമനോഹാരിതയുമൊക്കെ കേരളതീരത്തിന്റെ സവിശേഷതകളാണ്. കാലാവസ്ഥാ വ്യതിയാനവും തുടർന്നുള്ള കടലിന്റെ കലിയിളക്കവുമൊക്കെ നമുക്ക് ഭീഷണിയാകാതെ രക്ഷനേടാനുള്ള പ്രവർത്തനങ്ങൾ നാമേറ്റെടുത്ത് നടപ്പിലാ

പിറന്നുവീണ നാൾ മുതൽ പലവിധ പ്രതിസന്ധികളിലൂടെയാണ് നമ്മുടെ ഭൂമി കടന്നുപോയത്. ഉരുകുന്ന ചൂടും ആവിയുമായിരുന്ന ആദ്യകാലത്തെങ്കിൽ മദ്ധ്യകാലം സുഖശീതളിമയേറിയതായിരുന്നു. കൂടെ വൈവിദ്ധ്യമാർന്ന ജീവസമൂഹത്തിന്റെ തുടിപ്പും പ്രസരിപ്പും. മനുഷ്യനെ പെറ്റുവളർത്തിയ ശിഷ്ടകാലം ഭൂമിയുടെ കഷ്ടകാലം തന്നെയാണ് എന്നുവേണം കരുതാൻ.

2020ൽ ഭൗമദിനാചരണത്തിന് അരനൂറ്റാണ്ട് പിന്നിടുമ്പോൾ ലോകത്തെ 780 കോടി ജനങ്ങൾക്ക് ഒരാൾക്ക് ഒരു വൃക്ഷം എന്ന ലക്ഷ്യം സാക്ഷാത് കരിക്കാനാണ് എർത്ത് ഡേ ഫൗണ്ടേഷൻ എന്ന ലോക പരിസ്ഥിതി സംഘടന ലക്ഷ്യമിടുന്നത്. ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ ചെറുക്കുക എന്നതാണ് ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്.

ക്കേണ്ടതായുണ്ട്.

കാലാവസ്ഥാ വ്യതിയാനവും അശാസ്ത്രീയമായ ഇടപെടലുകളും മൂലം ജീവസന്ധാരിണികളായ നമ്മുടെ നദികളുടെ കാര്യവും ഏറെ കഷ്ടത്തിലായിട്ടുണ്ട്. നദികളിലെ നീരൊഴുക്ക് ഗണ്യമായി കുറയുന്നതായി കണക്കുകൾ വെളിപ്പെടുത്തുന്നു. മഴയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ഇതിനൊരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. 1990 ന് മുമ്പ് മദ്ധ്യകേരളത്തിൽ പ്രത്യേകിച്ചും പെരിയാറിന്റെ നീർത്തട പ്രദേശങ്ങളിൽ 220 ദിവസം മഴ ലഭിച്ചിരുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാലിന്നത് പടിപടിയായി കുറഞ്ഞ് 190 ദിവസത്തോളമെത്തിയെന്നാണ് ദേശീയ ഭൗമ ശാസ്ത്ര പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ശീലാഷിന്റെ അഭിപ്രായം. മാത്രമോ ഇടയ്ക്കിടെ പെയ്യുന്ന ചെറുമഴകളുടെ കുറവ് നൈസർഗ്ഗികമായി നടന്നുവരുന്ന ഭൂഗർഭജലസംരക്ഷണ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിച്ചുവത്രെ. തുടർച്ചയായി പെയ്തിറങ്ങുന്ന വലിയ മഴയിലെ ജലം വേഗത്തിൽ കടലിലേക്കൊഴുകിപ്പോകും. എന്നാ ൽ മഴക്കാലത്തെ ചെറുമഴകളാകട്ടെ മണ്ണിന്റെ അടരുകളിലൂടെ കിനിഞ്ഞിറങ്ങി ഭൂഗർഭ ജലസ്രോതസിനെ സമ്പുഷ്ടമാക്ക കയും ചെയ്യും.

അതുപോലെ തന്നെ അന്തരീക്ഷത്തിലേക്കുള്ള ജലത്തിന്റെ മടക്കത്തിന്റെ തോതിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവത്രെ. ഒരു പ്രദേശത്തെ വൃക്ഷലതാദികളുടെ ഏറ്റവും ഉയർന്ന ഭാഗം മുതൽ ഭൂമിയുടെ പുറന്തോടിന്റെ ജലസമ്പുഷ്ടമായ അടരുകളുടെ അടിഭാഗം വരെയുള്ള പ്രദേശത്തെ മൊത്തത്തിൽ പറയുന്നത് ക്രിട്ടിക്ക ൽസോൺ എന്നാണ്. കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി വലിയ മാറ്റങ്ങളാണ് ക്രിട്ടിക്കൽസോണിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായാണ് അന്തരീക്ഷത്തിലേക്കുള്ള ജലത്തിന്റെ മടക്കത്തിൽ മാറ്റങ്ങളുണ്ടാകുന്നത്. അടുത്ത കാലത്ത് കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാറിന്റെ നീർത്തടപ്രദേശങ്ങളിൽ നടത്തിയ പഠനങ്ങളിൽ നിന്നും മനസ്സിലായത് പെരിയാർ നദീതടത്തിൽ നിന്നും ബാഷ്പീകരണത്തിലൂടെയും സസ്യസ്വേദനംമൂലവും മറ്റും അന്തരീക്ഷത്തിലേക്കെത്തിച്ചേരുന്ന ജലത്തിന്റെ അളവിൽ കഴിഞ്ഞ പത്തുകൊല്ലത്തിനിടെ 12% വർദ്ധനവുണ്ടായി എന്നാണ്. 2001ൽ ഭൂമിയുടെ തൊലിപ്പുറത്തുനിന്നും ഇത്തരത്തിൽ 22% ജലനഷ്ടമുണ്ടായെങ്കിൽ 2012ൽ അത് 34% ആയി മാറി. അന്തരീക്ഷതാപം കൂടുന്നതും നദീതടങ്ങളിലും പരിസരപ്രദേശങ്ങളിലുമൊക്കെ റബ്ബർ, അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റ്സ് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതുമൊക്കെ ഭൗമോപരിതലത്തിലെ നീർവാർച്ചയ്ക്ക് കാരണമായിട്ടുണ്ട്. വികസിത രാജ്യങ്ങൾ ക്രിട്ടിക്കൽസോൺ ആധാരമാക്കിയ പഠനങ്ങളിലൂടെയാണ് അവിടുത്തെ കൃഷിരീതികളും വികസന പ്രവർത്തനങ്ങളുമൊക്കെ ക്രമീകരിക്കുന്നതെന്നോർക്കണം. കാലാവസ്ഥാമാറ്റങ്ങൾക്കും പാരിസ്ഥിതികശോഷണത്തിനുമെതിരെയുള്ള പോരാട്ടങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളും സർക്കാർ-സർക്കാരിതരസ്ഥാപനങ്ങളുമൊക്കെ അണിനിരക്കേണ്ടതായുണ്ട്. കൂടാതെ ജീവിതശൈലിയിലും മറ്റു പ്രവർത്തനങ്ങളിലുമൊക്കെ കാതലായ മാറ്റങ്ങളും വേണം. പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനത്തെ ആശ്രയിച്ച്, മോട്ടോർവാഹനങ്ങളുടെ അമിതഉപയോഗം കഴിവതും കുറയ്ക്കണം. ഇതുവഴി ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം കുറയുകയും അന്തരീക്ഷത്തിലേക്കെത്തുന്ന ഹരിതഗൃഹവാതകങ്ങളുടെ അളവ് നിയന്ത്രണവിധേയമാവുകയും ചെയ്യും. പകൽസമയത്തെ ജീവവായുവിന്റെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതാണ് ഇതിന്റെ മറ്റൊരു ഗുണം. 2020ൽ ഭൗമദിനാചരണത്തിന് അരനൂറ്റാണ്ട് പിന്നിടുമ്പോൾ ലോകത്തെ 780 കോടി ജനങ്ങൾക്ക് ഒരാൾക്ക് ഒരു വൃക്ഷം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് എർത്ത്ഡേ ഫൗണ്ടേഷൻ എന്ന ലോക പരിസ്ഥിതി സംഘടന ലക്ഷ്യമിടുന്നത്. ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ ചെറുക്കുക എന്നതാണ് ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്.

ലോകരാജ്യങ്ങൾ ഒട്ടുമിക്കവയും ഇന്ന് സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള സാങ്കേതികവിദ്യകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. വീടുകളിലും സ്കൂളുകളിലേക്കുമൊ

14 ജില്ലകളിലും ലൈഫ് കെട്ടിടസമുച്ചയം ഉയരുന്നു

സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഭൂരഹിത-ഭവനരഹിതർക്ക് ലൈഫ് മിഷന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലും കെട്ടിടസമുച്ചയങ്ങൾ ഉയരുന്നു. ഇതിന്റെ നിർമ്മാണ പ്രവൃത്തി ജില്ലകളിൽ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഉടൻ ആരംഭിക്കും. ആദ്യവർഷം ഒരു ലക്ഷം കുടുംബങ്ങളെ പുനരധിവസിപ്പിക്കും. ഈ ആവശ്യത്തിന് കണ്ടെത്തിയ സ്ഥലങ്ങളിലെ ജല, വൈദ്യുതി, റോഡ് ലഭ്യത ഉറപ്പുവരുത്തി കളക്ടർമാരോട് റിപ്പോർട്ട് നൽകാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷന്റെ അവലോകന യോഗം തീരുമാനിച്ചു.

സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുക. ഭൂമി ലഭ്യതയ്ക്കനുസരിച്ചായിരിക്കും ഓരോ ജില്ലയിലും കെട്ടിടസമുച്ചയത്തിലെ ഭവനങ്ങളുടെ എണ്ണം തീരുമാനിക്കുക. എട്ടുക്ലേശഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി ഗുണഭോക്താക്കളുടെ മുൻഗണന തീരുമാനിക്കും. ആദ്യഘട്ടത്തിൽ 14 സ്ഥലങ്ങളിൽ ആരംഭിക്കുന്ന പദ്ധതി കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തി ഘട്ടംഘട്ടമായി വ്യാപിപ്പിക്കും.

തോട്ടം, തീരദേശ മേഖലകളിൽ പദ്ധതി ഏകോപിപ്പിക്കാൻ തൊഴിൽ, ഫിഷറീസ് വകുപ്പുകളെ ചുമതലപ്പെടുത്തി. നിലവിൽ ഏതെങ്കിലും പദ്ധതിയിൽ കെട്ടിടനിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ സാങ്കേതിക പരിശോധന നടത്താനായി എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായം തേടാനും യോഗം തീരുമാനിച്ചു. ഈ സാങ്കേതിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഭവനങ്ങൾ പൂർത്തിയാക്കാനുള്ള ധനസഹായം ലഭ്യമാക്കും.

ഭൂരഹിത-ഭവനരഹിതർക്ക് പാർപ്പിടങ്ങൾ നിർമ്മിച്ച് പുനരധിവാസം ഉറപ്പുവരുത്തേണ്ടത് കേരള സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തമാണെന്നും ഇതിന് വ്യക്തികളുടെയും സംഘടനകളുടെയും സഹകരണം ഉറപ്പാക്കാനുള്ള നടപടികൾ എടുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. അനുയോജ്യമായ സ്ഥലം ലഭ്യമാക്കാനും കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുവാനും നിർമ്മാണം മുടങ്ങിപ്പോയ വീടുകൾ പൂർത്തിയാക്കാനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഈ ആവശ്യങ്ങൾക്ക് സംഭാവന നൽകാനും വ്യക്തികളും സ്ഥാപനങ്ങളും മുന്നോട്ടു വരണമെന്ന് യോഗം അഭ്യർത്ഥിച്ചു.

തദ്ദേശസ്വയംഭരണ മന്ത്രി ഡോ.കെ.ടി.ജലീൽ, ധനകാര്യമന്ത്രി ഡോ. റ്റി.എം.തോമസ് ഐസക്, സാംസ്കാരിക മന്ത്രി എ.കെ. ബാലൻ, ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചർ, ജലവിഭവ മന്ത്രി മാത്യു ടി തോമസ്, ചീഫ് സെക്രട്ടറി നളിനി നെറ്റോ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ. ജോസ് തുടങ്ങിയവർ പങ്കെടുത്തു.

ക്കെയുള്ള വൈദ്യുതി ഇന്ന് സൗരോർജ്ജ പദ്ധതികളിലൂടെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ദൈവത്തിന്റെ സ്വന്തം നാട്ടിലുമുണ്ട് അത്തരത്തിലുള്ള നല്ലൊരു മാതൃക. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം ഊർജ്ജാവശ്യങ്ങൾക്കായി ആശ്രയിക്കുന്നത് സൗരോർജ്ജത്തെയാണ് എന്ന് അഭിമാനത്തോടെ പറയാനാകും. താപവൈദ്യുതനിലയങ്ങൾക്കും അണുവൈദ്യുതനിലയങ്ങൾക്കുമുള്ള ഒരു മറുപടിയായി സൗരോർജ്ജ വൈദ്യുതി സംരംഭങ്ങൾ മാറുന്ന ഒരു കാലം വിദൂരമല്ല.

വികസനം വേണ്ടെന്നതല്ല, വികസനം പരിസ്ഥിതിയെയും കാലാവസ്ഥാമാറ്റങ്ങളെയും കൂടി കണക്കിലെടുത്തുകൊണ്ടുള്ളതാകണം എന്നതാകണം നമ്മുടെ മുദ്രാവാക്യം. കഴിഞ്ഞ തലമുറയിൽ നിന്നും കടംകൊണ്ട് നമ്മുടെ കൈകളിലെത്തിച്ചേർന്ന ഈ പുണ്യഭൂമിയെ പുഷ്ടിപ്പെടുത്തി, സമ്പൽസമൃദ്ധിയോടെ വരുംതലമുറയ്ക്ക് കൈമാറേണ്ട ബാദ്ധ്യത നമുക്കുണ്ട്. അതുകൊണ്ടുതന്നെ മാനവരാശിയുടെ പ്രവർത്തനങ്ങളെല്ലാം പ്രപഞ്ചതാളത്തിനനുസൃതമായി ക്രമീകരിച്ച് വേണം നമ്മുടെ വികസന സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമാക്കേണ്ടത്.

(ലേഖകൻ തിരുവനന്തപുരം ദേശീയ ഭൗമശാസ്ത്രപഠന കേന്ദ്രത്തിൽ പ്രകൃതി വിഭവ - പരിസ്ഥിതി വിഭാഗം മേധാവിയാണ്.)

ബേബി തോമസ്

അംബേദ്കർ ജീവിച്ചത്, ദർശിച്ചത്

ഏപ്രിൽ 14 ഡോ.ബി.ആർ. അംബേദ്കർ ജയന്തി

"നാമൊന്നല്ലേ നമ്മളൊന്നല്ലേ
നമുക്കുടയോനും ഈ മണ്ണിനുടയോനും
നമ്മളല്ലേ... നമ്മളല്ലേ... "

ഇത്തരത്തിലൊരു സാമൂഹികാവസ്ഥ കൈവരിക്കുന്നതിനുവേണ്ടി പ്രയത്നിച്ചവരിൽ പ്രധാനിയാണ് ഭരണഘടനാശില്പി ഡോ.ബി.ആർ.അംബേദ്കർ. അദ്ദേഹത്തിന്റെ 126-ാം ജയന്തിയാണ് 2017-ൽ. 1891 ഏപ്രിൽ 14-ന് ബ്രിട്ടീഷിന്ത്യയിലെ മഹാരാഷ്ട്രാ എന്ന സംസ്ഥാനത്ത് അംബവാഡി എന്ന സ്ഥലത്ത് പട്ടാളത്തിൽ സുബേദാരായിരുന്ന രാംജി സക്പാലിന്റെയും ഭീമാഭായിയുടെയും പതിനാലാമത്തെ കുട്ടിയായിട്ടാണ് അംബേദ്ക്കർ ജനിച്ചത്. ഭീമറാവു എന്നാണ് കുഞ്ഞിന് പേരിട്ടത്. മഹാരാഷ്ട്രയിലെ രീതി പ്രകാരം ഗ്രാമത്തിന്റെ പേര് കൂടെചേർത്ത് ഭീമറാവു അംബവാഡേക്കർ എന്ന പേരിലാണ് സ്കൂളിൽ ചേർത്തത്. ഭീമിനെ ഇഷ്ടമായിരുന്ന ഒരു അധ്യാപകൻ തന്റെ കു

ടുംബപ്പേരായ അംബേദ്കർ എന്നു ചേർത്തു. അങ്ങനെയാണ് ഭീമറാവു അംബേദ്ക്കർ എന്ന പേരിൽ പ്രശസ്തനായത്. ദരിദ്രബാലനായിരുന്ന ഭീം ഡോക്ടർ അംബേദ്ക്കറായി മാറിയതിനു പിന്നിൽ ദുരിതപൂർണ്ണവും സംഭവബഹുലവുമായ ഒരു സമരജീവിതത്തിന്റെ കഥയാണുള്ളത്.

മഹർ ജാതിയിലായിരുന്നു അംബേദ്ക്കറുടെ ജനനം. മഹർ അയിത്ത ജാതിയും. പേഷ്വാമാരുടെ ഭരണകാലം മുതൽ മഹാരാഷ്ട്രത്തിലെ സവർണ്ണ ഹിന്ദുക്കൾ പുലർത്തിപ്പോന്നിരുന്ന അയിത്തമുറകൾ കഠിനങ്ങളായിരുന്നു. ശവദാഹത്തിനു വിറകെത്തിക്കുക, കന്നുകാലികളെ കുഴിച്ചുമൂടുക, തുകൽപ്പണി ചെയ്യുക തുടങ്ങിയവയൊക്കെയായിരുന്നു അയിത്തജാതിക്കാർക്കനുവദനീയമായ ജോലികൾ. ഗ്രാമത്തിനു പുറത്തായിരുന്നു ഇവരുടെ വാസസ്ഥലം. പൊതുവഴികളിൽ കൂടി സഞ്ചരിക്കുമ്പോൾ അരയ്ക്കുപിന്നിൽ നിലത്തുമുട്ടുന്ന വിധത്തിൽ ചൂലു കെട്ടിത്തൂക്കാനും, വഴിയിൽ തുപ്പി അശുദ്ധമാക്കാതിരിക്കാൻ കഴുത്തിൽ കലം കെട്ടിത്തൂക്കുവാനും വിധിക്കപ്പെട്ടവരായിരുന്നു മഹർ ജാതിക്കാർ. സാമൂഹ്യജീവിതത്തിൽ മനുഷ്യനെന്ന പരിഗണന ലഭ്യമായിരുന്നില്ലെങ്കിലും അയിത്തക്കാരന്റെ കായബലത്തെ ചൂഷണം ചെയ്യാൻ ആരും മറന്നില്ല. ശിവജിയുടെ ഭരണകാലത്തുതന്നെ മഹറുകൾ മഹാരാഷ്ട്രാ സൈന്യത്തിൽ നിർണ്ണായകസ്ഥാനം വഹിച്ചിരുന്നു. പിന്നീടുവന്ന ബ്രിട്ടീഷുകാരും ആ പാരമ്പര്യം കൈവെടിഞ്ഞില്ല. അങ്ങനെയാണ് അംബേദ്കറുടെ പിതാവ് രാംജി സക്പാൽ സർക്കാർ സൈന്യത്തിലെ ശിപായിയായത്.

അംബേദ്ക്കറുടെ കുട്ടിക്കാലവും നിന്ദ്യമായ ജാതീയപീഡനങ്ങളുടെ കഥകൾ കൊണ്ടു സമൃദ്ധമാണ്. സ്കൂളിലെ എല്ലാവരും കുടിക്കുവാനുപയോഗിക്കുന്ന മൺപാത്രത്തിൽ നിന്നും വെള്ളം പകർന്നുകുടിച്ചതിന് സവർണ്ണ അധ്യാപകരും കുട്ടികളും കൂടി ഭീമിനെ തല്ലിച്ചതച്ചിട്ടുണ്ട്.

തനിക്കും തന്റെ സമൂഹത്തിനുമെതിരായുള്ള ഈ അവഗണന അംബേദ്കറുടെ മനസ്സിൽ പ്രതിഷേധത്തിന്റെ അഗ്നിജ്വാലകളെ മുളപ്പിച്ചു. ഞങ്ങളും മനുഷ്യരാണ്, മനുഷ്യരെ മനുഷ്യരായിട്ടംഗീകരിക്കാൻ സ്വന്തം ജീവിതം തന്നെ ബലി കൊടുത്തും ഞാൻ പോരാടും എന്നാ ബാലൻ അന്നുതന്നെ മനസ്സിൽ കുറിച്ചിട്ടു. ജാതിവ്യവസ്ഥയ്ക്കെതിരായ പോരാട്ടത്തിലെ മൂർച്ചയുള്ള ആയുധം അറിവാണെന്നും അംബേദ്കർ മനസ്സിലാക്കി.

എല്ലാ പീഡനങ്ങളും സഹിച്ചുകൊണ്ട് വീട്ടിലെ പരിമിതമായ സൗകര്യത്തിൽ എല്ലാവരുമുറങ്ങുമ്പോൾ ഉണർന്നിരുന്ന് പഠിച്ച് ഉന്നതമായ നിലയിൽ അംബേദ്കർ മെട്രിക്കുലേഷൻ പാസ്സായി. ബാലവിവാഹം നിലനിന്നിരുന്ന മഹാരാഷ്ട്രത്തിൽ ആയിടെത്തന്നെ അംബേദ്കർ വിവാഹിതനുമായി. അമ്പലങ്ങളിലും ആഡിറ്റോറിയങ്ങളിലും പ്രവേശനമില്ലാത്തതിനാൽ ബോംബേയിലെ ബൈക്കുളാ മാർക്കറ്റിലെ മീൻചന്തയിൽ വച്ച്

വധുവിന്റെ കഴുത്തിൽ വരണമാല്യം ചാർത്തേണ്ടി വന്ന ആ ഹതഭാഗ്യനാണ് പിൽക്കാലത്ത് ഇന്ത്യയുടെ പ്രഥമനിയമമന്ത്രിയും സ്വതന്ത്രഭാരതത്തിന്റെ ഭരണഘടനാ ശില്പിയുമൊക്കെയായിത്തീർന്നതെന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നുണ്ടോ.?

അച്ഛൻ പട്ടാളത്തിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞതിനാൽ തുച്ഛമായ പെൻഷൻ തുകയായിരുന്നു ആ വലിയ കുടുംബത്തിന്റെ ഏക ആശ്രയം. എങ്കിലും ബറോഡാ രാജാവിന്റെ സ്കോളർഷിപ്പോടെ 1912-ൽ അംബേദ്കർ ബി.എ പരീക്ഷ പാസ്സായി. തുടർന്ന് പഠിക്കുവാനാഗ്രഹമുണ്ടായിരുന്നിട്ടും

അമ്പലങ്ങളിലും ആഡിറ്റോറിയങ്ങളിലും പ്രവേശനമില്ലാത്തതിനാൽ ബോംബേയിലെ ബൈക്കുളാ മാർക്കറ്റിലെ മീൻചന്തയിൽ വച്ച് വധുവിന്റെ കഴുത്തിൽ വരണമാല്യം ചാർത്തേണ്ടി വന്ന ആ ഹതഭാഗ്യനാണ് പിൽക്കാലത്ത് ഇന്ത്യയുടെ പ്രഥമനിയമമന്ത്രിയും സ്വതന്ത്രഭാരതത്തിന്റെ ഭരണഘടനാ ശില്പിയുമൊക്കെയായിത്തീർന്നതെന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നുണ്ടോ.?

1947 ൽ ഭാരതം സ്വത ന്ത്രമായപ്പോൾ അംബേ ദ്കറെ ഒഴിച്ചുനിർത്തി ഒരു ഭരണകൂടത്തെക്കുറി ച്ച് ചിന്തിക്കാനാവുമായിരു ന്നില്ല. അങ്ങനെ നെഹ്റു വിന്റെ നേതൃത്വത്തിലുള്ള ആദ്യമന്ത്രിസഭയിൽ നിയമമന്ത്രിയായി അംബേദ്കറെ ആദരിച്ചു. നിയമജ്ഞനും, രാഷ്ട്രത ന്ത്രജ്ഞനും, ബുദ്ധിജീവിയുമായ അംബേദ്കർ പിന്നീട് പ്രഗത്ഭന്മാർ മാത്രമടങ്ങു ന്ന സ്വതന്ത്രഭാരത്തിലെ ഭരണഘടനാ നിർമ്മാണ ക്കമ്മിറ്റിയുടെ ചെയർമാ നായി അവരോധിക്കപ്പെ ട്ടപ്പോൾ അംബേദ്കർക്കു കിട്ടിയ അംഗീകാരത്തിലു പരി അതു സ്വതന്ത്രഭാര ത്തിന്റെ സൗഭാഗ്യമായി മാറുകയായിരുന്നു. ഏറ്റവും വിഷമം പിടിച്ച ആ ജോലി അനായാസ മായി അദ്ദേഹം ചെയ്തു തീർത്തു.

വീട്ടിലെ നിത്യദാരിദ്ര്യം അംബേദ്കറെ ഒരു ജോലി സ്വീകരിക്കാൻ പ്രേരിപ്പിച്ചു. ബിരുദ ധാരികളെ തേടിപ്പിടിച്ചു ജോലികൊടുത്തിരു ന്ന അക്കാലത്ത് പക്ഷെ എല്ലാ വാതിലുകളും ഈ അയിത്തക്കാരനു മുന്നിൽ കൊട്ടിയടയ്ക്ക പ്പെട്ടു. ഒടുവിൽ മറ്റു നിവൃത്തിയില്ലാതെ അം ബേദ്കർ പട്ടാളത്തിൽ ലഫ്റ്റനന്റായി ചേർന്നു. പുത്രൻ തുടർന്ന് പഠിക്കണമെന്നാഗ്ര ഹിച്ച പിതാവ് ഈ ദ്യേോഗത്തിൽ ദു:ഖിത നായിരുന്നു. അധികം താമസിയാതെ അദ്ദേഹം മരിച്ചു. ആ മരണം അംബേദ്കറെ ഉലച്ചു. തന്റെ പിതാവിന്റെ ആഗ്രഹം നിറവേ റ്റാൻ കഠിനപരിശ്രമം ചെയ്യാൻ ദൃഢനിശ്ച യം ചെയ്ത അംബേദ്കർ വീണ്ടും ബറോഡാ രാജാവിന്റെ സ്കോളർഷിപ്പോടെ അമേരി ക്കയിലെ കൊളംബിയ സർവ്വകലാശാല യിൽ ഉപരിപഠനത്തിനു ചേർന്നു. 1915 ൽ എം.എ ബിരുദം നേടി. 1916 ൽ കൊളംബിയ സർവ്വകലാശാല അദ്ദേഹത്തിന് ഡോക്ടർ ബിരുദം നൽകി. അതേ വർഷം തന്നെ ലണ്ട നിലെ ഗ്രേയ്സ് ഇൻ ബാറിൽ നിയമപഠന ത്തിനും, ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമി ക്സിൽ സാമ്പത്തിക ശാസ്ത്രപഠനത്തിനും ചേർന്നു. എന്നാൽ അധികം താമസിയാതെ സ്കോളർഷിപ്പിന്റെ കാലാവധി തീർന്നതുമൂ ലം ഇന്ത്യലേക്കു മടങ്ങിയ അംബേദ്കർ ബറോഡാ രാജാവിന്റെ മിലിട്ടറി സെക്രട്ടറി എന്ന ഉദ്യോഗം സ്വീകരിച്ചു. ജാതി ഹിന്ദുക്കളു ടെ പീഡനം ആ ജോലിയിലും തുടരാൻ അദ്ദേഹത്തെ അനുവദിച്ചില്ല. ഒടുങ്ങാത്ത വി ജ്ഞാനതൃഷ്ണയുമായ് വീണ്ടും ലണ്ടനിലേക്കു വണ്ടി കയറിയ അംബേദ്കർ ദുരിതങ്ങൾക്കിടിയിലും പഠനം പൂർത്തി യാക്കി, ഒരു ബാരിസ്റ്ററായി ഇന്ത്യയിൽ മട ങ്ങിയെത്തി.

രാജാ റാംമോഹൻ റായി, മഹാദേവ ഗോ വന്ദറാനഡെ, സ്വാമി ദയാനന്ദ സരസ്വതി തുടങ്ങിയ മഹാരഥന്മാരൊക്കെ ജാതീയത യ്ക്കെതിരായ പരിഷ്ക്കരണപ്രവർത്തനങ്ങ ളുമായി രംഗത്തെത്തിയ സമയമായിരുന്നു അത്. പക്ഷെ, ഈ പ്രവർത്തനങ്ങളൊന്നും പരിപൂർണ്ണമല്ലെന്ന ചിന്ത അംബേദ്കറെ അലട്ടി. ക്രമേണ, സ്വന്തം നിലയിൽ അയി ത്തജാതിക്കാരെ സംഘടിപ്പിക്കുന്നതിനും, ജാതീയ അസമത്വങ്ങൾക്കെതിരെ സമരം സംഘടിപ്പിക്കുന്നതിലും അംബേദ്കർ വ്യാ പൃതനായി. പൊതുകിണറുകളിൽ നിന്ന് വെള്ളം കോരുക, ക്ഷേത്രങ്ങളിൽ പ്രവേശിക്കുക തുടങ്ങിയ ധീരവും നിഷേധാ ത്മകവുമായ നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകി. 1927 ഡിസംബർ 25 ആ സമരശൃംഖലയിലെ ഏറ്റവും അവിസ്മരണീയ മായ ദിനമാണ്. കാലങ്ങളായി നിലനിൽക്കു ന്ന അയിത്താചരണത്തെ ഉദാത്തീകരിക്കു ന്ന 'മനുസ്മൃതി' എന്ന ഗ്രന്ഥത്തെ ആയിരങ്ങൾ സാക്ഷിനില്ക്കെ, അഗ്നിയിലേക്ക് വലിച്ചെ റിഞ്ഞുകൊണ്ട് അധ:സ്ഥിതന്റെ ഇച്ഛാശക്തി യെയും സമരാവേശത്തെയും ആളിക്കത്തിച്ച നടപടിയായിരുന്നു അത്. സ്വന്തം തോളിലെ നുകങ്ങളെടുത്തുമാറ്റാനും, നിവർന്നുനിൽക്കാ നും അവരെ അംബേദ്കർ പഠിപ്പിച്ചു. ആദ്യം അയിത്തക്കാരനായും പിന്നെ അയിത്തജാ തിക്കാരുടെ സമുദ്ധാരകനായും, സവർണ്ണഹി ന്ദുക്കളുടെ ഉറക്കംകെടുത്തിയ അംബേദ്കർ കഠിനമായ പീഡനങ്ങളുടെ അഗ്നിനടുവിലാ ണ് വളർന്നത്. എങ്കിലും, അനുഭവങ്ങളുടെ ആഴവും ആദർശത്തിന്റെ കരുത്തും അദ്ദേഹ ത്തെ തെല്ലും അധീരനാക്കിയില്ല. നഷ്ടപ്പെടാ നൊന്നുമില്ലാത്ത വെട്ടിപ്പിടിക്കാൻ പലതുമു ള്ള ഒരു ജനതയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള സമരമാർഗ്ഗമായിരുന്നു ആ ജീവിതം. സ്വന്തം നാട്ടിൽ പ്രവാസികളാകേണ്ടിവന്ന അധ: സ്ഥിതന്റെ ആത്യന്തികമായ മോചനമായിരു ന്നു ആ മനുഷ്യമനീഷിയുടെ ജീവിതലക്ഷ്യം.

'മൂകനായക്' എന്ന വാരിക അദ്ദേഹം അദ്ധ്യാപകനായിരിക്കുമ്പോൾ പ്ര സിദ്ധീകരിച്ചു. 1936-ൽ പ്രസിദ്ധീകരിച്ച 'ജാതിയുടെ ഉന്മൂലനം' എന്ന കൃതി പ്രശസ്തമാ ണ്. സാമ്പത്തിക ശാസ്ത്രജ്ഞനായ അംബേ

ദ്കറുടെ ഇടപെടലിന്റെ ഫലമായിരുന്നു 1935 ഏപ്രിൽ ഒന്നിന് നിലവിൽ വന്ന റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ശ്രീബുദ്ധന്റെയും മാർക്സിന്റെയുമെല്ലാം ആശയങ്ങളെ അവശജനവിമോചനത്തിനായി പ്രയോജനപ്പെട്ട ത്തണമെന്ന നിലപാടായിരുന്നു അദ്ദേഹത്തിന്.

1947 ൽ ഭാരതം സ്വതന്ത്രമായപ്പോൾ അംബേദ്കറെ ഒഴിച്ചുനിർത്തി ഒരു ഭരണകൂടത്തെക്കുറിച്ച് ചിന്തിക്കാനാവുമായിരുന്നില്ല. അങ്ങനെ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ആദ്യമന്ത്രിസഭയിൽ നിയമമന്ത്രിയായി അംബേദ്കറെ ആദരിച്ചു. നിയമജ്ഞനും, രാഷ്ട്രതന്ത്രജ്ഞനും, ബുദ്ധിജീവിയുമായ അംബേദ്കർ പിന്നീട് പ്രഗത്ഭന്മാർ മാത്രമടങ്ങുന്ന സ്വതന്ത്രഭാരത്തിലെ ഭരണഘടനാ നിർമ്മാണക്കമ്മിറ്റിയുടെ ചെയർമാനായി അവരോധിക്കപ്പെട്ടപ്പോൾ അംബേദ്കർക്കു കിട്ടിയ അംഗീകാരത്തിലുപരി അതു സ്വതന്ത്രഭാരത്തിന്റെ സൗഭാഗ്യമായി മാറുകയായിരുന്നു. ഏറ്റവും വിഷമം പിടിച്ച ആ ജോലി അനായാസമായി അദ്ദേഹം ചെയ്തുതീർത്തു. ഭരണഘടനയെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം നൽകിയ വിശദീകരണങ്ങൾ ഇന്ത്യയിലെ തലമുതിർന്ന രാഷ്ട്രീയാചാര്യന്മാരേപ്പോലും അദ്ഭുതം കൊള്ളിക്കുന്നതായിരുന്നു. ഭാരതത്തെ സമഗ്രമായി ദർശിക്കാനുള്ള അംബേദ്കറുടെ കഴിവിനെ എല്ലാവരും പുകഴ്ത്തി.

പക്ഷെ ദുരിതസമ്പൂർണ്ണമായ അരശതാബ്ദക്കാലത്തെ ജീവിതം ആ ശരീരത്തിലേൽപ്പിച്ച ആഘാതങ്ങൾ ചില്ലറയായിരുന്നില്ല. സ്വന്തം രോഗങ്ങളോടു പൊരുതിനിൽക്കാൻ പിന്നീടായില്ല. ഒടുവിൽ 1956 ഡിസംബർ ആറിന് ആ സൂര്യനസ്തമിച്ചു. മരിക്കുന്നതിനുമുമ്പായി വിദേശസർവ്വകലാശാലകൾ അദ്ദേഹത്തിന് ബിരുദങ്ങൾ വാരിക്കോരിനൽകി. അധ:സ്ഥിതനെന്നല്ല, വിദേശികളുടെ ആദരിവിനു പാത്രമായ മറ്റൊരിന്ത്യക്കാരൻ ഇല്ലെന്നതന്നെ പറയാം. അന്ത്യനാളുകളിലും വർഗ്ഗീയതയോടുള്ള തന്റെ പക കെട്ടടങ്ങിയിരുന്നില്ല. അതുകൊണ്ടാണല്ലോ ഒടുവിൽ ലക്ഷക്കണക്കിനുവരുന്ന തന്റെ അനുയായികളെയും കൂട്ടി അദ്ദേഹം കരുണയും സമത്വവും പ്രദാനം ചെയ്യുന്ന ബുദ്ധമതത്തിലേയ്ക്കു കൂടുമാറിയത്. വമ്പിച്ച ഒരു പുസ്തകശേഖരണത്തിനുടമയായിരുന്ന അംബേദ്കർ അറിവാണ് ഏറ്റവും വലിയ ആയുധം എന്നു വിശ്വസിച്ചിരുന്ന ആളാണ്. അംബേദ്കർ മരിച്ചെങ്കിലും ആ ചിന്ത അനശ്വരമാണ്.

അംബേദ്കറുടെ ജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടം മാത്രമേ ആകുന്നുള്ളൂ ഇത്. ആ ചിന്തയേയും ദർശനങ്ങളെയും കുറിച്ചു സമഗ്രമായി പ്രതിപാദിക്കുവാൻ പുസ്തകങ്ങൾ തന്നെ എഴുതേണ്ടിവരും. നാമിന്നു നേരിടുന്ന എല്ലാ വെല്ലുവിളികളുടെയും അടിസ്ഥാനകാരണങ്ങൾ സ്വന്തം കൃതികളിൽ വളരെ മുമ്പേതന്നെ അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. 1990 ൽ ഇന്ത്യാ ഗവൺമെന്റ് അദ്ദേഹത്തിന് മരണാനന്തരബഹുമതിയായി ഭാരതരത്നം പ്രഖ്യാപിച്ചു.

ധിഷണാപരമായ സത്യസന്ധതയും, മാനവികതയെക്കുറിച്ചുള്ള ഉത്ക്കണ്ഠയും, വിമോചനത്തെക്കുറിച്ചുള്ള പ്രതീക്ഷയും ഉള്ളിലൊതുക്കുന്നൊരു തലമുറ സമകാലീന പ്രതിസന്ധികളാം മരുഭൂമിയുടെ ഉറവ പൊട്ടിച്ചെത്തുമെന്ന പ്രത്യാശയാണ് ഈ 126-ാം ജന്മദിനവേളയിലെ ചിന്തകളുടെ ഭരതവാക്യം

ലേഖകൻ കഥാകൃത്തും, ചലച്ചിത്ര സംവിധായകനും, കേരള സാഹിത്യ അക്കാദമി മുൻ അംഗവുമാണ് ഫോൺ: 9744639573

വായിച്ചിരിക്കേണ്ട പുസ്തകം

സ്വപ്നവഴികളിലെ ഉന്മാദയാത്രകൾ

ഡി.യേശുദാസ്

“You can't say to the spring: "Come now and last forever."

You can only say: "Come and bless me with your hope, and stay as long as you can.”

Paulo Coelho

എൺപത്തൊന്ന് ഭാഷകളിലായി ദശലക്ഷക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞ നോവലാണ് ആൽക്കെമിസ്റ്റ് . ബ്രസീലിയൻ എഴുത്തുകാരനായ പൗലോ കൊയ്ലോ ലോകമെങ്ങും അറിയപ്പെടുന്നതും ആദരിക്കപ്പെടുന്നതും വാഴ്ത്തപ്പെടുന്നതും ഈ നോവലിന്റെ പേരിലാണ്. ഉന്മാദത്തിനും ജീവിതതൃഷ്ണകൾക്കുമിടയ്ക്ക് ഈ എഴുത്തുകാരൻ അലഞ്ഞു നടന്നതിന്റെ അനുഭവങ്ങളും അനുഭൂതികളും ജീവിതവീക്ഷണവുമാണ് അദ്ദേഹത്തിന്റെ എഴുത്തുകൾ.മലയാളികളുടെ വായനാജീവിതത്തിൽ വലിയ സ്ഥാനം നേടിക്കഴിഞ്ഞ നോവലാണ് ആൽക്കെമിസ്റ്റ്. പ്രത്യാശയുടേയും പ്രതീക്ഷയുടേയും പ്രസാദാത്മക ലോകവീക്ഷണത്തിന്റെയും അപാരമായ ജീവിതപ്രേമത്തിന്റെയും പുസ്തകമാണ്.



ലോഹത്തെ സ്വർണ്ണമാക്കി മാറ്റലല്ല ഒരു ആൽക്കെമിസ്റ്റ് ചെയ്യുന്നത്, തന്റെ തന്നെ അനന്തമായ ആത്മശക്തിയെ തിരിച്ചറിഞ്ഞു മുൻപോട്ടു പോകുകയാണ് അയാൾ. സ്വയം ആത്മാവിലേയ്ക്ക് ശ്രദ്ധ തിരിക്കുക.അതിനറിയാത്തതായി ഒന്നുംഇല്ല. കാരണം, ഈ പ്രപഞ്ചാത്മാവിൽ നിന്നാണ് അത് രൂപം കൊണ്ടിരിക്കുന്നത്. ഒരു നാൾ അതിൽ തന്നെ ചെന്നു ചേരുകയും ചെയ്യും.

എത്ര കണ്ടിട്ടും സ്വന്തം സൗന്ദര്യത്തിലുള്ള ഭ്രമമൊടുങ്ങാതെ , ഒരു തടാകത്തിൽ സ്വയം നോക്കിയിരുന്ന് അതിൽ വീണു മരിച്ചു പോയ നാർസിസസിനെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്.

ആൻഡലൂഷിയൻ ആട്ടിടയനായ സാന്റിയാഗോ ഒരു സ്വപ്നം കാണുകയുണ്ടായി,ഉറക്കത്തിൽ; അതും രണ്ടു തവണ.സ്വപ്നമിങ്ങനെ- സാന്റിയാഗോ ഒരു വയലിന്റെ നടുക്കായിരുന്നു. പെട്ടെന്ന് അവിടെ ഒരു പെൺകുട്ടി വന്നു ചേർന്നു. അവൾ കുറച്ചു നേരം ആടുകളോട് കളിച്ചതിനു ശേഷം അവനെ പൊക്കിയെടുത്ത് ഈജിപ്തിലെ പിരമിഡുകൾക്കു നടുവിൽ കൊണ്ടുവച്ചു.എന്നിട്ടു പറഞ്ഞു:ഇവിടെ തിരഞ്ഞോളൂ, നിനക്കു വലിയൊരു നിധി കിട്ടും നിധിയിരിക്കുന്ന സ്ഥലം കാണിച്ചു കൊടുക്കാൻ തുടങ്ങുമ്പോഴേക്കും സാന്റിയാഗോ ഉണർന്നു പോയി,രണ്ടു തവണയും.ആ നിധിയും തേടിയുള്ള സാന്റിയാഗോയുടെ യാത്രയാണ് ആൽക്കെമിസ്റ്റ്.

യാത്രയുടെ പുസ്തകമാണ് ആൽക്കെമിസ്റ്റ്. ഈജിപ്തിലെ അജ്ഞാതമായ പിരമിഡും തേ

ടിയുള്ളയാത്ര. സലേമിലെ രാജാവാണ് താൻ എന്നു സ്വയം പരിചയപ്പെടുത്തിയ വൃദ്ധൻ പറഞ്ഞ ലക്ഷണങ്ങളെ പിന്തുടർന്ന് സാന്റിയാഗോ സാഹസികമായ സഞ്ചാരത്തിന് സ്വയം സമർപ്പിക്കുന്നു. 'ഒരാൾ ആരോ എന്തോ ആകട്ടെ, എന്തെങ്കിലുമൊന്ന് പൂർണ്ണ മനസ്സോടെ തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ,അതു നടക്കാതെ വരില്ല' എന്നും 'കാലവും പ്രായവുമൊന്നുമല്ല പ്രശ്നം. മനുഷ്യർക്കെന്തും നേടാനാകും, മനസ്സിൽ അത്രയ്ക്കും ഉൽക്കടമായ മോഹം വേണമെന്നു മാത്രം' എന്നും വൃദ്ധൻ പറഞ്ഞത് സാന്റിയാഗോവിനെ ഉന്മേഷവാനാക്കി. അയാൾ ആടുകളെ വിറ്റു പണം സമ്പാദിച്ച് യാത്ര തിരിച്ചു. അവിടെ അയാൾക്ക് തോന്നിയ പ്രണയത്തെ കൈയൊഴിഞ്ഞുള്ള യാത്ര. വഴിക്ക് പണം അപഹരിക്കപ്പെട്ടു.പിന്നെ പണം സമ്പാദിക്കാൻ വേണ്ടി ഒരു വർഷത്തോളം തൊഴിലെടുക്കേണ്ടി വന്നു. പിന്നെയും യാത്ര. അന്തമില്ലാത്ത മരുഭൂമി. യുദ്ധം. ലോഹങ്ങളെ സ്വർണ്ണമാക്കുന്ന ആൽക്കെമി തേടി വരുന്ന ഇംഗ്ലീഷുകാരനുമായുള്ള ചങ്ങാത്തം. മരുപ്പച്ച. മരുപ്പച്ചയിലെ പെൺകുട്ടിയോടുള്ള പ്രണയം. പ്രകൃതിയുമായുള്ള സംവാദം അങ്ങനെ നീളുന്ന യാത്രയിൽ പിരമിഡുകൾക്കിടയിൽ എത്തിയെങ്കിലും സാന്റിയാഗോവിന് നിധി കണ്ടെത്താൻ കഴിഞ്ഞതുമില്ല. നിധി അപഹരിക്കാൻ വന്ന പട്ടാളക്കാരൻ സ്വപ്നത്തിനു പിറകേ പാഞ്ഞു നടക്കുന്ന സാന്റിയാഗോവിനെ ആക്ഷേപിച്ചു കൊണ്ട് അയാൾ കണ്ട മറ്റൊരു സ്വപ്നത്തെക്കുറിച്ചു പറഞ്ഞു .അതാകട്ടെ സാന്റിയാഗോ എവിടെ നിന്നാണോ പുറപ്പെട്ടത്, അവിടെ ഇരിക്കുന്ന നിധിയെക്കുറിച്ചുള്ള സ്വപ്നമായിരുന്നു. സാന്റിയാഗോ ആ പഴയ പള്ളിമുറ്റത്തേക്ക് മടങ്ങിയെത്തി. അവിടെ നിന്ന സൈക്കമോർ മരത്തിന്റെ കടയ്ക്കൽ ആ നിധി കണ്ടെത്തുകയും ചെയ്യുന്നു. എന്നാൽ, അയാളുടെ യാത്ര അവസാനിക്കുന്നില്ല.മരുപ്പച്ചയിൽ കണ്ട് താൻ പ്രണയിച്ചുപോയ പെൺകുട്ടിയയും തേടി ആ യാത്ര തുടരുന്നു.

ലോഹത്തെ സ്വർണ്ണമാക്കി മാറ്റലല്ല ഒരു ആൽക്കെമിസ്റ്റ് ചെയ്യുന്നത്, തന്റെ തന്നെ അനന്തമായ ആത്മശക്തിയെ തിരിച്ചറിഞ്ഞു മുൻപോട്ടു പോകുകയാണ് അയാൾ. സ്വയം ആത്മാവിലേയ്ക്ക് ശ്രദ്ധ തിരിക്കുക.അതിനറിയാത്തതായി ഒന്നുംഇല്ല.കാരണം, ഈ പ്രപഞ്ചാത്മാവിൽ നിന്നാണ് അത് രൂപം കൊണ്ടിരിക്കുന്നത്. ഒരു നാൾ അതിൽ തന്നെ ചെന്നു ചേരുകയും ചെയ്യും. ലോഹങ്ങളെ ശുദ്ധമാക്കാൻ ഇറങ്ങിപ്പുറപ്പെട്ടയാൾ സ്വയം ശുദ്ധനായി തീരുന്നു. മനസ്സിലെ മാലിന്യങ്ങളെല്ലാം അകന്നു പോയതായി സ്വയം അനുഭവപ്പെടുന്നു. ഇങ്ങനെ സ്വയം തിരിച്ചറിയാനുള്ള വഴിയാണ് ആൽകെമിസ്റ്റ് എന്ന നോവൽ കാട്ടിത്തരുന്നത്. അടുത്ത നിമിഷത്തെ മരണത്തെയല്ല, ഈ നിമിഷത്തെ സൗന്ദര്യത്തെയാണ് ആശ്ലേഷിക്കേണ്ടത്.

ലോഹങ്ങളെ ശുദ്ധമാക്കാൻ ഇറങ്ങിപ്പുറപ്പെട്ടയാൾ സ്വയം ശുദ്ധനായി തീരുന്നു. മനസ്സിലെ മാലിന്യങ്ങളെല്ലാം അകന്നു പോയതായി സ്വയം അനുഭവപ്പെടുന്നു. ഇങ്ങനെ സ്വയം തിരിച്ചറിയാനുള്ള വഴിയാണ് ആൽകെമിസ്റ്റ് എന്ന നോവൽ കാട്ടിത്തരുന്നത്.

പൗലോ കൊയ് ലോ

ലോകപ്രസിദ്ധനായ ബ്രസീലിയൻ എഴുത്തുകാരൻ.റിയൊ ദെ ജനീറോയിൽ 1947 ലാണ് അദ്ദേഹം ജനിച്ചത്.ആൽക്കെമിസ്റ്റ് എന്ന നോവൽ അദ്ദേഹത്തെ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിച്ചു.ബൈബിൾ കഴിഞ്ഞാൽ ഇത്രയധികം ഉദ്ധരിക്കപ്പെട്ട പുസ്തകം വേറെ ഇല്ലത്രേ.നാടകകൃത്തും, സംവിധായകനും, പോപ് ഗാനരചയിതാവും, പത്രപ്രവർത്തകനും, ടെലിവിഷൻ സീരിയൽ തിരക്കഥാകൃത്തും ഒക്കെയായി പ്രവർത്തിച്ചിട്ടുണ്ട്. പട്ടാളഭരണകൂടത്തിന്റെ ജയിൽ ശിക്ഷയ്ക്ക് വിധേയനായിട്ടുണ്ട്.വിവാഹജീവിതത്തിന്റെ നോർമൽ സ്വഭാവം ഉപേക്ഷിച്ച് സഞ്ചാരിയായി. ഹിന്ദു ക്രിസ്ത്യൻ ഇസ്ലാം മതങ്ങളിലും ബുദ്ധചിന്തയിലും നിരീശ്വര ചിന്തയിലും നല്ല പരിചയം സമ്പാദിച്ചു.

കൃതികൾ:ആൽക്കെമിസ്റ്റ്,ഫിഫ്ത് മൗണ്ടൻ, സഹീർ, വെറോണിക്ക മരിക്കാൻ തീരുമാനിക്കുന്നു, ഇലവൻ മിനിറ്റ്സ്, വിജയി ഏകനാണ്, ബ്രിഡ, ചെകുത്താനും ഒരു പെൺകിടാവും, അലൈഫ്, അഡൽറ്ററി, ചാരസുന്ദരി, വെളിച്ചത്തിന്റെ പോരാളികൾ, തീർഥാടനം



ജീവിതമെന്നാൽ നമ്മൾ ജീവിക്കുന്ന ഈയൊരു നിമിഷം മാത്രമെന്ന കാണാനാകണം. പിന്നെ ജീവിതത്തിനെപ്പൊഴും ഒരു ഉൽസവഛായയായിരിക്കും. പച്ചപ്പിന്റെ വില മനുഷ്യന മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയായിരിക്കുമോ ദൈവം അറ്റം കാണാനാകാത്ത മരുഭൂമികൾ സൃഷ്ടിച്ചത് എന്ന ആശ്ചര്യം നാം ഈ നോവലിൽ അറിയുന്നു. അതൊരു തിരിച്ചറിവിന്റെ ഭാഷയാണ്. പ്രപഞ്ചത്തിന്റെ ഭാഷ മനസ്സിലാക്കുക മനുഷ്യജീവിതത്തിന്റെ ആവശ്യമാണ്. പ്രപഞ്ചം നമുക്കുവേണ്ട അറിവുകൾ പ്രതീകങ്ങളായി എവിടെയും പതിച്ചു വച്ചിട്ടുണ്ട്. അതറിയാതെ പോയാൽ ജീവിതത്തിന്റെ യഥാർഥമൂല്യം തിരിച്ചറിയാനാവുകയില്ല.ഓരോ വ്യക്തിയുടേയും ഉള്ളിൽ സ്ഥിതി ചെയ്യുന്ന അപാരമായ സാധ്യതകളെ തിരിച്ചറിഞ്ഞു അത് സാക്ഷാത്കരിക്കാനാണ് തയ്യാറാകേണ്ടത്. അല്ലെങ്കിൽ ജീവിതം അറുമുഷിപ്പനായിത്തീരും. ഇതാണ് ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജീവിതത്തിൽ സംഭവിക്കുന്ന അപകടങ്ങൾ പോലും ഒരു വഴി തുറന്നിടുകയായാണെന്ന ശുഭചിന്തയാണ് ഈ പുസ്തകം പകരുന്നത്. സ്നേഹമെന്നാൽ സ്നേഹം തന്നെ, അതിനു വേറെ കാര്യവും കാരണവുമൊന്നുമില്ല എന്ന പ്രണയിനിയുടെ ഉറപ്പുള്ള വാക്കുകൾ പ്രണയത്തിന്റെ സ്വതന്ത്രമായ തുറസിനെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ പ്രസ്താവനയാകുന്നു.

ഈ നോവൽ വായിച്ചുകഴിയുമ്പോൾ ഒരു ആൽക്കെമിക്ക് വിധേയമായ അനുഭവം ലഭിക്കാതിരിക്കുകയില്ല. ഒരു സ്വപ്നത്തിനു പിറകെ ഭ്രാന്തെടുത്തു പായാൻ തോന്നും. ദേശാടനത്തിന്റെ നവീകരണക്ഷമത ബോധ്യപ്പെടും. സങ്കുചിതതത്വങ്ങളിൽ നിന്നും ഇത്തിരിയെങ്കിലും അകന്നുപോകും.ലോകം പരസ്പരാശ്രിതത്വത്തിലാണെന്ന കാണാതിരിക്കാനാവില്ല. ഈ പരസ്പരാശ്രിതത്വത്തിന്റെ പ്രപഞ്ചയുക്തി മതാതീതമായ ഒരു ദർശനത്തിന്റേതാണ്, ബഹുസ്വരതയുടേതാണ്. (Culture makes people understand each other better. And if they understand each other better in their soul , it is easier to overcome the economic and political barriers. But first they have to understand that their neighbour is ,in the end, just like them, with the same problems, the same quest - Paulo Coelho)

സാമാന്യബോധത്തിന്റെ മരവിപ്പുകളിൽ നിന്ന് വെളിയിലിറങ്ങാനും സ്വപ്നോന്മാദത്തിന്റെ മായികതയിലേക്ക് ഒന്ന് കൂപ്പുകുത്താനും ക്ഷണിക്കുന്ന പുസ്തകമാണ് ആൽക്കെമിസ്റ്റ്. യാത്ര, സാഹസികത, വായന, പ്രണയം, യുദ്ധം, സന്ദേഹങ്ങൾ, അപരിചിതത്വങ്ങൾ, ആകസ്മികതകൾ, ലക്ഷണങ്ങൾ, ചതികൾ, ഉന്മാദം, കാത്തിരിപ്പ്, സഹനം അങ്ങനെ ജീവിതത്തിനെ ഉന്മത്തമാക്കുന്നതെല്ലാം ഒരു ലഹരി പോലെ ഈ നോവൽ പങ്കുവയ്ക്കുന്നു. ജീവിച്ചിരിക്കുന്നതിന്റെ സൗന്ദര്യത്തെയാണ് ഈ പുസ്തകം ആഘോഷിക്കുന്നത്. പൗലോ കൊയ്‌ലോ പറയുന്നു: "എല്ലാ ദിവസവും ഒരു പോലെയാണെന്ന ചിന്ത ഒരാളെ അന്ധനാക്കുന്നു. എന്നാൽ ഒരോ ദിവസവും വ്യത്യസ്തമാണ്. ഓരോ ദിവസത്തിനും അതിന്റേതായ മാന്ത്രികതയുണ്ട്. ആ അദ്ഭുതങ്ങളിലേക്ക് ഒന്നു ശ്രദ്ധിക്കണമെന്നേയുള്ളൂ."

സാമാന്യബോധത്തിന്റെ മരവിപ്പുകളിൽ നിന്ന് വെളിയിലിറങ്ങാനും സ്വപ്നോന്മാദത്തിന്റെ മായികതയിലേക്ക് ഒന്ന് കൂപ്പുകുത്താനും ക്ഷണിക്കുന്ന പുസ്തകമാണ് ആൽക്കെമിസ്റ്റ്. യാത്ര, സാഹസികത, വായന, പ്രണയം, യുദ്ധം, സന്ദേഹങ്ങൾ, അപരിചിതത്വങ്ങൾ, ആകസ്മികതകൾ, ലക്ഷണങ്ങൾ, ചതികൾ, ഉന്മാദം, കാത്തിരിപ്പ്, സഹനം അങ്ങനെ ജീവിതത്തിനെ ഉന്മത്തമാക്കുന്നതെല്ലാം ഒരു ലഹരി പോലെ ഈ നോവൽ പങ്കുവയ്ക്കുന്നു. ജീവിച്ചിരിക്കുന്നതിന്റെ സൗന്ദര്യത്തെയാണ് ഈ പുസ്തകം ആഘോഷിക്കുന്നത്.

കവിയും
അധ്യാപകനുമാണ്
പംക്തിക്കാരൻ
9446458166

ചുമതലയേറ്റു

പഞ്ചായത്ത് വകുപ്പിൽ എം.പി. അജിത് കുമാർ അഡീഷണൽ പഞ്ചായത്ത് ഡയറക്ടറായും എം.എസ്. നാരായണൻ നമ്പൂതിരി ജോയിന്റ് ഡയറക്ടറായും കെ.പി.സാബുക്കുട്ടൻ നായർ ജനന-മരണ വിഭാഗം ചീഫ് രജിസ്ട്രാറായും ചുമതലയേറ്റു.

എം.പി.അജിത് കുമാർ

എം.എസ്.നാരായണൻ നമ്പൂതിരി

കെ.പി.സാബുക്കുട്ടൻ നായർ

വാർത്തകൾ വിശേഷങ്ങൾ

വൃക്കരോഗങ്ങൾക്ക് കാരുണ്യ സഹായം മൂന്ന് ലക്ഷമായി ഉയർത്തി

വൃക്കരോഗ ചികിത്സയ്ക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നൽകുന്ന പരാമാവധി സഹായം നിലവിലുള്ള രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന ലക്ഷം രൂപയായി ഉയർത്തി സർക്കാർ ഉത്തരവായി.

(ജി.ഒ (ആർ.ടി) നം.197/17/റ്റി.ഡി, തീയതി 14-03-2017)

181 മറക്കണ്ട, സ്ത്രീകൾക്കൊപ്പം ഇനി മിത്രയും

ഏത് അടിയന്തരഘട്ടങ്ങളിലും സംസ്ഥാനത്ത് എവിടെ നിന്നും 24 മണിക്കൂറും വനിതകൾക്ക് ആശ്രയിക്കാവുന്നതാണ് വനിതാ ഹെൽപ്പ് ലൈൻ പദ്ധതി മിത്ര 181. അടിയന്തര ഘട്ടങ്ങളിലും അല്ലാതെയുള്ള സന്ദർഭങ്ങളിലും സഹായകരമായ വിവരങ്ങൾക്കും സഹായങ്ങൾക്കും മൊബൈൽ ഫോണിൽ നിന്നോ ലാന്റ് ലൈനിൽ നിന്നോ മിത്രാ കോൾ സെന്ററുമായി ബന്ധപ്പെടാം. ഒരേ സമയം 34 കോളുകൾ വരെ സ്വീകരിക്കാൻ സാധിക്കുന്ന കോൾ സെന്ററിന്റെ ആസ്ഥാനം കഴക്കൂട്ടം ടെക്നോപാർക്കിലാണ്. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ 181 വനിതാ ഹെൽപ് ലൈൻ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് മിത്ര 181 പ്രവർത്തനം ആരംഭിച്ചത്. വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ടും ഏകോപിപ്പിച്ച മാണ് മിത്ര പ്രവർത്തിക്കുക.

ചട്ടലംഘനം നടത്തി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണം : കമ്മിറ്റി രൂപീകരിച്ചു

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴ ചുമത്തി ക്രമവത്കരിക്കുന്നത് സംബന്ധിച്ച ശുപാർശ നൽകുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൺവീനറായും, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ദേവരാജൻ (കൺസൾട്ടന്റ്) ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, ഈപ്പൻ വർഗ്ഗീസ് (മുൻ ചീഫ് ടൗൺ പ്ലാനർ) എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി.

സ.ഉ(സാധാ)നം. 859/17/തസ്വഭവ, തീയതി 24-03-2017

പെർഫോമൻസ് ഓഡിറ്റ് പരിശോധന- അധികമാർഗ്ഗ നിർദ്ദേശങ്ങൾ

വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഗുണപരതയും ഉറപ്പുവരുത്തുന്നതിന് Performance Audit പേരിശോധനയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് അധികനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(G.O(M.S) ചീ. 55/2017/തസ്വഭവ തീയതി 14-03-2017)

പതിമൂന്നാം പഞ്ചവത്സരപദ്ധതി- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ജി.ഒ(എം.എസ്)നം. 72/2017/തസ്വഭവ, തീയതി 29-03-2017

തിരുവനന്തപുരം വെളിയിട വിസർജ്ജന വിമുക്ത നഗരസഭയായി പ്രഖ്യാപിച്ചു

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ആദ്യത്തെ വെളിയിട വിസർജ്ജന വിമുക്ത നഗരസഭയായി തിരുവനന്തപുരത്തെ പ്രഖ്യാപിച്ചു. വിഴിഞ്ഞം ജംഗ്ഷനിൽ നടന്ന ചടങ്ങിൽ സഹകരണ-ടൂറിസം-ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രഖ്യാപനം നടത്തി. മേയർ അഡ്വ. വി.കെ.പ്രശാന്ത് അദ്ധ്യക്ഷനായിരുന്നു. ഡെപ്യൂട്ടി മേയർ അഡ്വ. രാഖി രവികുമാർ, നഗരസഭ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.ശ്രീകുമാർ, നഗരസഭാ സെക്രട്ടറി ഡോ.നരസിംഹഗാരി ടി.എൽ.റെഡ്ഡി തുടങ്ങിയവർ സംബന്ധിച്ചു. പദ്ധതിപ്രകാരം നഗരസഭയിലെ 100 വാർഡുകളിൽ 4268 വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് ശൗചാലയം നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയത്.

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്

ഭൂതക്കണ്ണാടി

കീരിയുടെ പ്രാബല്യവും പാമ്പിന്റെ ദൗർബല്യവും

ഡോ.വട്ടവിള വിജയകുമാർ

ആജന്മശത്രുക്കളായ കീരിയും പാമ്പും പിണക്കം മറന്ന് എന്നെങ്കിലും ഇണങ്ങുമോ? പത്തിവിടർത്തി ശീൽക്കാരം ഉയർത്തി ചീറിപായേണ്ട മൂർഖൻ കീരിയുടെ മുന്നിൽ പഞ്ചപുച്ഛമടക്കി ഓച്ഛാനിച്ചുനിൽക്കുന്നത് എന്തുകൊണ്ട്? കുസൃതി ചോദ്യങ്ങളാണെങ്കിലും അന്വേഷണാത്മകമായ ഒരു ഉള്ളടക്കം അതിലുണ്ട്. പാമ്പിന് കീരിയെ കടിക്കാൻ കഴിയുമോ? കടിയേറ്റാൽ കീരി ചാവുമോ? ഉഗ്രവിഷമുള്ള പാമ്പിനെ ഭയക്കുന്ന കുട്ടികളുടെ ഇത്തരം ചോദ്യങ്ങൾക്കു പാമ്പ് കൊത്താൻ വരുമ്പോൾ കീരി കുതറി മാറുമെന്നും ഒരിക്കലും അതിന് കൊത്തേൽക്കില്ലെന്നും അദ്ധ്യാപകർ ഉത്തരം പറയുമ്പോൾ ശരിയായിരിക്കുമെന്നു കുട്ടികൾ വിശ്വസിച്ചാൽ തെറ്റുപറയാനൊക്കില്ലല്ലോ. എന്നാൽ ജന്മസിദ്ധമായി കിട്ടിയിട്ടുള്ള ശാരീരീകഘടനയിലെ ചില സവിശേഷതകളാണ് കീരിക്ക് പാമ്പിനുമേലുള്ള ആധിപത്യമെന്ന് ഗവേഷണം പറയുമ്പോൾ ജാംബവാന്റെ കാലത്ത് തുടങ്ങിയ ഇരുവരുടേയും ശത്രുത ഇനി കല്പാന്തകാലത്തോളം പോകുമെന്ന് സാരം.

ജീവലോകത്തിൽ സസ്തനികളുടെ വിഭാഗത്തിലാണ് കീരിയ്ക്കുള്ള സ്ഥാനം. ഒരു മാംസഭുക്കായ കീരിയെ മറ്റു മാംസഭുക്കുകൾ നിന്നും വേറിട്ടുകാണുന്നതിനുള്ള കാരണവും മറ്റൊന്നല്ല പാമ്പുകളുമായുള്ള സന്ധിയില്ലാസമരം തന്നെയാണ്. പാമ്പിനെ വെറുതെ ഞോണ്ടുകയും ആക്രമിക്കുകയും പിന്നെ കറുമുറാന്നു കടിച്ചുതിന്നുന്നതും വിനോദമാക്കിയ കീരിയുടെ ശാസ്ത്രനാമം ഹെർപിസ്റ്റിസ് എഡ്‌വേഡ്സി (Herptsees edwardsii) എന്നാണ്. കൈകാലുകളില്ലാത്ത ഉരഗങ്ങളാണ് പാമ്പുകൾ. ശത്രുക്കളിൽ നിന്നും ഓടിരക്ഷപ്പെടുക എന്ന നൈസർഗിക സ്വഭാവമുള്ള ഇവറ്റകൾ നിരുപദ്രവകാരികളാണ്. മാത്രമല്ല എലികളെപോലുള്ള ക്ഷുദ്രജീവികളെ കൊന്നൊടുക്കുകയും തിന്നൊടുക്കുകയും ചെയ്യുക വഴി നമുക്ക് നന്മയും ചെയ്യുന്നുണ്ട്. എന്നാൽ അത്യുഗ്രവിഷം ചീറ്റാൻ കഴിവുള്ളതുകൊണ്ട് നാമതിനെ ശത്രുപക്ഷത്താണ് നിറുത്തിയിട്ടുള്ളത്.

നിരവധി രാസവസ്തുക്കളുടെ സംയുക്തമാണ് പാമ്പിൻവിഷം. ജാതിക്കനുസരിച്ച് വിഷത്തിന്റെ നിറത്തിനും കട്ടിക്കും വ്യത്യാസമുണ്ടായിരിക്കും. ഏറ്റവും കട്ടികൂടിയ വിഷത്തിനുടമ വെള്ളകെട്ടനാണെങ്കിൽ (ശംഖുവരയൻ) കട്ടികുറഞ്ഞതിനു അവകാശി അണലിയുമാണ്. അമ്പതുകിലോഗ്രാം തൂക്കമുള്ള ഒരാളെ കൊല്ലാൻ മൂർഖന്റേതാണെങ്കിൽ 12 മില്ലിഗ്രാം വിഷം വേണ്ടിവരുമ്പോൾ (ഒറ്റക്കടിയിൽ മൂർഖൻ തുപ്പുന്ന വിഷത്തിന്റെ അളവ് 170 - 210 മില്ലിഗ്രാമാണ്). ശംഖുവരയന്റേതാണെങ്കിൽ 6 മില്ലിഗ്രാം മതി (ഒറ്റക്കടിയിൽ ശംഖുവരയൻ തുപ്പുന്നത് 20-25 മില്ലിഗ്രാം). അണലിക്ക് ഒരാളെ കൊല്ലണമെങ്കിൽ 15 മില്ലിഗ്രാം വിഷം വേണം (ഒറ്റക്കടിയിൽ അണലി തുപ്പുന്നത് 170- 200 മില്ലിഗ്രാം).

എന്നാൽ ചുരട്ട അണലി ഒറ്റക്കടിയിൽ തുപ്പുന്ന വിഷത്തിന്റെ അളവ് കുറവായതുകൊണ്ട് (5 മില്ലിഗ്രാം) പുള്ളി കടിച്ചു മരിച്ചതായുള്ള വാർത്തയും കമ്മിയാണ്. മാത്രമല്ല അളമുട്ടിയാലേ മൂപ്പര് കടിക്കുകയുമുള്ളൂ.

ഇനി സയൻസിലേക്ക് വരാം. സാധാരണയായി ശാരീരികാവയവങ്ങളേയും തല

> വെയ്സ്മാൻ ഇൻസ്റ്റിട്യൂട്ടിലെ (ഇസ്രായേൽ) ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരാണ് തെറ്റായി വിശ്വസിച്ചിരുന്ന ഒന്നിനെ മാറ്റി ശാസ്ത്ര സത്യത്തെ വെളിച്ചത്തുകൊണ്ടുവന്നത്. ചുരുക്കിപ്പറഞ്ഞാൽ പേശികളിൽ വച്ച് തന്നെ നിഷ്ഫലമാകുന്ന പാമ്പിൻ വിഷത്തിന് കീരിയുടെ ശരീരത്തിൽ ഒരു പോറലുപോലും ഏൽപ്പിക്കാൻ കഴിയുന്നില്ല. മാത്രമല്ല പാമ്പിന്റെ കടിയേറ്റാലോ കീരിക്കുണ്ടാകുന്നത് വെറുമൊരു സൂചിക്കുത്ത് കൊണ്ടാലത്ര നൊമ്പരവും. കീരിയും പാമ്പും പിണക്കം മറന്ന് എന്നെങ്കിലും ഇണങ്ങുമോയെന്ന് ഇനി നിങ്ങൾ പറയൂ.

ച്ചോറിനെയും ബന്ധിപ്പിക്കാനുള്ള നീളം നാഡീകോശങ്ങൾക്കില്ല. ഒരുപാട് നാഡീകോശങ്ങൾ പരസ്പരം ബന്ധിപ്പിക്കപ്പെട്ടുകവഴിയാണ് അത് സാധ്യമാകുന്നത്. രണ്ടു നാഡീകോശങ്ങൾ ചേരുന്നിടത്തൊരു വിടവുണ്ട്. ആ വിടവിനെ ഇല്ലാതാക്കി നാഡീകോശങ്ങളെ ബന്ധിപ്പിക്കുന്നത് അസറ്റൈൽ കോളിൻ എന്ന രാസപദാർത്ഥമാണ്. ഈ രാസപദാർത്ഥത്തിന്റെ പ്രവർത്തനം തടസ്സപ്പെട്ടാൽ നാഡീകോശങ്ങൾക്കിടയിലെ വിടവ് നിലനിൽക്കുകയും തലച്ചോറും അവയവങ്ങളും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടുകയും ചെയ്യും. പാമ്പ് കടിയിലൂടെ ശരീരത്തിലെത്തുന്ന വിഷം അസറ്റൈൽ കോളിനെ പൊതിയുക വഴി തലച്ചോറും അവയവങ്ങളും തമ്മിലുള്ള ബന്ധം നഷ്ടപ്പെടുന്നു. ഫ്യൂസ് ഊരുമ്പോൾ വൈദ്യുതബന്ധം വിച്ഛേദിക്കുമ്പോലെ. മൂർഖനും ശംഖുവരയനും കടിക്കുമ്പോൾ മയക്കം, അബോധാവസ്ഥ, സ്തംഭനം മുതലായ ലക്ഷണങ്ങൾ കടിയേറ്റവർ കാണിക്കുന്നതും പിന്നീടവർ മരണത്തിന് കീഴ്പ്പെട്ടുന്നതും അതുകൊണ്ടാണ്.

അങ്ങനെയെങ്കിൽ കീരിയെന്തുകൊണ്ട് ചാവുന്നില്ല. പാമ്പിന്റെ കൊത്തേൽക്കാത്തതുകൊണ്ടാണോ അത്? ഇവിടെയാണ് ഗവേഷണം വിശദീകരണവുമായെത്തുന്നത്.

അതായത് കീരിയും പാമ്പും തമ്മിലുള്ള യുദ്ധത്തിൽ കീരിക്ക് പാമ്പിന്റെ കടിയേൽക്കുന്നുമുണ്ട്. വിഷവും കേറുന്നുണ്ട്. എന്നാൽ പാമ്പിൻ വിഷത്തിന് മുമ്പ് സൂചിപ്പിച്ച അസെറ്റൈൽ കോളിനെന്ന രാസപദാർത്ഥത്തെ പൊതിയാനോ നിർവീര്യമാക്കാനോ കഴിയുന്നില്ല. പ്രസ്തുത രാസപദാർത്ഥത്തെ ഉണ്ടാക്കിയിരിക്കുന്ന അമിനോ അമ്ലങ്ങളിലെ അനുക്രമത്തിലുള്ള (sequence) പൊരുത്തക്കേടാണ് അതിന്റെ അടിസ്ഥാനകാരണം. അതായത് പ്രസ്തുത രാസപദാർ ത്ഥത്തിന്റെ ഘടന മനുഷ്യന്റേതിൽ നിന്നും വ്യത്യാസമത്രേ. വെയ്സ്മാൻ ഇൻസ്റ്റിട്യൂട്ടിലെ (ഇസ്രായേൽ) ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരാണ് തെറ്റായി വിശ്വസിച്ചിരുന്ന ഒന്നിനെ മാറ്റി ശാസ്ത്ര സത്യത്തെ വെളിച്ചത്തുകൊണ്ടുവന്നത്. ചുരുക്കിപ്പറഞ്ഞാൽ പേശികളിൽ വച്ച് തന്നെ നിഷ്ഫലമാകുന്ന പാമ്പിൻ വിഷത്തിന് കീരിയുടെ ശരീരത്തിൽ ഒരു പോറലുപോലും ഏൽപ്പിക്കാൻ കഴിയുന്നില്ല. മാത്രമല്ല പാമ്പിന്റെ കടിയേറ്റാലോ കീരിക്കുണ്ടാകുന്നത് വെറുമൊരു സൂചിക്കുത്ത് കൊണ്ടാലത്ര നൊമ്പരവും.

കീരിയും പാമ്പും പിണക്കം മറന്ന് എന്നെങ്കിലും ഇണങ്ങുമോയെന്ന് ഇനി നിങ്ങൾ പറയൂ.

പംക്തികാരൻ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിൽ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്
ഫോൺ: 9447342497

ചില വിഷുചിന്തകൾ

ഡോ. ഗിരിജാദേവി. ജി

'വിഷു' എന്ന പദത്തിന് 'തുല്യാവസ്ഥയോടു കൂടിയത്' എന്നാണർത്ഥം. അതായത് രാത്രിയും പകലും തുല്യമായിവരുന്ന രണ്ടു ദിനങ്ങൾ ഒരു വർഷത്തിലുണ്ടാവാറുണ്ട്. കേരളത്തിന്റെ കാർഷികവൃത്തിക്കു തുടക്കം കുറിക്കുന്ന അവസരമായതിനാലാവാം വിഷുവിനിത്ര പ്രാധാന്യം വന്നത്. വെന്തുരുകിയ മണ്ണിൽ കീടങ്ങളും കളകളും പോയി വേനൽമഴ പെയ്തിറങ്ങുന്നതോടെ വിതയ്ക്കാൻ മണ്ണൊരുങ്ങും. മേടം ഒന്നു മുതൽ പത്താമുദയം വരെ കൃഷിപ്പണികൾ തുടങ്ങാൻ നല്ല കാലമാണ്.

മലയാളികളുടെ ജീവിതത്തോടും സംസ്കാരത്തോടും സാഹിത്യത്തോടും ബന്ധപ്പെട്ടുകിടക്കുന്ന ആഘോഷങ്ങളാണ് ഓണവും വിഷുവും. നമ്മുടെ ഉത്സവങ്ങളെല്ലാം കാർഷികസംസ്കാരവുമായി ബന്ധമുളളവയാണ്. വിളവെടുപ്പിന്റെ സമൃദ്ധിയിൽ അറയും നിറയും നിറഞ്ഞു തുളുമ്പുന്നതിന്റെ ഉല്ലാസവേളയാണ് ഓണമെങ്കിൽ വിളവിറക്കാനുള്ള തയ്യാറെടുപ്പിന്റെ ഉത്സവമാണ് വിഷു. പുതുമഴ പെയ്യുമ്പോൾ പുതുവർഷം പിറക്കുന്നു എന്നതാണ് കേരളകർഷകന്റെ വിശ്വാസപ്രമാണം. കൊടുംവേനലേറ്റ് തപിച്ചു കിടക്കുന്ന ഭൂമി പുതുമഴയേറ്റ് പുളകിതയാവുമ്പോൾ കിളച്ചും ഉഴുതുമറിച്ചും കൃഷിയിറക്കാൻ കർഷകൻ പാടത്തേക്കിറങ്ങുന്നു. മണ്ണിൽ പൊന്നുവിളയിക്കാൻ ശുഭം വിഷുദിനമാണെന്നും പൂർവ്വികർ കരുതിയിരുന്നു.

''വിത്തും കൈക്കോട്ടും
ചക്കയ്ക്കുപ്പുണ്ടോ'' എന്ന കിളിമൊഴിതന്നെ കാർഷികസംസ്കാരത്തിൽ നിന്നുടലെടുത്തതാണ്.

വിഷുവിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ കുലശേഖര രാജാവായിരുന്ന ഭാസ്കരരവിവർമ്മയുടെ കാലം മുതലാണ് വിഷു ആഘോഷമായി കൊണ്ടാടാൻ തുടങ്ങിയതെന്നാണ് വിശ്വാസം. അദ്ദേഹത്തിന്റെ തൃക്കൊടിത്താനം ശാസനത്തിൽ ചിത്തിരൈ വിഷുവിനെക്കുറിച്ച് സൂചനയുണ്ട്. ഇതിൽ നിന്ന് കൊല്ലവർഷാരംഭത്തിന് മുമ്പ് തന്നെ വിഷു ആഘോഷിച്ചിരുന്നു എന്ന് മനസ്സിലാക്കാം. ''മലബാർ മാന്വ''ലിൽ ലോഗനും വിഷുവിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഗണിതശാസ്ത്രപരമായി വിഷു നവവത്സര ദിനമാണ്. സൂര്യൻ ഭൂമിയ്ക്കഭിമുഖമായി ഭൂമധ്യരേഖയ്ക്കു മുകളിൽ വന്നെത്തുന്ന ദിവസമാണ്. അതോടെ അന്തരീക്ഷത്തിലെ ആർദ്രതയും ചൂടും വർദ്ധിക്കുന്നു. ഇത് തിരിച്ചറിഞ്ഞാണ് വിഷുക്കാലത്ത് കൊന്ന നിറയെ പൂക്കുന്നത്. ജ്യോതിശാസ്ത്ര പ്രകാരം വിഷുസംക്രമം എന്നാൽ രാശിമാറ്റം എന്നർത്ഥം. മീനം രാശിയിൽ നിന്ന് മേടം രാശിയിലേക്ക് പ്രവേശിക്കുന്ന വേളയാണിത്.

'വിഷു' എന്ന പദത്തിന് 'തുല്യാവസ്ഥയോടു കൂടിയത്' എന്നാണർത്ഥം. അതായത് രാത്രിയും പകലും തുല്യമായിവരുന്ന രണ്ടു ദിനങ്ങൾ ഒരു വർഷത്തിലുണ്ടാവാറുണ്ട്. തുലാവിഷുവും മേടവിഷുവും. മേടവിഷുവിനാണ് മലയാളികൾ പ്രാധാന്യം കൊടുക്കുന്നത്. കേരളത്തിന്റെ കാർഷികവൃത്തിക്കു തുടക്കം കുറിക്കുന്ന അവസരമായതിനാലാവാം വിഷുവിനിത്ര പ്രാധാന്യം വന്നത്. വെന്തുരുകിയ മണ്ണിൽ കീടങ്ങളും കളകളും പോയി വേനൽമഴ പെയ്തിറങ്ങുന്നതോടെ വിതയ്ക്കാൻ മണ്ണൊരുങ്ങും. മേടം ഒന്നു മുതൽ പത്താമുദയം വരെ കൃഷിപ്പണികൾ തുടങ്ങാൻ നല്ല കാലമാണ്.

കേരളത്തിൽ മാത്രമല്ല, ഭാരതത്തിന്റെ

വിവിധ ഭാഗങ്ങളിൽ ഈ ദിനം പുതുവർഷമായി ആഘോഷിക്കുന്നു. ഭാരതത്തിൽ മുമ്പ് നിലവിലിരുന്ന പഞ്ചാംഗ പ്രകാരമുള്ള വർഷാരംഭമാണ് വിഷു. പഞ്ചാബുകാർ ബൈശോഖോത്സവമായി ഈ ദിവസം ആഘോഷിക്കുന്നു. വസന്തോത്സവമാണിത്. ആസ്സാംകാർക്ക് ഗോരി ബിഹുവാണിത്. ബിഹു കർഷകരുടെ ആഘോഷമാണ്. വൈശാഖ മാസത്തിലെ ബൈഹാഗ് ആണ് അവർക്ക് ബിഹു. അന്നേ ദിവസം കാർഷികോത്സവത്തിന് പുറമേ നവവത്സരദിനവും വസന്തോത്സവവും ആയി അവർ ആഘോഷിക്കുന്നു. ബീഹാറിലെ ആഘോഷത്തിന് ബൈഹാഗ് എന്ന് പറയും. ബംഗാളികൾക്കിത് നബബർഷയാണ്. ആന്ധ്രാ, തമിഴ്നാട് എന്നിവിടങ്ങളിൽ ഇത് ചിത്തിരൈ മാസാരംഭമാണ്. കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും യുഗാദി എന്ന ആഘോഷം കൊണ്ടാടുന്നു. യുഗ+ആദിയാണ് യുഗാദി. അതായത് ആണ്ടുപിറപ്പ്. ഒഡിഷക്കാർ മേടം ഒന്ന് 'മേശസംക്രാന്തി' എന്ന പേരിൽ പുതുവത്സരമാഘോ ഷിക്കുന്നു. ഉത്തരേന്ത്യയിൽ പ്രത്യേകിച്ച് പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് ഉടങ്ങിയ സംസ്ഥാനങ്ങളിൽ ഇക്കാലത്ത് ആചരിക്കുന്ന വിളവെടുപ്പുത്സവമാണ് ബൈശാവി. കേരളത്തിലെ വിഷുവിന് സമാനമായ ആഘോഷങ്ങൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നുണ്ടെന്ന് ഇതിൽ നിന്നെല്ലാം മനസ്സിലാക്കാം. എല്ലായിടത്തും ഇത് പുതുവർഷാരംഭമാണ്. അതുകൊണ്ട് ആട്ടവും പാട്ടും ആഹ്ലാദതിമിർപ്പും ഘോഷയാത്രയും ഇതിന്റെ ഭാഗമായി നടത്തുന്നു.

വിഷു ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും ദിനമാണ്. പ്രകൃതി പുഷ്പഫലാഭരണങ്ങൾ ചാർത്തി അണിഞ്ഞൊരുങ്ങി നിൽക്കുന്നു. അതിമഹത്തായ ഒരു കാർഷിക സംസ്കൃതിയുടെ പൈതൃകം നമുക്കുണ്ടായിരുന്നു എന്നു കൂടി വിഷു നമ്മെ ഓർമ്മിപ്പിക്കുന്നു. ആ പൈതൃകത്തിൽ നിന്നകന്നു പോയ മലയാളി ഇന്ന് വിഷുക്കണി ഒരുക്കുന്നതിനുള്ള വിഭവങ്ങൾ മറുനാട്ടിൽ നിന്ന് സ്വീകരിക്കേണ്ടിവരുന്നു. സ്വന്തം അധ്വാനത്താൽ വിളയിച്ചെടുത്തതും വീടിനു ചുറ്റുപാടും നിന്നു ലഭിക്കുന്നതുമായ വിഭവങ്ങൾ കൊണ്ടാണ് മുമ്പ് വിഷുക്കണി ഒരുക്കിയിരുന്നത്. ഇന്നോ?

വിഷുവുമായി ബന്ധപ്പെടുത്തി പ്രയോഗിക്കുന്ന വാക്കുകളാണ് വിഷുക്കണി, വിഷുച്ചാൽ, വിഷുക്കഞ്ഞി, വിഷുക്കൊന്ന, വിഷുപ്പക്ഷി. അരിമാവുകൊണ്ട് അലങ്കരിച്ച പണിയായുധങ്ങളുമായി ഗൃഹനാഥൻ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെല്ലാം കൃഷിയിടത്തിലിറങ്ങി ചെറുചാലുകൾ കീറി ചാണകവും പച്ചിലവളവുമിട്ട് കൃഷിപ്പണിക്ക് ഉടക്കം കുറിക്കുന്ന ചടങ്ങാണ് വിഷുച്ചാൽകീറൽ. വിഷുക്കാലമായാൽ 'വിത്തും കൈക്കോട്ടും വെക്കംകൈയേന്ത്' എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് വിരുന്നെത്തുന്ന പക്ഷിയാണ് വിഷുപക്ഷി. വിഷുവുമായി ബന്ധപ്പെട്ട ചൊല്ലുകളാണ് വിഷുച്ചൊല്ലുകൾ

'വിഷുകഴിഞ്ഞാൽ പിന്നെ വേനലില്ല'

'വിഷു കണ്ടരാവിലെ വിത്തിറക്കണം' എന്നിവ ചിലത് മാത്രം

പ്രകൃതിയുടെ ഉത്സവവും ആഘോഷവുമായ വിഷു പ്രകൃതിയിലേക്കുള്ള തിരിഞ്ഞു നോട്ടത്തിന് നമ്മെ പ്രേരിപ്പിക്കുന്നു. ഓരോ വീട്ടിലും കൃഷിയെ മടക്കിക്കൊണ്ടുവരാനുള്ള നല്ല മുഹൂർത്തമായി ഈ വിഷുവിനെ നമുക്ക വരവേൽക്കാം. കാർഷികസംസ്കാരത്തിലേക്ക് തിരിച്ചുപോകു എന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ് ഓരോ വിഷുദിനവും.

വിഷു ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും ദിനമാണ്. പ്രകൃതി പുഷ്പഫലാഭരണങ്ങൾ ചാർത്തി അണിഞ്ഞൊരുങ്ങി നിൽക്കുന്നു. അതിമഹത്തായ ഒരു കാർഷിക സംസ്കൃതിയുടെ പൈതൃകം നമുക്കുണ്ടായിരുന്നു എന്നു കൂടി വിഷു നമ്മെ ഓർമ്മിപ്പിക്കുന്നു. ആ പൈതൃകത്തിൽ നിന്നകന്നു പോയ മലയാളി ഇന്ന് വിഷുക്കണി ഒരുക്കുന്നതിനുള്ള വിഭവങ്ങൾ മറുനാട്ടിൽ നിന്ന് സ്വീകരിക്കേണ്ടി വരുന്നു.

(ലേഖിക കൊട്ടിയം എം.എം.എൻ.എസ്. എസ്. കോളേജ് പ്രിൻസിപ്പലാണ്)

കൊന്നമരം പൂത്തുലഞ്ഞതാണോ..

മുരളീധരൻ തഴക്കര

കൊന്ന പൂക്കുന്ന മേടമാസക്കാലം വിത്തും കൈക്കോട്ടുമായി കൃഷിക്കാരൻ പാടത്തേക്കിറങ്ങുന്ന കാലമാണ്. മണ്ണിൽ പൊന്നുവിളയിക്കുന്നതിന്റെ തുടക്കമാണത്. ശിവരാത്രി കഴിയുന്നതോടെ വിഷുവും പത്താമുദയവും കണക്കാക്കി കൃഷിക്കായുള്ള മുന്നൊരുക്കങ്ങൾ ആരംഭിക്കും. ഈ സമയത്ത് ഒന്നു രണ്ട് ഇടമഴ പെയ്യും. വേനൽ ചൂടേറ്റ് കിടക്കുന്ന മണ്ണിൽ ഇടമഴപെയ്ത് മണ്ണടരുകളിലേക്ക് വെള്ളമിറങ്ങുമ്പോൾ മണ്ണിന് ഉന്മാദമായ ഒരു മണമാണ്.

മേടമാസമെത്തുമ്പോൾ ഋതുപകർച്ചയുടെയും ഞാറ്റുവേല പകർച്ചയുടെയും സർഗ്ഗസിദ്ധികൾ സ്വാംശീകരിച്ച് മേലാസകലം പൊന്നരഞ്ഞാണം ചാർത്തി പൂത്തുലഞ്ഞു നിൽക്കുന്ന 'കണിക്കൊന്ന' വിഷുവിന്റെ വരവറിയിക്കുന്ന അടയാളക്കുറിപ്പാണ്. സുഗന്ധവാഹിയോ, പൂജാപുഷ്പമോ അല്ലെങ്കിലും കൊന്നപ്പൂ മലയാളിക്ക് പ്രിയങ്കരമാണ്. കേരളം കണികണ്ടുണരുന്ന കർണ്ണികാരമാണ്. മലയാളക്കരയുടെ പെണ്ണും, മലനാടിന്റെ പൊന്നായ കൊന്നയും ഉള്ളുപൊള്ളുന്ന വേദനയുടെ തീക്ഷണതയിലും പുഞ്ചിരിക്കുന്നവളാണെന്നാണ് കവിഭാവന. വേനൽവറുതിയുടെ ഉച്ചസ്ഥായിലാണല്ലോ കൊന്ന പൂക്കുന്നത്. 'മേ ഫ്ളവർ' എന്ന് വിളിക്കുന്ന വാകയും, കൊന്നയും മാത്രമാണ് ചുട്ടുപൊള്ളുന്ന വേനലിൽ സമൃദ്ധമായി പൂക്കുന്നത്.

'മേടവിഷുവിനടുത്തൊരുങ്ങിയ
കർണ്ണികാര മനോഹരീ
നിൻ കാതിലോലയാരാണ്
സമ്മാനിച്ചതെന്ന്' - സുവർണ്ണമോഹിനിയായ കണിക്കൊന്നയെക്കുറിച്ചുള്ള വർണ്ണന എത്രയോ അർത്ഥപൂർണ്ണമാണ്.

'വർണ്ണ പ്രകർഷേ സതി കർണ്ണികാരം
ദുനോതി നിർഗ്ഗന്ധതയാസ്മ ചേത
പ്രായേണ സമഗ്രവിധനഗുണാനാം
പരാങ്മുഖീ വിശ്വസൃജ പ്രവൃത്തിഃ '

കാളിദാസൻ തന്റെ കൃതികളിലുടനീളം പൂക്കളുടെ ലാവണ്യത്തെ വർണ്ണിച്ചിട്ടുണ്ട്. കുമാരസംഭവം മൂന്നാം അദ്ധ്യായത്തിൽ ഇരുപത്തിയെട്ടാം ശ്ലോകത്തിൽ കാമദേവന്റെ ചങ്ങാതിയായ വസന്തം ശിവനെ തപസ്സിൽ നിന്നുണർത്താൻ വന്നപ്പോഴുണ്ടായ വനഭംഗിയെ വർണ്ണിച്ച വരികളാണ് മേൽസൂചിപ്പിച്ചത്. ഇവിടെ കവിയുടെ ഭാവനയിലും കൊന്നപ്പൂവിന്റെ മുഗ്ധലാവണ്യം നിറഞ്ഞുനിൽക്കുന്നു.

ഇവിടെ കർണ്ണികാരം അഥവാ കൊന്നപ്പൂവിനെ വർണ്ണിക്കുമ്പോൾ അതിന് സുഗന്ധം കൂടിയുണ്ടായിരുന്നെങ്കിൽ പൂക്കളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ പുഷ്പം കൊന്നപ്പൂവാകുമായിരുന്നു എന്നാണ് കാളിദാസചിന്ത. പക്ഷെ, കവി തന്നെ അതിന്റെ മറുവശവും താത്വികമായി സൂചിപ്പിക്കുന്നുണ്ട്. ഏതൊന്നിനെയും സൃഷ്ടിക്കുമ്പോൾ ഒരു ചെറിയ അപാകം അഥവാ ന്യൂനതയോടെ സൃഷ്ടി നടത്തുക എന്നത് സ്വാഭാവികം എന്നാണ് കവി സ്വയം സമാധാനിക്കുന്നത്. ഏതൊരു സൃഷ്ടിയുടെ കാര്യത്തിലും എല്ലാം തികഞ്ഞ് സമ്പൂർണ്ണമായതൊന്നുമില്ലെന്ന പ്രപഞ്ചസത്യത്തേയാണ് കവി ഇവിടെ വെളിവാക്കുന്നത്.

വടക്കൻപാട്ടിലെ അതീവസുന്ദരിയായ മാതുവിനെക്കണ്ട-കണ്ടർമേനോൻ ആത്മഗതത്തിലും കൊന്നപ്പൂ ഉപമാനമായി കടന്നുവരുന്നു.

ഈ വക പെണ്ണുങ്ങൾ ഭൂമിയിലുണ്ടോ
മാനത്തീന്നെങ്ങാനം പൊട്ടിവീണോ

ഭൂമീന്ന് തനിയെ മുളച്ചുവന്നോ
എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ
കുന്നത്ത് കൊന്നയും പൂത്തപോലെ..

കുന്നത്ത് കൊന്ന പൂത്തുലഞ്ഞു നിൽക്കുന്നപോലെയുള്ള സ്വർണ്ണവർണ്ണ നിറമാണ് മാതുവിനെന്നാണ് വടക്കൻപാട്ടിൽ വർണ്ണിച്ചിരിക്കുന്നത്.

ഋതുക്കൾ ദിശാസൂചകങ്ങളാണ് അവ സസ്യജാലകങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ മനുഷ്യന് പണ്ടേ തന്നെ പാഠങ്ങളാണ്. അവയിൽ നിന്ന് ഉൾക്കൊണ്ട അറിവുകളാണ് മനുഷ്യനെ ജീവിക്കാൻ പ്രാപ്തനാക്കിയത്. സസ്യലതാദികൾ പൂവണിയുമ്പോഴും ഇല കൊഴിയുമ്പോഴും തളിരണിയുമ്പോഴുമെല്ലാം ഓരോ ജീവിതസന്ദർഭങ്ങളിലേക്ക് നാം പ്രവേശിക്കയാണ്. 'കൊന്നപ്പൂ പൂക്കുമ്പോളുറങ്ങിയാൽ മരുത് പൂക്കുമ്പോൾ പട്ടിണി' എന്ന പഴമൊഴിയെയും ഈ പശ്ചാത്തലത്തിൽ വേണം വിശകലനം ചെയ്യാൻ.

കൊന്ന പൂക്കുന്ന മേടമാസക്കാലം വിത്തും കൈക്കോട്ടുമായി കൃഷിക്കാരൻ പാടത്തേക്കിറങ്ങുന്ന കാലമാണ്. മണ്ണിൽ പൊന്നു വിളയിക്കുന്നതിന്റെ തുടക്കമാണത്. ശിവരാത്രി കഴിയുന്നതോടെ വിഷുവും പത്താമുദയവും കണക്കാക്കി കൃഷിക്കായുള്ള മുന്നൊരുക്കങ്ങൾ ആരംഭിക്കും. ഈ സമയത്ത് ഒന്നു രണ്ട് ഇടമഴ പെയ്യും. വേനൽ ചൂടേറ്റ് കിടക്കുന്ന മണ്ണിൽ ഇടമഴപെയ്ത് മണ്ണടരുകളിലേക്ക് വെള്ളമിറങ്ങുമ്പോൾ മണ്ണിന് ഉന്മാദമായ ഒരു മണമാണ്. ഭൂമിയുടെ നെടുവീർപ്പു പോലെ സുഗന്ധവാഹിയായ നീരാവി മണ്ണിൽനിന്നുയരുന്നത് കാണാം. കാർഷികവൃത്തിയിൽ ബഹുമുഖത ഏറ്റവും സജീവമാകുന്ന കാലം. അന്നുറങ്ങിപ്പോയാൽ അഥവാ അലസമായിരുന്നാൽ പിന്നാലെവരുന്ന ക്ഷാമകാലത്ത് പട്ടിണികിടക്കേണ്ടിവരും. കൊന്ന പൂവിടുന്നത് മേടമാസത്തിലാണെങ്കിൽ മരുത് പൂക്കുന്നത് മിഥുനം-കർക്കിട മാസങ്ങളിലാണ്. രണ്ടുതരം മരങ്ങളെ നിരീക്ഷിച്ചുകൊണ്ടാണ് പഴമക്കാർ മഹത്തായ ഈ പഴമൊഴി രൂപപ്പെടുത്തിയത്. 'കൊന്ന' എന്ന സമൃദ്ധിയുടെ പ്രതീകത്തെ 'മരുത്' എന്ന

ഇവിടെ കർണ്ണികാരം അഥവാ കൊന്നപ്പൂവിനെ വർണ്ണിക്കുമ്പോൾ അതിന് സുഗന്ധം കൂടിയുണ്ടായിരുന്നെങ്കിൽ പൂക്കളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ പുഷ്പം കൊന്നപ്പൂവാകുമായിരുന്നു എന്നാണ് കാളിദാസചിന്ത.

മരുഭൂമി

വിജു കൊന്നമൂട്

ജലരഹിതമാം നിർനിദ്രമിഴികൾ
പകൽമയക്കത്തിലെ പേക്കിനാവുകൾ
മകൾ വളരാത്തതാണേറെ വിഷാദം
മഴനീരേല്ക്കാതെ മുരടിച്ചു പോകയോ
അവൾ വളരണം പെരുമരം പോലെ
തായ്‌വേരാഴത്തിൽ ആർദ്രത തേടണം
അവൾ വളരണം അശ്വത്ഥമാവണം
തണലാവണം എന്നെ ചുറ്റിവരിയണം
മഴ തിമിർക്കണം പേമാരി പെയ്യണം
ഇടിമുഴക്കവും മിന്നൽവെളിച്ചവും
അവളിലെ ഭയപ്പാടെട്ടുത്തേ മറയണം
വയൽ ജനിക്കണം തോടുകൾ നിറയണം
അവയ്ക്കിടയിലെ ചെളിവരമ്പിലൂടെ
നടന്നു പഠിയ്ക്കണം തെന്നിവീഴാതവൾ
ഇത് കടയറ്റ പ്രതീക്ഷ
മനമുരുകുന്നൊരച്ഛന്റെയാഗ്രഹം
കനലിനേക്കാൾ തീക്ഷണമീയുഷ്ണത്തിൽ
അവൾ തളിരില കരിയാതെ നോക്കണം

അവൾ തളിർക്കേണ്ട പൂക്കേണ്ടതില്ലിവിടെ
ഒരു കള്ളിമുൾച്ചെടിയായി മാറട്ടെ

9895376314

മറ്റൊരു മരവുമായി താരതമ്യം ചെയ്യുകയാണ്.

സമയനിഷ്ഠയുടെയും കാലബോധത്തിന്റെയും കാര്യത്തിൽ ശ്രദ്ധേയസ്ഥാനമാണ് മേടമാസത്തിൽ പൂവിടുന്ന കണിക്കൊന്നയ്ക്ക്. മേടവിഷുവിന്റെ വരവ് വിളിച്ചറിയിച്ചുകൊണ്ട് കൃത്യമായി പൂവിടുന്ന കൊന്ന ഇപ്പോഴിതാ കാലം തെറ്റി പൂത്തുനിൽക്കുന്നത് നാം കാണുന്നു. കാലാവസ്ഥയിലുണ്ടായ മാറ്റം തന്നെയാണ് കൊന്ന കാലംതെറ്റി പൂക്കുന്നതിനും കാരണം.

'കണിക്കൊന്നയല്ലേ, വിഷുക്കാലമല്ലേ
പൂക്കാതിരിക്കാൻ എനിക്കാവതില്ലേ' -

എന്ന വരികളിലൂടെ കവി അയ്യപ്പപണിക്കർ വിഷുവുമായി ചേർന്ന കൊന്നയുടെ കാലബോധത്തെയാണ് വരച്ചിടുന്നത്. ഓരോ കാലത്തിനുമുണ്ട് ഈ വിധം ചില പൂക്കൾ. വർഷത്തിൽ മാത്രം വിരിയുന്നവയും വസന്തത്തിൽ വിരിയുന്നവയും വേനലിൽ പൂചൂടുന്നവയും ശരത്കാലവിസ്മയമാകുന്നവയും പ്രകൃതിയുടെ സൂക്ഷ്മശ്രുതികൾ ആലേഖനം ചെയ്ത സൗന്ദര്യമായി പൂവുകൾ എന്നും നമ്മോടൊപ്പമുണ്ട്. അവ ഇല്ലാതായാൽ നഷ്ടമാകുന്നത് ജീവിതത്തിന്റെ ഒരംശമാണ്, നമ്മുടെ ഗ്രാമവിശുദ്ധിയുടെ പൂവിതളാണ്.

'ഒരു ദു:ഖത്തിൻ വെയിലാറുമെൻ
മനസ്സിലിന്നൊരു പൂവിരിയുന്നു
പേരിടാനറിയില്ല' എന്നു പാടിയത് ഒ. എൻ.വി യാണ്. വെയിലാറുമ്പോൾ വിടരുന്ന പൂവിന്റെ പേര് തിരഞ്ഞ് നാം ചെല്ലുമ്പോൾ വീട്ടുമുറ്റത്ത് കിണറ്റിനരികിൽ ഒരു പാവം ചെടി നിൽക്കുന്നു. പ്രഭാതത്തിൽ ഇതൾ വിടർത്താൻ മറന്നുപോയ ഒരു ചെടി. പള്ളിക്കൂടം വിട്ട് കുട്ടികൾ ഓടിവരുമ്പോൾ തലയുയർത്തി പുഷ്പകിരീടം വച്ച് നിൽക്കുന്നു. അവൾ - നാലുമണിപ്പൂവ്. ആത്മാവിലെവിടെയോ സമയനിഷ്ഠയുടെ ഓർമ്മ സമ്മാനിച്ച്..... അത്തരം പൂക്കൾ പലതുണ്ട് നമുക്ക്.

ഓടിവന്ന് ഓടിമറഞ്ഞു പോകുന്ന നഗരസുന്ദരിയെപ്പോലെയാണ് 'വിഷു' എങ്കിലും അത് ഉർവ്വരതയുടെ പകർന്നാട്ടമാണ്. - എന്തും പലമടങ്ങായി പൊലിപ്പിച്ചുതരുന്ന അമ്മയായ മണ്ണിന്റെ ഉദാരതയുടെ ആഘോഷമാണ്. മഞ്ഞക്കോടിയുടുത്ത് പൂത്തുലഞ്ഞു നിൽക്കുന്ന 'കണിക്കൊന്ന' ഉർവ്വരതയുടെ ആഘോഷത്തിലേക്കുള്ള പടിപ്പുരയാണ്.

(ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്. ഫോൺ - 9447220197)

പദ്ധതിയിൽ സെഞ്ച്വറി നേടിയവർ

മാർച്ച് 31 കഴിഞ്ഞു. ആഹ്ലാദാരവം ചില ഗ്രാമപഞ്ചായത്തുകളിലും ചില ബ്ലോക്ക് പഞ്ചായത്തുകളിലും ചില മുനിസിപ്പാലിറ്റികളിലും ഉയരുന്നതു കേൾക്കുക. അതേ... പദ്ധതിച്ചെലവിൽ നൂറിന്റെ കടമ്പ തകർത്തതിന്റെ ആഘോഷശബ്ദം. എല്ലാം തദ്ദേശജനതയ്ക്കുവേണ്ടിയാകുമ്പോൾ ധന്യതയ്ക്ക് മാറ്റുകൂട്ടും. ഇവരെ പരിചയപ്പെടാം.... പഠിയ്ക്കാം.......

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പറയുന്നു.

സി.എസ്.പീതാംബരൻ
പ്രസിഡന്റ് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഭൂവിസ്തൃതിയിൽ കേരളത്തിലെ ഏറ്റവും ചെറിയ ബ്ലോക്ക് പഞ്ചായത്തുകളിലൊന്നാണ്. അതുകൊണ്ടുതന്നെ ഉല്പാദന മേഖലയിൽ കാര്യമായ മുന്നേറ്റം നടത്തുന്നതിന് സ്ഥലലഭ്യത വളരെ കുറവാണെന്ന സ്ഥിതി വിശേഷമുണ്ട്. കഴിഞ്ഞ 4 വർഷമായി തുടർച്ചയായി വികസനപുനരുദ്ധാരണ ഫണ്ടിന്റെ 100 % വും ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ 4 ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പ മുഖാന്തിരം വഞ്ചി, എഞ്ചിൻ, വല എന്നിവ വാങ്ങുന്നതിനായി 8 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചു.

നിലവിലുള്ള ഐ.എ.വൈ വീടുകളുടെ തുകകൾ മുഴുവൻ കൊടുത്തുതീർത്തു. എല്ലാ പട്ടികജാതിക്കാരായ ഐ.എ.വൈ ഗുണഭോക്താക്കളുടെയും ആനുപാതികതുക കൊടുത്തുതീർക്കുവാനും കഴിഞ്ഞിട്ടുണ്ട്.

പുനരുദ്ധാരണ ഫണ്ട് 100% വും ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു.

മാറാടി ഗ്രാമപഞ്ചായത്ത് മുന്നിലാണ്

ലത ശിവൻ
പ്രസിഡന്റ് മാറാടി ഗ്രാമപഞ്ചായത്ത്

2016-17 ലെ പദ്ധതിനിർവ്വഹണത്തിൽ 100% എന്ന സ്വപ്നതുല്യമായ നേട്ടം കൈവരിച്ചു. ഒരു കോടി മുപ്പത്തൊന്നു ലക്ഷം രൂപ

100% പദ്ധതികളും നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾ

1) നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ്
2) ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
3) പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം

100% പദ്ധതികളും നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകൾ

1) വാളകം ഗ്രാമപഞ്ചായത്ത്, എറണാകുളം
2) ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
3) അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
4) മുത്തോലി ഗ്രാമപഞ്ചായത്ത്, കോട്ടയം
5) മുളംതുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം
6) മാറാടി ഗ്രാമപഞ്ചായത്ത്, എറണാകുളം
7) പാപ്പിനിശ്ശേരി ഗ്രാമം, കണ്ണൂർ

100% പദ്ധതികളും നടപ്പിലാക്കിയ മുനിസിപ്പാലിറ്റി

1) കൂത്താട്ടുകുളം മുനിസിപ്പാലിറ്റി, എറണാകുളം

യായിരുന്ന ചെലവഴിക്കാനുണ്ടായിരുന്നത്. ഡെപ്പോസിറ്റ് വർക്കകൾ (ഗടഋആ, ണമലേ ൃമൗവേീൃശ്യേ) ആദ്യം തന്നെയും ട.ട.അ, ക.അ.ഥ തുടങ്ങിയ പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള തുക ഡെപ്പോസിറ്റ് വർക്കുകൾക്കൊപ്പം തന്നെയും ചെലവഴിച്ചത് ആദ്യം മുതൽ തന്നെ മികച്ച രീതിയിൽ വരുവാനായി ഗ്രാമ പഞ്ചായത്തിനെ സഹായിച്ചു.

പദ്ധതിവിഹിതത്തിൽ 50% ഉം വ്യക്തിഗത ആനുകൂല്യത്തിനായി നീക്കിവച്ചാണ് പദ്ധതികൾ ചരിത്രത്തിലാദ്യമായി 100% ഉം പൂർത്തീകരിച്ചത്. ഉന്നതവിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം, ലാപ്പ്ടോപ്പ്, പഠനോപകരണം, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ തുടങ്ങി കുടിവെള്ളം ശേഖരിക്കുന്നതിനായുള്ള വാട്ടർടാങ്ക് എന്നിവയുടെയെല്ലാം വിതരണം ഗ്രാമപഞ്ചായത്തിൽ ഉത്സവപ്രതീതിയോടെയാണ് കൊണ്ടാടിയത്.

തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തുതന്നെ ആദ്യമായി ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ സംയുക്തമായ വിഹിതം വച്ചുകൊണ്ട് പഞ്ചായത്തിലാകെ ഒരു കോടി 20 ലക്ഷം രൂപയുടെ വർക്കുകളാണ് പൂർത്തിയാക്കിയത്.

അരൂക്കുറ്റി അരങ്ങ് തകർത്തു

ആബിദ അസീസ്
പ്രസിഡന്റ് അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്ത് മൂന്ന് വശവും വേമ്പനാട് കായലിനോട് ചുറ്റപ്പെട്ട കൊച്ചി ഉപഗ്രഹനഗരത്തോട് ചേർന്നുകിടക്കുന്ന അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് ഇക്കുറിയും എല്ലാ പദ്ധതികളും നൂറു ശതമാനം പൂർത്തീകരിച്ച് മുന്നിലായി. 195,64,723/- രൂപ നൂറ് ശതമാനവും ചെലവഴിച്ചു. ആസ്തിസംരക്ഷണത്തിനായും, റോഡ് മെയിന്റനൻസ് അനുവദിച്ച് തന്ന 41,66,892/- രൂപയും പൂർണ്ണമായി ചെലവഴിച്ചു. ഈ പഞ്ചായത്ത് സമ്പൂർണ്ണ മുട്ട ഗ്രാമം കൂടിയാണ്. ജൈവമാലിന്യ സംസ്കരണം ഫലപ്രദമാക്കി. നാളികേര കർഷകർക്ക് ജൈവവളങ്ങൾ നൽകിയും ഇടവിളയായി കിഴങ്ങുവർഗ്ഗ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതുമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി. മത്സ്യത്തൊഴിലാളി സഹകരണ സംഘം വഴി മത്സ്യം വിറ്റഴിച്ച മത്സ്യത്തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട് നൽകി. പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി പഠനമുറി, കുടിവെള്ള പദ്ധതി, സൈക്കിൾ, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യുവജനങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ടൂവീലർ സബ്സിഡി തുടങ്ങിയവ പദ്ധതികളിൽ ചിലതാണ്.

വിജയക്കുതിപ്പിൽ വാളകം

ലീല ബാബു
പ്രസിഡന്റ് വാളകം ഗ്രാമപഞ്ചായത്ത്

2017 മാർച്ച് 22-ാം തീയതി തന്നെ 100% പദ്ധതിവിഹിതം സംസ്ഥാനത്തുതന്നെ ആദ്യമായി വിനിയോഗിച്ചതിന്റെ പ്രഖ്യാപനം പഞ്ചായത്ത് നടത്തുകയുണ്ടായി. 164 പ്രോജക്റ്റുകളിലായി 3,89,13,533/- രൂപ അടങ്കൽ വരുന്ന പദ്ധതിയാണ് പഞ്ചായത്ത് പൂർത്തീകരിച്ചത്. ഉത്പാദന മേഖലയിൽ 11 ഉം സേവന മേഖലയിൽ 46 ഉം പശ്ചാത്തല മേഖലയിൽ 94 ഉം പട്ടികജാതി വികസന മേഖലയിൽ 10 ഉം പട്ടികവർഗ്ഗ വികസന മേഖലയിൽ 3 ഉം ഉൾപ്പെടെ 164 പ്രോജക്ടുകളാണ് പൂർത്തീ കരിച്ചത്.

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

സ്ഥല പരിമിതി മൂലം ഗുരുവായൂർ സത്യാഗ്രഹം ഈ ലക്കത്തിൽ ചേർക്കാൻ കഴിഞ്ഞില്ല.
അടുത്ത ലക്കത്തിൽ തുടരുന്നതാണ്

ഹായ് എന്തു രുചി!

രണ്ട് നാടൻ വിഭവങ്ങൾ

വിജയകുമാരി.ആർ.എസ്
പ്രസിഡന്റ്, മുദാക്കൽ ഗ്രാമപഞ്ചായത്ത്

പഞ്ചായത്തിലെ വർദ്ധിച്ച ഉത്തരവാദിത്തങ്ങളും തിരക്കുപിടിച്ച ജനസേവനപ്രവർത്തനങ്ങളുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ മുന്നോട്ടുപോകുമ്പോഴും വീണുകിട്ടുന്ന അല്പസമയം അടുക്കളയിൽ കയറി പുതിയ പരീക്ഷണങ്ങൾ നടത്തി സ്വാദുള്ള രുചിക്കൂട്ടായി അതു മാറുമ്പോൾ അതിയായ സന്തോഷവും ഒരുപാട് ആശ്വാസവുമാണ്. ജനപ്രതിനിധിയായി 2011 മുതൽ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഞാൻ ഒഴിവുസമയത്ത് പാചകത്തിലൂടെ സന്തോഷം കണ്ടെത്തുന്നു.

ഒരു വീട്ടമ്മയുടെ സന്തോഷം തയ്യാറാക്കിയ ഭക്ഷണം തന്റെ പ്രിയപ്പെട്ടവർ തൃപ്തിയോടെ കഴിക്കുമ്പോഴാണ്. ഞാൻ എന്റെ പ്രിയമുള്ളവർക്കായി തയ്യാറാക്കിയ പുതിയ രുചിക്കൂട്ടുകൾ നിങ്ങൾക്കും ഏറെ ഇഷ്ടമാകും എന്ന് പ്രതീക്ഷിക്കുന്നു.

ചീരദോശ

ചേരുവകൾ

ഉഴുന്ന് - 1 ഗ്ലാസ്
പച്ചരി - 2 ഗ്ലാസ്
പുഴുക്കലരി- 1 ഗ്ലാസ്
ചീര - 300 ഗ്രാം ചെറുതായി അരിഞ്ഞത്
നെയ്യ് - 2 ടീസ്പൂൺ
ഉലുവ - 20 ഗ്രാം
ചെറിയഉള്ളി - 10 എണ്ണം
പച്ചമുളക് - 5 എണ്ണം
നല്ലെണ്ണ - ആവശ്യത്തിന്
ഉപ്പ് - ആവശ്യത്തിന്
ഇഞ്ചി - ഒരു കഷണം

തയ്യാറാക്കുന്ന വിധം

പച്ചരി, പുഴുക്കലരി, ഉഴുന്ന് എന്നിവ ഉലുവയും ഇഞ്ചിയും ചേർത്ത് 5 മണിക്കൂർ മുമ്പ് ആട്ടി വയ്ക്കുക. അതിലേക്ക് ആവശ്യത്തിന് ഉപ്പ് ചേർത്ത് ഇളക്കിവയ്ക്കുക. ഉള്ളി, പച്ചമുളക്, ചീര എന്നിവ ചെറുതായി അരിഞ്ഞ് നെയ്യിൽ വാട്ടി എടുക്കുക. ഇത് ആട്ടിവച്ചിരിക്കുന്ന മാവിൽ ചേർത്ത് നന്നായി കലക്കി ദോശമാവു തയ്യാറാക്കുക. ദോശകല്ല് ചൂടാകുമ്പാൾ നല്ലെണ്ണ പുരട്ടി ആവശ്യത്തിന് മാവ് ഒഴിച്ച് ദോശ ചുട്ടെടുക്കുക.

ചക്ക ഉണ്ണിയപ്പം

ചക്കച്ചുള - 25 എണ്ണം
പച്ചരി - 500 ഗ്രാം
ഏലയ്ക്കാപ്പൊടി - 2 ടീസ്പൂൺ
ചുക്കുപൊടി - 1/2 ടീസ്പൂൺ
ശർക്കരപ്പാനി - 500 ഗ്രാം ശർക്കരയുടേത്
ഉണക്കതേങ്ങ നുറുക്കിയത് - 1 മുറി
വെളിച്ചെണ്ണ - ആവശ്യത്തിന്
നെയ്യ് - 2 ടീസ്പൂൺ

തയ്യാറാക്കുന്ന വിധം

പച്ചരി കുതിർത്ത് പൊടിച്ച് വയ്ക്കുക. ചക്കച്ചുള ചെറുതായി അരിഞ്ഞ് മിക്സിയിൽ അരയ്ക്കുക. ഇതിലേക്ക് ശർക്കരപാനിയും അരിപ്പൊടിയും ചേർത്ത് ഒന്നുകൂടി അരയ്ക്കുക. ഈ മാവിലേക്ക് ഉണക്കതേങ്ങ നെയ്യിൽ വറുത്തത്, ഏലയ്ക്കാപ്പൊടി, ചുക്കുപൊടി എന്നിവചേർത്ത് പാകത്തിന് കലക്കിവയ്ക്കുക. ഉണ്ണിയപ്പക്കാരയിൽ എണ്ണയൊഴിച്ച് തിളയ്ക്കുമ്പോൾ മാവ് കോരിയൊഴിച്ച് ഉണ്ണിയപ്പം ചുട്ടെടുക്കുക.

...എന്റെ വായനക്കാർ

കെട്ടിലും മട്ടിലും പഞ്ചായത്ത്‌രാജ് മാസികയ്ക്ക് ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ തുടർന്ന് ഉന്നതിയിലേക്ക് എത്തിച്ചേരുമെന്ന പ്രത്യാശയോടെ ആശംസകൾ നേരുന്നു.

ഗിരീഷ് ശങ്കർ, ചവറ

ഉന്നതിയിലേക്കുള്ള മാറ്റങ്ങൾ

പഞ്ചായത്ത്‌രാജ് മാസികയുടെ 2017 മാർച്ച് ലക്കം ഉള്ളടക്കത്തിലും രൂപഭംഗിയിലും മികവ് പുലർത്തി. പഞ്ചായത്ത് ദിനാഘോഷത്തിന്റെ 2 ദിനങ്ങളെ പൂർണ്ണമായും വായനക്കാരിലെത്തിക്കുന്നതിനുള്ള തീവ്രപരിശ്രമവും, സെമിനാറുകളെയും പ്രഭാഷണങ്ങളേയും ഗുണപരമായ ചർച്ചയ്ക്ക് വിധേയമാകുന്നതരത്തിൽ അവതരിപ്പിച്ചതും അഭിനന്ദനാർഹമാണ്. വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ അനുകരണീയമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് കേരളത്തിനാകെ പ്രചോദകമാകട്ടെ എന്ന് ആശംസിക്കുന്നു.

വ്യത്യസ്ത പംക്തികൾ വേണം

പഞ്ചായത്ത്‌രാജ് മാസികയുടെ ഫെബ്രുവരി ലക്കം വ്യത്യസ്തത പുലർത്തി. കവർസ്റ്റോറിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദിന്റെയും ഡോ.കെ.എൻ.ഹാരിലാലിന്റെയും ലേഖനങ്ങൾ കാര്യങ്ങൾ ആഴത്തിൽ ഗ്രഹിക്കുന്നതിന് സഹായകമായി. കവർചിത്രവും മനോഹരമായി. വ്യത്യസ്തമായ പംക്തികൾ കൂടി ഉൾപ്പെടുത്തി മാസിക കൂടുതൽ ജീവസുറ്റതാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജോഷി, കുഞ്ചിത്തണ്ണി

കണ്ണും കാതും

വീ.സീ.അഭിലാഷ്





പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYAT RAJ (Monthly) April 2017
Annual Subscription ₹120, Published on 20 April 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licenced to post without prepayment No. KL/TV(N) WPP-85/2015-17



ഫോർ ദി പീപ്പിൾ

പരാതിപ്പെടാം... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P. Bala Kiran IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P. Bala Kiran IAS